Vol. 14 / Issue 11
NOVEMBER 2023

# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)



# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 14 നവംബർ - 2023 ലക്കം 11**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ................................................................ | 5 |
| ഇടയലേഖനം.............................................................. | 9 |
| രൂപതാകച്ചേരി വാർത്തകൾ ..................................... | 17 |
| *പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്* ................................ | 18 |
| മതബോധനരംഗം ..................................................... | 21 |
| ചെറുപുഷ്പ മിഷൻലീഗ് ............................................ | 25 |
| *Department of Youth Ministry* ...................................... | 32 |
| കെ.സി.വൈ.എം ....................................................... | 34 |
| കുടുംബപ്രേഷിതത്വം ................................................. | 39 |
| സീയോൻ വാർത്തകൾ ............................................... | 47 |
| കെ.സി.ബി.സി മദ്യവിരുദ്ധ സമിതി............................... | 49 |
| സാമൂഹ്യ സേവനരംഗം (WSSS).................................. | 52 |
| *ജീവസ് & കെ. എൽ. എം*............................................ | 56 |
| ബയോവിൻ അഗ്രോ റിസർച്ച്........................................ | 59 |
| *റേഡിയോ മാറ്റൊലി* .................................................. | 62 |
| *നീലഗിരി ഡവലപ്മെന്റ്സൊസൈറ്റി*........................... | 65 |
| *Mary Matha Arts & Science College* ........................... | 70 |
| *കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി* ............................ | 73 |
| ബിഷപ്സ് പ്രോഗ്രാം.................................................... | 81 |

# സർക്കുലർ

***Prot No. 28250/2023***

***Circular No. 9/2023***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരങ്ങളേ,

ഡിപ്പാർട്ട്മെന്റ് ഓഫ് ജീവസ് (ജോബ് എൻറിച്ച്മെന്റ് ഫോർ വർക്കേഴ്സ് വെൽഫെയർ ആൻഡ് സോഷ്യൽ സെക്യൂരിറ്റി) & കെ. എൽ. എം. (കേരള ലേബർ മൂവ്മെന്റ്) എന്ന പേരിൽ ഒരു പുതിയ സേവനവിഭാഗം നമ്മുടെ രൂപതയിൽ അടുത്ത കാലത്ത് ആരംഭിച്ചതിനെപ്പറ്റി നിങ്ങൾ കേട്ടിരിക്കുമല്ലോ. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ക്ഷേമനിധികൾ, പെൻഷൻ തുടങ്ങിയ നിയമപരമായ സംരക്ഷണമൊന്നും ലഭിയ്ക്കാത്ത അസംഘടിത തൊഴിലാളികൾക്കായിട്ടാണ് ഈ ഡിപ്പാർട്ട്മെന്റ് ആരംഭിച്ചിട്ടുള്ളത്. ഇത്തരം ഒരു ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കണമെന്നത് രണ്ട് വർഷം മുമ്പ് നടത്തിയ എപ്പാർക്കിയൽ അസംബ്ലിയിൽ ഉയർന്ന് വന്ന ഒരു നിർദ്ദേശമായിരുന്നു. അതിനൊരു സാഹചര്യമുണ്ടായിരുന്നു.

കേരള സർക്കാർ നിയമിച്ച ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷനെപ്പറ്റി നിങ്ങൾക്കറിയം എന്ന് കരുതുന്നു. കേരളത്തിലെ ക്രൈസ്തവ സമുദായത്തിന്റെ പിന്നോക്കാവസ്ഥ പഠിച്ച് പരിഹാരനിർദ്ദേശങ്ങൾ നല്കുന്നതിനായി കേരളസർക്കാർ നിയമിച്ച കമ്മീഷനായിരുന്നു അത്. ജസ്റ്റീസ് ജെ. ബി. കോശി എന്നയാളായിരുന്നു അതിന്റെ ചെയർമാൻ. അതിനാൽ ആ കമ്മീഷൻ ജെ. ബി. കോശി കമ്മീഷൻ എന്നറിയപ്പെടുന്നു. ഈ കമ്മീഷന് കൊടുക്കാനായി നമ്മുടെ രൂപതയുടെ റിപ്പോർട്ട് തയ്യാറാക്കാനും രൂപതയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ചും തുടർന്നും നടത്തേണ്ട പ്രവർത്തനങ്ങൾക്ക് ദിശാബോധം നല്കുന്നതിനുമായി നമ്മൾ ഒരു സമുദായ സർവേ നടത്തിയിരുന്നു. പ്രസ്തുത സർവ്വേയിലെ ഒരു പ്രധാന കണ്ടെത്തലായിരുന്നു നമ്മുടെ രൂപതയിൽ തൊഴിൽ ചെയ്യുന്നവരിൽ 85% പേരും അസംഘടിത മേഖലയിലാണന്നത്.

സർക്കാരിന്റെ തൊഴിൽ നിയമങ്ങളുടെ യാതൊരുവിധ സംരക്ഷണവും ലഭിക്കാത്തവരെയാണ് പൊതുവെ അസംഘടിത തൊഴിലാളികൾ എന്ന് വിളിക്കുന്നത്. ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് പ്രയോജനപ്പെടുത്താവുന്ന ഒട്ടേറെ പദ്ധതികൾ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. നിർഭാഗ്യവശാൽ നമ്മുടെ രൂപതയിലെ 85% പേരും ഇതൊന്നും പ്രയോജനപ്പെടുത്തിയിട്ടില്ലന്നും സർവേയിലൂടെ കണ്ടെത്തുകയുണ്ടായി.

ഈശോ അഞ്ച് അപ്പവും രണ്ട് മീനും ജനക്കൂട്ടത്തിനായി വർദ്ധിപ്പിച്ച അത്ഭുതം വിവരിക്കുമ്പോൾ വി. മർക്കോസ് ഇങ്ങനെ രേഖപ്പെടുത്തുന്നു. 'അവൻ കരക്കിറങ്ങിയപ്പോൾ വലിയ ഒരു ജനക്കൂട്ടത്തെ കണ്ടു. അവന് അവരോട് അനുകമ്പ തോന്നി. കാരണം അവർ ഇടയൻ ഇല്ലാത്ത ആട്ടിൻപറ്റം പോലെ ആയിരുന്നു.' ആശ്രയിക്കാനും കൂടെ നിർത്താനും ആരുമില്ലാത്തവരായിരുന്ന ആ ജനക്കൂട്ടത്തെ പോലെയാണ് യാതൊരു സാമൂഹ്യസുരക്ഷയുമില്ലാത്ത മുമ്പ് സൂചിപ്പിച്ച വലിയ വിഭാഗം തൊഴിലാളികൾ. തൊഴിലാളികൾ എന്നു പറയുമ്പോൾ അവരിൽ നാമമാത്രമായ സ്വന്തം ഭൂമിയിൽ അധ്വാനിച്ച് ജീവിതം മുമ്പോട്ട് കൊണ്ടുപോകാൻ പരിശ്രമിക്കുന്ന ചെറുകിട കർഷകർ, വഴിയോരകച്ചവടക്കാർ, തുടങ്ങിയവരെല്ലാം ഉൾപ്പെടുന്നുണ്ട് എന്ന വസ്തുത നാം മനസ്സിലാക്കണം. നമ്മുടെ രൂപതയിൽ ഏറിയ പങ്കും ഇത്തരക്കാരാണല്ലോ അതുകൊണ്ടാണ് എപ്പാർക്കിയൽ അസംബ്ലി ഈ മേഖലയിൽ പ്രവർത്തിക്കാൻ പ്രത്യേക ഡിപ്പാർട്ട്മെന്റ് തുടങ്ങണമെന്ന നിർദ്ദേശം മുമ്പോട്ടുവച്ചത്. ഈ നിർദേശത്തിന്റെ വെളിച്ചത്തിലാണ് ജീവസ് & കെ.എൽ.എം ഡിപ്പാർട്ട്മെന്റ് ആരംഭിച്ചിട്ടുള്ളത്. സർക്കാരിന്റെ സാമൂഹ്യസുരക്ഷാ പദ്ധതികളെക്കുറിച്ച് അറിവ് നല്കി അവ പ്രയോജനപ്പെടുത്താനുള്ള സാഹചര്യം ഒരുക്കി സഹായിക്കുകയാണ് നമ്മൾ ഇതിലൂടെ ലക്ഷ്യം വെയ്ക്കുന്നത്.

"എല്ലാവർക്കും പെൻഷൻ, എല്ലാവർക്കും ഇൻഷൂറൻസ്"എന്ന ആശയം മുൻനിർത്തിയാണ് ഈ ഡിപ്പാർട്ട്മെന്റ് ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. കേരളസർക്കാരിന്റെ ഒരു ക്ഷേമനിധിയിലും കേന്ദ്രസർക്കാരിന്റെ പി. എം. ജെ. ജെ. ബി. വൈ. (പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന), പോസ്റ്റൽ

ആക്സിഡന്റ് ഗാർഡ് പോളിസി (Postal Accident Guard Policy) എന്നീ ഇൻഷൂറൻസ് പദ്ധതികളിലും എല്ലാവരേയും അംഗങ്ങളാക്കുന്നതിനുള്ള ക്യാമ്പുകൾ ഇടവകകളിൽ ക്രമീകരിച്ചു നടത്തി വരുന്നു. ഇതിലൂടെ നമ്മുടെ രൂപതയിലെ മുഴുവൻ കുടുംബങ്ങളേയും സാമൂഹ്യസുരക്ഷാ പദ്ധതികളിൽ ചേർത്ത് എല്ലാ ഇടവകകളേയും സമ്പൂർണ്ണ സുരക്ഷിത ഇടവകകൾ ആയി മാറാൻ സാഹചര്യമൊരുക്കുകയാണ് ഈ ഡിപ്പാർട്ട്മെന്റ് ചെയ്യുന്നത്.

എല്ലാ ഇടവകയിലും ക്യാമ്പ് സംഘടിപ്പിക്കാൻ ബഹുമാനപ്പെട്ട വികാരി അച്ചൻമാർ താല്പര്യമെടുക്കുകയും സന്യസ്തർ സഹായിക്കുകയും കഴിവുള്ള അത്മായ നേതാക്കളുടെ സഹകരണം ഉറപ്പ് വരുത്തുകയും ചെയ്യുകയാണെങ്കിൽ കാര്യങ്ങൾ വളരെ എളുപ്പമാകും. അതിനായി ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകയ്യെടുക്കുമല്ലോ. ഓരോ ഇടവകയിലും. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിവുള്ള ഒരു വ്യക്തിയെ ഇടവകയിൽ നിന്ന് കണ്ടെത്തി പാരീഷ് കോ-ഓർഡിനേറ്ററായി ഈ വരുന്ന നവംബർ 30 നുള്ളിൽ നിയമിക്കുകയും ആ വ്യക്തിയുടെ പേരും വിലാസവും മൊബൈൽ നമ്പറും ഈമെയിൽ ഉണ്ടെങ്കിൽ അതും ഡിപ്പാർട്ട്മെന്റിന്റെ ഡയറക്ടർ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പാലംപറമ്പിൽ സാറിനെ അറിയിക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. (Mobile: 8848458203). കോ-ഓർഡിനേറ്റർമാർക്ക് ആവശ്യമായ പരിശീലനവും പദ്ധതിയുടെ വിശദവിവരങ്ങളും ജീവസ് & കെ. എൽ.എം. നല്കുന്നതാണ്. എല്ലാവർക്കും മുൻകൂട്ടി നന്ദിപറയുന്നു.

കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഇടവകകളിൽ പദ്ധതികൾ ഏറ്റെടുത്ത് നടത്തേണ്ടത് കടുംബകൂട്ടായ്മ ഭാരവാഹികളാണ്. തങ്ങളുടെ യൂണിറ്റിൽ എല്ലാ കുടുംബങ്ങൾക്കും പെൻഷനും ഇൻഷൂറൻസ് പരിരക്ഷയും ഉണ്ടോ എന്നന്വേഷിക്കുകയും ഇല്ലങ്കിൽ ചേരുന്നതിന് അവരെ പ്രേരിപ്പിക്കുകയും ചെയ്യണം. കുടുംബകൂട്ടായ്മകൾ ശക്തമാക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ച് അറിവ് തരുന്നതിനുമായി കുടുംബ കൂട്ടായ്മകളും കൂട്ടായ്മകളുടെ ലീഡർമാർക്കും പ്രത്യേക പരിശീലനം നല്കുന്നതാണ്.

എത്രയൊക്കെ സാഹചര്യം ഒരുക്കിയാലും അത് പ്രയോജനപ്പെടുത്താൻ വ്യക്തികൾ തയ്യാറായില്ലങ്കിൽ അതുകൊണ്ട് ഒരു

പ്രയോജനവും ഉണ്ടാകില്ല എന്നത് വ്യക്തമാണ്. വിളക്കുകളിൽ എണ്ണ കരുതിയ വിവേകവതികളായ കന്യകകളെപ്പോല ജീവിതത്തിൽ കരുതൽ എടുക്കുന്നവരാകണം നാമെല്ലാം. സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ കാര്യത്തിലും ഇത് പ്രസക്തമാണ്. ക്ഷേമ പദ്ധതികളിൽ ചേരാൻ എല്ലാവരും ശ്രദ്ധിക്കണം. ജീവസ് & കെ. എൽ. എം. പ്രവർത്തനങ്ങളിൽ എല്ലാവരും പങ്കാളികളാകുകയും മറ്റുള്ളവരെ കൂടി ഇതിലേക്ക് കൊണ്ടുവരാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ. കാരണം ചികിത്സാചെലവുകൾ ഏറെ വർദ്ധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ആർക്കും ആരെയും ഒരു പരിധിയിൽ കൂടുതൽ സഹായിക്കാൻ കഴിയില്ല.

നമ്മുടെയെല്ലാം ജീവിതത്തിൽ സാമ്പത്തിക പ്രതിസന്ധികൾ ഉണ്ടാകുന്നത് സാധാരണമാണ്. എന്നാൽ അവയെ അതിജീവിക്കാനുള്ള മുൻകരുതൽ എടുക്കാൻ നമുക്ക് കഴിയണം. അങ്ങനെ കഴിയുന്നത്ര സുരക്ഷിതമാക്കാം. കർത്താവിന്റെ കൃപ നിങ്ങളോട് കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

N.B. ഈ ഇടയലേഖനം 2023 നവംബർ മാസം 12 ന് ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കുകയും ഇടവകകൾ, സമർപ്പിത സമൂഹങ്ങൾ, സംഘടനകൾ തുടങ്ങിയവയുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലേക്ക് ഫോർവേഡ് ചെയ്യുകയും ചെയ്യേണ്ടതാണ്.



# ഇടയലേഖനം

***Prot. No. 28251/ 2023***
***Pastoral Letter No. 2/ 2023***

മാനന്തവാടി രൂപതയുടെ മെത്രാൻ ബിഷപ്പ് ജോസ് പൊരുന്നേടം സഹായമെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവനോട് ചേർന്ന് തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശന്മാർക്കും സമർപ്പിതർക്കും അത്മായ നേതാക്കൾക്കും തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ സഹോദരങ്ങൾക്കും പ്രിയപ്പെട്ട കുട്ടികൾക്കും എഴുതുന്നത്:

നിങ്ങൾക്കെല്ലാവർക്കും നമ്മുടെ കർത്താവിൽ ആശീർവാദവും സമാധാനവും

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ, ഡിസംബർ ഒന്നാം തീയതി മുതൽ നാം ഇരുപത്തഞ്ച് നോമ്പിലേക്ക് പ്രവേശിക്കുക യാണല്ലോ. അതോടൊപ്പം 2023 നോട് വിടപറഞ്ഞ് പുതിയൊരു വർഷത്തെ വരവേൽക്കാൻ ഒരുങ്ങുകയും ചെയ്യുന്നു. രണ്ടും പുതിയ തുടക്കമാണ്. ഒന്നാമത്തേത് ആത്മീയ തലത്തിലും രണ്ടാമ ത്തേത് ഭൗതിക തലത്തിലും.

വലിയ നോമ്പ് അഥവാ അമ്പത് നോമ്പാണ് സഭയിൽ ആദ്യ മായി ആചരിക്കാൻ തുടങ്ങിയത്. കാരണം ഉത്ഥിതനായ ഈശോ യാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം. പിന്നീട് ഏറെ കഴിഞ്ഞിട്ടാണ് ക്രിസ്തുമസ്സ് അഥവാ ഈശോമിശിഹായുടെ ജനനം ആചരിക്കപ്പെടാൻ തുടങ്ങിയത്. കാരണം ഈശോയുടെ ശിഷ്യരെ സംബന്ധിച്ചിടത്തോളം അവിടുത്തെ ഉത്ഥാനമായിരുന്നു പ്രധാനപ്പെട്ടത്. ഉത്ഥാനദിവസമായ ഞായറാഴ്ചകളിലെ വിശുദ്ധ സമ്മേളനങ്ങൾ അവർ പ്രധാനപ്പെട്ടതായി കരുതി (ഹെബ്രാ.10:25). അതിലുപരി റോമാ സാമ്രാജ്യത്തിൽ ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നത് നിയമവിരുദ്ധമായിരുന്ന ആദ്യത്തെ മൂന്ന് നാല്

നൂറ്റാണ്ടുകളിൽ ക്രിസ്തുമസ്സ് പോലെയുള്ള ആഘോഷങ്ങൾ അചിന്തനീയമായിരുന്നു.

ഇരുപത്തഞ്ച് നോമ്പ് രക്ഷകനെ സ്വീകരിക്കാനുള്ള, അതായത് ക്രിസ്തുമസ്സിനുള്ള ഒരുക്കത്തിന്റെ കാലമാണ്. ആ രക്ഷകൻ മനുഷ്യനായി അവതരിച്ച ദൈവമാണ്. മനുഷ്യരെ സ്വീകരിക്കാൻ നാം എന്തു മാത്രം ഒരുങ്ങാറുണ്ട്! അങ്ങനെയെങ്കിൽ ദൈവത്തെ സ്വീകരിക്കാൻ അതിലും എത്രയോ കൂടുതൽ ഒരുങ്ങണം! ദൈവത്തെ സ്വീകരിക്കാൻ നാം എല്ലാത്തരത്തിലും, പ്രത്യേകിച്ച്, ആന്തരികമായി ഒരുങ്ങണം, കുമ്പസാരത്തിലൂടെ നമ്മെത്തന്നെ വിശുദ്ധീകരിച്ച് വി. കുർബാന സ്വീകരിക്കാൻ ഒരുങ്ങുന്നതുപോലെ തന്നെയാണത്. ദൈവത്തിന്റെ വചനങ്ങൾ നിരന്തരം വായിച്ച്, അവയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നമ്മുടെ ചിന്തകളെയും മനോഭാവങ്ങളെയും എല്ലാം ആ വചനങ്ങളിൽ പറഞ്ഞിരിക്കുന്നത നുസരിച്ച് മാറ്റിക്കൊണ്ടാണ് അത് സാധിക്കേണ്ടത്. മനസ്സിന്റെ അഥവാ മനോഭാവത്തിന്റെ നവീകരണം വഴി നമ്മൾ രൂപാന്തരപ്പെ ടണം എന്നാണ് തിരുവചനം നമ്മെ ഉദ്ബോധിപ്പിക്കുന്നത് (റോമ 12:2). അങ്ങനെ രൂപാന്തരപ്പെട്ട വ്യക്തികളുടെ ഹൃദയത്തിലേ രക്ഷ കൻ പിറക്കുകയുള്ളു. കാരണം പശ്ചാത്താപത്തിന് വിധേയപ്പെ ടാത്ത തിന്മനിറഞ്ഞ മനസ്സിൽ പരമപരിശുദ്ധി തന്നെയായ ദൈവ ത്തിന് വസിക്കാൻ സാധ്യമല്ല.

ദൈവത്തെ സമീപിക്കുന്നതിന് മുമ്പ് സ്വയം ശുദ്ധീകരിക്കണം എന്നത് പഴയ നിയമത്തിൽ ദൈവം ആവർത്തിച്ച് ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. പുരോഹിതന്മാർ ബലിയർപ്പണത്തിന് മുമ്പ് അക്കാര്യം ഉറപ്പ് വരുത്തണമായിരുന്നു (പുറ. 28:41; 29:44; ലേവ്യർ 8:30; 21:8; 2 ദിന. 5:11). ഇത് ജനത്തിനും ബാധകമായിരുന്നു. കാരണം അവർ പുരോഹിത ജനമാണ് (ഏശ. 61: 6; 1 പത്രോ. 2: 5-9; വെളി. 1:6; 5:10; 20:6). നമ്മൾ ദൈവത്തിന്റെ പുരോഹിത ജനമാണ്. അതായത് മറ്റു ജനതകളുടെ പാപമോചനത്തിനായി ദൈവസമക്ഷം ബലികളും കാഴ്ചകളും അർപ്പിക്കാനും (ഹെബ്രാ. 5:1) അവർക്ക് വേണ്ടി പ്രാർത്ഥിക്കാനും അവരെ ദൈവത്തിന്റെ വഴികൾ പഠിപ്പിക്കാനും (പ്രഭാ: 45:17) അവരെ അനുഗ്രഹിക്കാനും (സംഖ്യ 6:23) ഉള്ളവരാണ്.

കർത്താവിന്റെ പൗരോഹിത്യമാണ് ജനങ്ങൾക്ക് നല്കിയത് (ജോഷ്വ 18:7). ആ പൗരോഹിത്യം തന്നെയാണ് അഹറോന് നല്കിയത് (പ്രഭാ 45:6).

പഴയ ഉടമ്പടിയിലെ ഒരു കക്ഷിയായ ഇസ്രായേലിന്റെ ബലികളിൽ ഉപയോഗിക്കപ്പെട്ട ബലിവസ്തു മൃഗങ്ങളും പക്ഷികളും ധാന്യവും മറ്റുമാണ്. എന്നാൽ പുതിയ ഉടമ്പടിയിലെ ഒരു കക്ഷിയായ നമ്മൾ ക്രിസ്ത്യാനികളുടെ ബലിവസ്തുക്കൾ നമ്മൾ തന്നെയാണ്. കാരണം സ്വയം ബലിവസ്തുവായിതീർന്ന ഈശോമിശിഹായുടെ മൗതിക ശരീരത്തിലെ അവയവങ്ങളാണ് നമ്മൾ (1 കോറി. 6:15; 12:27 എഫേ: 5:30). അതിലുപരി മാമ്മോദീസായിൽ പ്രത്യേകമാം വിധം ഈശോയുടെ പൗരോഹിത്യത്തിൽ ഭാഗഭാക്കാകുകയും ചെയ്യുന്നു. ഇക്കാര്യം സീറോമലബാർ സഭയുടെ മാമ്മോദീസാക്രമത്തിൽ എടുത്തു പറയുന്നുണ്ട്. ഇവിടെ വി. പത്രോസിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. നിങ്ങൾ സജീവശിലകൾകൊണ്ടുള്ള ഒരു ആത്മീയഭവനമായി പടുത്തുയർത്തപ്പെടട്ടെ. യേശുക്രിസ്തുവഴി ദൈവത്തിനു സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിത ജനമാവുകയും ചെയ്യട്ടെ (1 പത്രോസ് 2:5) എന്നാണ് അദ്ദേഹം നമ്മെ ഉദ്ബോധിപ്പിക്കുന്നത്.

വിശുദ്ധീകരിക്കപ്പെടാതെ ദൈവത്തെ സമീപിക്കുന്നവർ മരിക്കും എന്ന് ദൈവം മുന്നറിയിപ്പ് തരുന്നുണ്ട് (ലേവ്യർ 8: 35;10:7, 9; റോമ. 8:13). മരിക്കുക എന്ന് പറഞ്ഞാൽ ദൈവചൈതന്യം ഇല്ലാത്തവരായി തീരും എന്നാണ് അർത്ഥം. ദൈവത്തിന്റെ ചൈതന്യം നമ്മളിൽ ഇല്ലാതാകുന്നതോടെ ആത്മീയമായി നാം മരിക്കുന്നു. വി. പൗലോസ് നമ്മെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: തൻമൂലം, ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനംചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റു ചെയ്യുന്നു. അതിനാൽ, ഓരോരുത്തരും ആത്മശോധന ചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ, ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നവൻ തന്റെ

തന്നെ ശിക്ഷാവിധിയാണു ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും. നിങ്ങളിൽ പലരും രോഗികളും ദുർബലരും ആയിരിക്കുന്നതിനും ചിലർ മരിച്ചുപോയതിനും കാരണമിതാണ് (1 കോറി. 11: 27-30). അതോടെ നാം സകലവിധ തിന്മകൾക്കും പാപങ്ങൾക്കും അടിപ്പെടുകയും അവയ്ക്കെതിരെ പിടിച്ചു നിൽക്കാൻ ശക്തിയല്ലാത്തവരായിതീരുകയും ചെയ്യുന്നു. മാതാപിതാക്കളിൽ നിന്ന് ഏറെക്കാലം അകന്ന് നിന്ന് അവരുടെ വാക്കുകൾക്ക് ചെവി കൊടുക്കാത്ത കുട്ടികൾ ചീത്ത കൂട്ടുകാരുടെ പിടിയിൽ പെടുന്നതുപോലെയാണത്. ദൈവമായ കർത്താവ് അരുളിചെയ്യുന്നു: ഞാൻ നിങ്ങളുടെ ദൈവമായ കർത്താവാകുന്നു. നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയും പരിശുദ്ധരായിരിക്കുകയും ചെയ്യുവിൻ. കാരണം, ഞാൻ പരിശുദ്ധനാകുന്നു (ലേവ്യർ 11:44).

പഴയനിയമത്തിലെ വിശുദ്ധീകരണ പ്രക്രിയ കൂടുതലും ബാഹ്യമായിരുന്നു. ശരീരവും വസ്ത്രങ്ങളും വീടും പരിസരവും എല്ലാമായിരുന്നു അന്ന് വിശുദ്ധീകരിക്കപ്പെട്ടിരുന്നത്. എങ്കിലും ആത്മീയമായ വിശുദ്ധീകരങ്ങളെപ്പറ്റിയും പരാമർശങ്ങളുണ്ട്. ജോയേൽ പ്രവാചകന്റെ പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: നിങ്ങളുടെ ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത്. നിങ്ങൾ നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്കു മടങ്ങുവിൻ. എന്തെന്നാൽ, അവിടുന്ന് ഉദാരമതിയും കാരുണ്യവാനും ക്ഷമാശീലനും സ്നേഹസമ്പന്നനുമാണ്; ശിക്ഷ പിൻവലിക്കാൻ സദാ സന്നദ്ധനുമാണ് അവിടുന്ന് (ജോയേൽ 2:13).

വി. മർക്കോസിന്റെ സുവിശേഷത്തിൽ നാം ഇപ്രകാരം വായിക്കുന്നു: അവൻ തുടർന്നു: ഒരുവന്റെ ഉള്ളിൽനിന്നു പുറപ്പെടുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നത്. എന്തെന്നാൽ, ഉള്ളിൽനിന്നാണ്, മനുഷ്യന്റെ ഹൃദയത്തിൽനിന്നാണ് ദുശ്ചിന്ത, പരസംഗം, മോഷണം, കൊലപാതകം, വ്യഭിചാരം, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നത്. ഈ തിന്മകളെല്ലാം ഉള്ളിൽനിന്നു വരുന്നു. അവ മനുഷ്യനെ അശുദ്ധനാക്കുകയും ചെയ്യുന്നു (മർക്കോസ് 7: 20-23). വി. പൗലോസ് പറയുന്നു: എന്തെന്നാൽ, ബാഹ്യമായി യഹൂദനായിരിക്കുന്നവനല്ല യഥാർഥ യഹൂദൻ.

യഥാർഥ പരിച്ഛേദനം ബാഹ്യമോ ശാരീരികമോ അല്ല. ആന്തരിക മായി യഹൂദനായിരിക്കുന്നവനാണ് യഥാർഥ യഹൂദൻ; ഹൃദയ ത്തിൽ നടക്കുന്ന പരിച്ഛേദനമാണ് യഥാർഥ പരിച്ഛേദനം. അത് ആത്മീയമാണ്. അക്ഷരാർഥത്തിലുള്ളതല്ല. അവനു പ്രശംസ ലഭി ക്കുന്നത് മനുഷ്യരിൽനിന്നല്ല, ദൈവത്തിൽ നിന്നാണ് (റോമാ 2:28-29).

നമ്മുടെ ഉപവാസവും മാംസവർജ്ജനവും തീർത്ഥാടനങ്ങളും പ്രായശ്ചിത്ത പ്രവൃത്തികളും എല്ലാം മുകളിൽ പറഞ്ഞതു പോലെ മനോഭാവങ്ങളിലും ചിന്തകളിലും മാറ്റം വരുത്താൻ പര്യാപ്തമാ കണം. ദൈവവചനത്തോട് ചേർത്ത് അവ ചെയ്യുമ്പോളാണ് അത് സാധിതമാകുന്നത്. കർത്താവ് തന്നോട് തന്നെ എന്താണ് ചെയ്തത് എന്ന് അവിടുത്തെ വാക്കുകളിൽ നമുക്ക് ശ്രവിക്കാം. അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ. അവിടുത്തെ വചനമാണ് സത്യം. അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേ ണ്ടതിന് ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു (യോഹ 17: 17-19). ഈശോ അത് ചെയ്തെങ്കിൽ നമുക്ക് ഈ വിശുദ്ധീകരണം വളരെയധികം ആവശ്യമാണ്

ഈശോയുടെ ജനനം അഥവാ ക്രിസ്തുമസ്സ് ആനന്ദത്തിന്റേയും ആഹ്ളാദത്തിന്റേയും അവസരമായി മാറുന്നത് അത് നൽകുന്ന സന്ദേശം അശാന്തിയും അസാമാധനവും അക്രമവും അനീതിയും എല്ലാം നിറഞ്ഞ ഈ ലോകത്തെ വീണ്ടും സ്വർഗ്ഗസമാനമാക്കി മാറ്റാൻ പര്യാപ്തമായ ഒരു വഴി നമുക്ക് പറഞ്ഞുതരുന്നതുകൊ ണ്ടാണ്. മറ്റുള്ളവർക്ക് വേണ്ടി സ്വന്തം ജീവൻ പോലും ബലി കഴി ക്കാൻ തിരുമനസ്സായ ഈശോയുടെ മനോഭാവം ഈ ലോകത്തി ലുള്ള സകലർക്കും ഉണ്ടാകുകയാണെങ്കിൽ ഈ ലോകം സ്വർഗ്ഗ തുല്യമായി മാറുമായിരുന്നു. നൂറ്റാണ്ടുകളായി ദൈവജനം പ്രതീ ക്ഷിച്ചിരുന്ന ലോകരക്ഷകന്റെ ജനനത്തിന്റെ ഓർമ്മയാണ് ക്രിസ്തു മസ്സ്. യുദ്ധവും അക്രമവും നിറഞ്ഞ വർത്തമാന ലോകത്തെ മാറ്റി മറിച്ച് ശാന്തിയും സമാധാനവും സമൃദ്ധിയും എല്ലാം കളിയാടുന്ന പുതിയ ഒരു ലോകം രക്ഷകൻ സംജാതമാക്കും എന്ന വിശ്വാസ മാണ് ക്രിസ്തുമസ്സ് ആഘോഷത്തിന്റെ അടിസ്ഥാനം. മനുഷ്യ നായി ജനിച്ച ദൈവപുത്രൻ ദൈവത്തിന്റെ വചനമാണ്. ആ പുത്രൻ

നമുക്ക് പറഞ്ഞ് തന്ന കാര്യങ്ങൾ അനുസരിച്ച് നമ്മൾ ജീവിച്ചാൽ തീർച്ചയായും അത്തരമൊരു ലോകം സംജാതമാകുക തന്നെ ചെയ്യും. അതിന് ആ രക്ഷകന്റെ വരവിന് മുന്നോടിയായി എഴുതപ്പെട്ട പഴയനിയമവും അവിടുത്തെ തന്നെ വചനമായ വിശുദ്ധ സുവിശേഷങ്ങളും അവ മനസ്സിലാക്കി ജീവിച്ചവർ ദൈവാത്മാവിനാൽ പ്രചോദിപ്പിക്കപ്പെട്ട് രചിച്ച (2 പത്രോ. 1:2021) നടപടിപ്പുസ്തകവും ലേഖനങ്ങളും വെളിപാടും എല്ലാം നമുക്ക് സുപരിചിതമാകണം.

ക്രിസ്തുമസ്സുമായി ബന്ധപ്പെട്ട് ലോകത്തിൽ ഇന്ന് നിലവിലിരിക്കുന്ന പല ആചാരങ്ങളും വ്യത്യസ്തങ്ങളായ സംസ്കാരങ്ങളിൽ നിന്നും ജനതകളുടെ ആചാരങ്ങളിൽ നിന്നും കടമെടുത്തതാണ്. ചിലതെങ്കിലും ഈശോയുടെ ജനനവുമായി യാതൊരു ബന്ധവും ഇല്ലാത്തതുമാണ്.

ക്രിസ്മസ്സ് ട്രീ ഒരു പ്രതീകമാണ്. ഉത്പ്പത്തി പുസ്തകത്തിലും സുഭാഷിതങ്ങളിലും വെളിപാട് പുസ്തകത്തിലും പരാമർശിക്കപ്പെടുന്ന ജീവന്റെ വൃക്ഷത്തെയാണ് ക്രിസ്തുമസ്സ് ട്രീ പ്രതിനിധാനം ചെയ്യുന്നത് (ഉത്പ്പത്തി 2:9; 3:22; 3:24; സുഭാ. 3:18; 11:30; 15:4; വെളി. 22:2, 14,19). ആ മരം ഈശോമിശിഹായാണെന്നും അവനിൽ നിന്നാണ് ജീവൻ സ്വീകരിക്കേണ്ടത് എന്നും ക്രിസ്തുമസ് ട്രീ ഓർമ്മപ്പെടുത്തുന്നു. മരത്തിൽ തൂക്കിയിടുന്ന ഗോളങ്ങൾ ആ മരത്തിന്റെ പഴങ്ങളാണ്. അതായത് ജീവൻ തരുന്ന ഫലം.

ക്രിസ്തുമസ്സ് കരോൾ വചന പ്രഘോഷണമാണ്. അതായത്, ദൈവത്തിന്റെ വചനം മനുഷ്യരൂപത്തിൽ ഭൂമിയിൽ ജനിച്ചതിന്റെ അറിയിപ്പ്. അവനിലാണ് രക്ഷയെന്നും അവൻ കാണിച്ചു തന്നവഴിയാണ് രക്ഷയുടെ ഏക വഴിയെന്നും കരോൾ സംഘം ഓർമ്മപ്പെടുത്തുന്നു. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സ്വയം പരിത്യജിക്കുന്നതിന്റെയും പങ്കുവയ്ക്കുന്നതിന്റെയും വഴിയാണത്. രക്ഷയെന്ന് പറയുന്നത് നമ്മൾ പറയുന്ന ആത്മരക്ഷ മാത്രമല്ല. ഈ ലോകത്തെ നഷ്ടപ്പെട്ടുപോയ പറുദീസായിലേപ്പോലെ ദൈവത്തിന്റെ നിരന്തര സാന്നിദ്ധ്യമുള്ള, സകലവിധ ഫലവൃക്ഷങ്ങളും നിറഞ്ഞു നിൽക്കുന്ന, ശാന്തിയും സമാധാനവും പരസ്പരസ്നേ

ഹവും നിറഞ്ഞു നില്ക്കുന്ന, സ്ഥലമാക്കി ഈ ഭൂമിയെ മാറ്റുന്നതി നുള്ള പരിശ്രമവും അതിന്റെ ഭാഗമാണ്.

ആ ദൗത്യ നിർവഹണം ഈശോമിശിഹാ നമ്മെ തന്റെ തന്നെ ശരീരത്തിലെ അവയവങ്ങളാക്കി മാറ്റിക്കൊണ്ട് ഭരമേൽപ്പിച്ചിരിക്കുന്നു. ആ ദൗത്യം വിശ്വസ്തതയോടെ നിർവഹിക്കുന്നവർ ഇഹലോക ജീവിതത്തിന്റെ അന്ത്യത്തിൽ ദൈവസാന്നിദ്ധ്യത്തിന്റെ നിത്യമായ അനുഭവത്തിലേക്ക് അഥവാ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുന്നു. അതുകൊണ്ടാണ് ഈശോമിശിഹായുടെ ജനനം ആനന്ദത്തിന്റെയും ആഹ്ളാദത്തിന്റെയും അവസരമാകുന്നത്. ആ സന്ദേശമാണ് കരോൾ സംഘം നൽകേണ്ടത്. നിർഭാഗ്യവശാൽ കരോൾ പിരിവ് എന്ന പേര് അതിനു കടകവിരുദ്ധമായ ഒരാശയമാണ് നൽകുന്നത്.

പുൽക്കൂട് എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് വി. ഫ്രാൻസിസ് അസീസിയാണ്. 1223 ൽ ആയിരുന്നു അത്. അദ്ദേഹം താമസിച്ചിരുന്ന ഗ്രേച്ചോ എന്ന ഇറ്റാലിയൻ ഗ്രാമത്തിലെ നിവാസികൾക്ക് മുമ്പിൽ അദ്ദേഹം അവതരിപ്പിച്ചത് ജീവനുള്ള മൃഗങ്ങളെയും മനുഷ്യരെയുമായിരുന്നു. അദ്ദേഹം അവതരിപ്പിച്ച പുൽക്കൂടിന്റെ മാതൃക പിന്നീട് ലോകമെമ്പാടും സ്വീകരിക്കപ്പെട്ടു. അതും കച്ചവട വസ്തുവാക്കപ്പെട്ടു എന്നതും നാം തിരിച്ചറിയേണ്ടതുണ്ട്. ദൈവിക മഹത്വം പോലും ഉപേക്ഷിച്ച് മനുഷ്യനായി ജനിച്ച് കുരിശിൽ മരിച്ച ഈശോമിശിഹായുടെ ദരിദ്രാവസ്ഥയും ദൈവതിരുമനസ്സിനോടുള്ള വിധേയത്വവുമാണ് പുൽക്കൂടിലൂടെ വി. ഫ്രാൻസീസ് അവതരിപ്പിക്കാൻ ശ്രമിച്ചത് എന്ന വസ്തുത നാം മറന്നു പോകരുത്.

ദൈവപുത്രന്റെ മനുഷ്യാവതാരമെന്നത് മനുഷ്യമനസ്സുകൾക്ക് മനസ്സിലാക്കാൻ പറ്റാത്തതും എളുപ്പം സ്വീകരിക്കാൻ പറ്റാത്തതുമായ ഒരു സത്യമാണ്. അത് ലോകത്തിന്റെ മാനദണ്ഡങ്ങൾക്ക് അംഗീകരിക്കാൻ പറ്റാത്തതാണ്. അതുകൊണ്ട് തന്നെ ക്രിസ്തുമസ്സിന്റെ യഥാർത്ഥ സന്ദേശത്തെ ഉൾക്കൊള്ളാൻ അധികമാർക്കും താത്പര്യമില്ല. പക്ഷേ അതിന്റെ നല്ല ഫലങ്ങൾ സ്വീകരിക്കാൻ ആളുകൾ തയ്യാറാണ്.

ലോകരക്ഷകനായ ഈശോമിശിഹാ വാഗ്ദാനം ചെയ്യുന്ന ശാന്തിയും സമാധാനവും നിങ്ങളുടെ വ്യക്തി ജീവിതത്തിലും കുടുംബ ജീവിതങ്ങളിലും സമൃദ്ധമായി ഉണ്ടാകുന്നതിനായി പ്രാർത്ഥിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകേന്ദ്രത്തിൽ നിന്ന് 2023 ഒക്ടോബർ മാസം 20 ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

N.B. ഈ ഇടയലേഖനം 2023 നവംബർ മാസം 26 ന് ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കുകയും ഇടവകകൾ, സമർപ്പിത സമൂഹങ്ങൾ, സംഘടനകൾ തുടങ്ങിയവയുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലേക്ക് ഫോർവേഡ് ചെയ്യുകയും ചെയ്യേണ്ടതാണ്.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

നവംബർ 3-ാം തിയതി ബഹു. തോമസ് മൂലക്കുന്നേൽ അച്ചന്റേയും നവംബർ 12-ാം തിയതി ബഹു. ജോസഫ് ചൂരക്കാമറ്റം അച്ചന്റേയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഇവരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**വൈദിക സമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം (Priests' Conference) 2023 നവംബർ 21 ചൊവ്വാഴ്ച്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1.00 വരെ ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇതു അറിയിപ്പായി സ്വീകരിച്ച് വൈദികസമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**New appointment:**

1. Fr Varghese Kanippillil- Asst. Vicar, Edivanna

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിൽ യോഗം 14–10 –23 ന് കൃത്യം 10 മണിക്ക് റവ. സി. ആൻമേരി SABS നയിച്ച ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു. രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ യോഗത്തിന്റെ അജണ്ട വിശദീകരിച്ചുകൊണ്ടും മോശയുടെ കാലത്തും ജറുസലേം കൗൺസിലിലും ആദിമകാലത്ത് തീരുമാനമെടുത്തതുപോലെ അരൂപിയിൽ നിറഞ്ഞ് ഐക്യത്തോടെ തീരുമാനമെടുക്കുവാൻ ആഹ്വാനം ചെയ്തു. അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് പുതിയ സാഹചര്യങ്ങളിലും ആവേശം ചോരാതെ പ്രവൃത്തിക്കണമെന്ന് ആമുഖ പ്രസംഗത്തിൽ ആവശ്യപ്പെട്ടു. തുടർന്ന് സെബാസ്റ്റ്യൻ പാലംപറമ്പിൽ എപ്പാർക്കിയൽ അസംബ്ളിയുടെ റിപ്പോർട്ടിന്റെ സംഗ്രഹം അവതരിപ്പിക്കുകയും ചെയ്തു. അതോടൊപ്പം ജീവസ്, കെ.എൽ.എം എന്നിവയുടെ പ്രവർത്തനങ്ങളും ഭാവി പരിപാടികളും വിവരിച്ചു. തുടർന്ന് മോൺ. പോൾ മുണ്ടോളിക്കൽ അച്ചൻ പ്ലാനിംങ്ങ് കമ്മിറ്റിയെക്കുറിച്ച് വിവരണം നല്കി. ഇതുവരെ നടത്തിയ വിവിധ പരിപാടികളും നടന്നുകൊണ്ടിരിക്കുന്ന പരിപാടികളും ഇനി നടക്കാനുള്ള പരിപാടികളും അച്ചൻ വിശദീകരിച്ചു. ഇനിയുള്ള പരിപാടികൾ നടപ്പിലാക്കുന്നതിന് ഒരു പ്ലാനിംങ്ങ് കമ്മിറ്റിയെ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് പ്രഖ്യാപിക്കുകയും ചെയ്തു.

റവ. ഫാ. സണ്ണി മഠത്തിൽ അച്ചൻ മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങളും അതിന്റെ ആവശ്യകതയും വിശദീകരിച്ചു. ബോധവൽക്കരണം, ചികിത്സ, പുനരധിവാസം, തുടർപിന്തുണ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ അദ്ദേഹം വിശദീകരിച്ചു. *ജ്വാല* ക്ലബ് സജ്ജീവമാക്കുന്നതിനും മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും എല്ലാവരുടേയും സഹകരണം അഭ്യർത്ഥിച്ചു.

മാനന്തവാടി രൂപതാ പ്രൊക്ക്യുറേറ്റർ റവ. ഫാ. ജോസ് കൊച്ചറയ്ക്കൽ മാനന്തവാടി രൂപതയുടെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്തു. വലിയ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിന് മാനന്തവാടി രൂപതയ്ക്ക് എറണാകുളത്ത് വാഴക്കാലയിൽ ഉള്ള

സ്ഥലം വിറ്റ് കടബാധ്യത തീർക്കുന്നതിനെക്കുറിച്ചും മറ്റ് വരുമാന മാർഗ്ഗങ്ങളിൽ സ്ഥലം വിറ്റുകിട്ടുന്ന തുക നിക്ഷേപിക്കുന്നതിനെ ക്കുറിച്ചും ചർച്ച ചെയ്തു. സ്ഥല വിൽപ്പനയുമായി ബന്ധപ്പെട്ട ചർച്ചയുടെ അവസാനം നടത്തിയ വോട്ടെടുപ്പിൽ 87 പേർ സ്ഥല വിൽപ്പനയെ അനുകൂലിച്ചും 5 പേർ എതിർത്തും വോട്ട് രേഖപ്പെ ടുത്തി. മാനന്തവാടി രൂപതയുടെ വാഴക്കാലായിലെ സ്ഥലം വിറ്റ് കടബാധ്യത തീർക്കുന്നതിനുള്ള നടപടിക്ക് പാസ്റ്ററൽ കൗൺസിൽ തത്വത്തിൽ അംഗീകാരം നൽകി.

തുടർന്ന് വിവിധ ഫൊറോന കൗൺസിലുകളിൽ നിന്ന് ഉയർന്നുവന്നതും മാനന്തവാടി രൂപതാ സ്റ്റാൻഡിംങ്ങ് കമ്മിറ്റി അംഗീകരിച്ചതുമായ രണ്ട് പ്രമേയങ്ങൾ അവതരിപ്പിച്ച് ചർച്ചചെയ്ത് പാസ്സാക്കി. ഒന്നാമതായി ക്രൈസ്തവരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ച ജെ. ബി. കോശി റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുക, രണ്ടാമതായി വയനാടിന്റെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് വയനാടിനൊരു ബദൽ പാത നിർമ്മിക്കുക എന്നിവയായിരുന്നു പ്രമേയങ്ങൾ. യഥാക്രമം ശ്രീ ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ സെബാസ്റ്റ്യൻ പുരക്കൽ എന്നി വരാണ് പ്രമേയം അവതരിപ്പിച്ചത്. പ്രമേയം ചർച്ചക്കൊടുവിൽ ഭേദഗതികളോടെ പാസ്സാക്കി. തുടർന്ന് *അമ്മേ മാതാവേ* എന്ന മരിയൻ ഗാനത്തിന്റെ റിലീസിംഗ് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് നിർവഹിച്ചു.

ഇതേ തുടർന്ന് പൊതുവായ ചർച്ചയായിരുന്നു. ചർച്ചകൾക്ക് പെരിയ ബഹു. തോമസ് മണക്കുന്നേൽ, ശ്രീ ജോസ് മാത്യു പുഞ്ചയിൽ എന്നിവർ നേതൃത്വം നൽകി. വിവിധ ഫൊറോന കൗൺസിലുകളിൽ ചർച്ച ചെയ്ത് രൂപതാ കേന്ദ്രത്തിൽ അവത രിപ്പിച്ച വിവിധ വിഷയങ്ങളായ വയനാടിന്റെ യാത്രാപ്രശ്നം, അധ്യാപകരുടെ നിയമന അംഗീകാരം വൈകുന്നത്, വൈദിക വിദ്യാർത്ഥികളുടെ പരിശീലനം, പഞ്ചാബ് മിഷൻ, ന്യൂനപക്ഷ അവകാശങ്ങൾ ലഭിക്കാതെ തടസ്സപ്പെടുന്നതിനെക്കുറിച്ചും, ഫൊറോന കൗൺസിൽ വർഷത്തിൽ 2 പ്രാവശ്യം കൂടേണ്ട ആവ ശ്യകത, രൂപത മത്സരങ്ങൾ ക്രൈസ്തവ ചൈതന്യം നിറഞ്ഞവ യായിരിക്കാൻ ശ്രദ്ധിക്കേണ്ടതിനെക്കുറിച്ചും, ലഹരിവസ്തുക്കൾ ക്കെതിരെ പ്രവർത്തിക്കേണ്ട ആവശ്യകത, കൗൺസലിംഗ് സെന്റർ തുടങ്ങേണ്ടതിനെക്കുറിച്ചും, പട്ടയം ലഭിക്കാൻ ഇടപെടേണ്ടതിനെ

ക്കുറിച്ചും, വന്യമൃഗശല്യം പരിഹരിക്കുവാൻ പഞ്ചായത്തുകൾക്കുള്ള അധികാരം വിനിയോഗിക്കാൻ സമ്മർദ്ധം ചെലുത്തേണ്ടതിനെക്കുറിച്ചും, ഹെൽപ്പ് ഡെസ്ക് ആരംഭിക്കേണ്ടതിനെക്കുറിച്ചും, പുതുമുഖങ്ങൾക്ക് അവസരം ലഭിക്കത്തക്കവിധം രൂപതയിലെ വിവിധ ടീമുകളെ പുനഃസംഘടിപ്പിക്കേണ്ടതിനെക്കുറിച്ചും, ജൂബിലി വീടുകൾ ആർക്കൊക്കെ കിട്ടി, അതിന്റെ തൽസ്ഥിതി എന്നിവയെക്കുറിച്ചും, രൂപതയ്ക്ക് ഒരു നഴ്സിംങ്ങ് കോളേജ് ആരംഭിക്കേണ്ടതിനെക്കുറിച്ചും ചർച്ചകൾ നടന്നു. ചർച്ചയിൽ റവ. ഫാ. ജോസഫ് ഇളംകുന്നപുഴ, റവ. ഫാ. തോമസ് മണക്കുന്നേൽ, റവ. ഫാ. ജോർജ്ജ് മൈലാടൂർ, ശ്രീ. സാലു അബ്രഹാം മേച്ചേരിയിൽ, ശ്രീ ജോയി ചാച്ചിറ, ശ്രീ ജിൽസ് മേക്കൽ, ശ്രീ ബിജു കോട്ടേപറമ്പിൽ, ശ്രീമതി സിനി ബെന്നി മഞ്ഞടിയിൽ, ശ്രീ ടോമി ചേന്നാട്ട്, ശ്രീ. ജോസ് പുന്നക്കുഴി, അഡ്വ. ഷെബിൻ ജോർജ്ജ് തുടങ്ങിയവർ സംസാരിച്ചു.

ഇതേ തുടർന്ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ചർച്ചകൾ ക്രോഡീകരിച്ച് ഉപസംഹാര പ്രസംഗം നടത്തി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോസ് മാത്യു പുഞ്ചയിൽ നന്ദി പ്രകാശിപ്പിക്കുകയും യോഗം ഉച്ചകഴിഞ്ഞ് 2 മണിയോടെ സമാപിക്കുകയും ചെയ്തു.

**ജോസ് മാത്യു പുഞ്ചയിൽ**
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

**മതാധ്യാപകദിനം- നവംബർ 19**

സമൂഹജീവിയായ മനുഷ്യൻ സമൂഹത്തോട് ബന്ധപ്പെട്ടാണ് ജനിക്കുന്നതും, വളരുന്നതും, പ്രവർത്തിക്കുന്നതും. ആ അർത്ഥത്തിൽ ക്രിസ്തീയ ജീവിതവും, ആദ്ധ്യാത്മികതയും സമൂഹത്തിലാണ് നമ്മൾ പ്രാവർത്തികമാക്കേണ്ടത്. ഈശോയുടെ പുരോഹിതപ്രാർത്ഥന ശ്രദ്ധേയമാണ്. അവിടുന്ന് പറയുന്നു, 'അങ്ങ് എന്നെ ലോകത്തിലേക്കയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്കയച്ചിരിക്കുന്നു' (യോഹ 17:18). ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പുമാകുവാൻ വിളിക്കപ്പെട്ടവളും അയയ്ക്കപ്പെട്ടവളുമാണ് സഭ (മത്താ 5:13-16). സഭയുടെ വിശ്വാസം നിരന്തരമായി സ്വീകരിച്ചും, ആഘോഷിച്ചും, ജീവിച്ചും ക്രിസ്തീയ ആദ്ധ്യാത്മികതയിൽ വളർന്ന് ആ വിശ്വാസം ലോകത്തിൽ പ്രഘോഷിക്കുന്നവരായി സഭാമക്കൾ മാറുമ്പോഴാണ് ക്രിസ്തീയ ആദ്ധ്യാത്മികത അതിന്റെ സാമൂഹികമാനം പൂർണമായും കൈവരിക്കുന്നത്. ഈ ശുശ്രൂഷ ഏറ്റവും ഭംഗിയായി നിർവഹിച്ചുകൊണ്ടിരിക്കുന്നത് വിശ്വാസപരിശീലകരായ നമ്മുടെ അധ്യാപകരാണ്. ഒരു മഹത് വചനം ഓർക്കുന്നു, 'അല്പജ്ഞാനം മനുഷ്യനെ നിരീശ്വരനാക്കുന്നു. അഗാധജ്ഞാനം മനുഷ്യനെ മതവിശ്വാസിയാക്കുന്നു'. ഇതുവരെ വെളിപ്പെട്ടിട്ടുള്ള സമ്പൂർണ വ്യക്തിത്വത്തിന്റെ ഉടമയായ ഈശോയെ സ്വീകരിക്കുന്നതാണ് അഗാധമായ ജ്ഞാനം. തങ്ങളുടെ അറിവും അനുഭവവും വഴി സ്വന്തമാക്കിയ ഈ ജ്ഞാനം നമ്മുടെ മക്കൾക്ക് പകർന്നുനൽകുവാൻ ദൈവം തിരഞ്ഞെടുത്ത നമ്മുടെ അധ്യാപകരെ ഓർമ്മിക്കുവാനും, അവർക്കായി പ്രാർത്ഥിക്കുവാനും നമുക്ക് ലഭിച്ചിരിക്കുന്ന മഹനീയ ദിനമാണ് മതാദ്ധ്യാപകദിനം. 'സഭയുടെ മുഴുവൻ ജീവിതവുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നതാണ് മതബോധനം. അവളുടെ ആന്തരികവളർച്ചയും ദൈവിക പദ്ധതിയോടുള്ള സഹകരണവുമെല്ലാം അടിസ്ഥാനപരമായി മതബോധനത്തെ ആശ്രയിച്ചാണിരിക്കുന്നത്'

(CCC.8). സഭയുടെ വളർച്ചയുടെ പാതയിൽ പ്രകാശഗോപുരങ്ങളായി വിളങ്ങുന്ന വിശ്വാസപരിശീലകരായ വൈദികർ, സമർപ്പിതർ, അൽമായ സഹോദരങ്ങൾ ഏവരേയും രൂപത മതബോധനകേന്ദ്രം അഭിനന്ദിക്കുന്നു, ആശംസകളർപ്പിക്കുന്നു. ദൈവം നിങ്ങളുടെ എല്ലാവരുടെയും മഹനീയ ശുശ്രൂഷകൾക്ക് തക്കപ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 5**

ഈ വർഷത്തെ ആദ്യസെമസ്റ്റർ പരീക്ഷ നവംബർ 5 ഞായറാഴ്ചയാണ്. എല്ലാ ഇടവകകളിലും നിശ്ചയിച്ചിരിക്കുന്ന സമയത്തു തന്നെ (11-1 മണി) പരീക്ഷ നടത്തുന്നതിനായി ബഹു. വികാരിയച്ചന്മാരും, ഹെഡ്മാസ്റ്റേഴ്സും ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. നവംബർ 3-ാം തീയതി വെള്ളിയാഴ്ച്ച 10 മണി മുതൽ 4 - 30 വരെ രൂപതാ മതബോധന കേന്ദ്രത്തിലും (മണിമൂളി, നിലമ്പൂർ, നീലഗിരി ഒഴികെ) മാനന്തവാടി സെന്റ് ജോസഫ് ബുക്ക് സ്റ്റാളിലും (മാനന്തവാടി, പയ്യംപള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) ചോദ്യപേപ്പർ ലഭിക്കും.

ഈ വർഷം 2 സെമസ്റ്ററുകളിലായി നടത്തപ്പെടുന്ന നമ്മുടെ പരീക്ഷകളിൽ 1 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് രണ്ടാം സെമസ്റ്ററിൽ ആദ്യ സെമസ്റ്ററിലെ പാഠഭാഗങ്ങൾ ചോദിക്കുന്നതല്ല. 11, 12 ക്ലാസുകാർക്ക് ആദ്യ സെമസ്റ്ററിലെ പാഠഭാഗങ്ങൾ വാർഷിക പരീക്ഷക്ക് ഉണ്ടായിരിക്കും.

**മാർക്ക് വിഭജനം**

1, 2, 3 ക്ലാസുകൾക്ക് ആകെ മാർക്ക് 50 (part 1 പാഠഭാഗം - 30 മാർക്ക്, part 2 ഉപപാഠം, നമസ്ക്കാരം, വചനം - 10 മാർക്ക് part 3 Internal 10 മാർക്ക്)

1, 2 ക്ലാസുകളിലെ കുട്ടികളെ ഒന്നിച്ചിരുത്തി ഓരോ ചോദ്യങ്ങൾ പൂർത്തിയാക്കി അടുത്തതിലേക്കുപോകുക. ചില ചോദ്യങ്ങൾ ഉത്തരമെഴുതുവാനും മറ്റ് ചിലത് ഉത്തരങ്ങൾ പറയുവാനും ഉള്ളതായിരിക്കും. ഉത്തരങ്ങൾ പറയുന്ന ചോദ്യനമ്പറുകളുടെ നേരെ അപ്പോൾതന്നെ മാർക്ക് നല്കുക.

4 മുതൽ 12 വരെ ക്ലാസുകൾക്ക് ആകെ മാർക്ക് 100 (part 1 പാഠ ഭാഗം - 60 മാർക്ക്, part 2 ഉപപാഠം, നമസ്ക്കാരം, വചനം പൊതുവിജ്ഞാനം - 20 മാർക്ക് part 3 Internal 20 മാർക്ക്)

Internal മാർക്ക് ക്ലാസ് കയറ്റത്തിന് ഇനിമുതൽ പരിഗണിക്കുന്നതാണ്.

1 മുതൽ 7 വരെ ക്ലാസുകൾക്ക് വർക്ക്ഷീറ്റ് ആയിരിക്കും.

**+2 പ്രതിഭാ സംഗമം 2023**

15/10/2023 ഞായറാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് 13 മേഖലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ രൂപതാ പ്രതിഭാ സംഗമത്തിൽ പങ്കെടുത്തു. ഇവരിൽനിന്നും ഡിസംബർ 27, 28, 29 തിയ്യതികളിൽ നടത്തപ്പെടുന്ന സംസ്ഥാന പ്രതിഭാ സംഗമത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 4 കുട്ടികൾ:-

1. ജോയ്സ് ജോസ് പ്ലാക്കൂട്ടത്തിൽ, കൊട്ടിയൂർ - ചുങ്കക്കുന്ന് ഫൊറോന

2. എമിൽ എസ്. മംഗലത്ത് - കൽപ്പറ്റ - കൽപ്പറ്റ ഫൊറോന

3. ജിസ്ന മരിയ ജോൺസൺ ആലക്കകുന്നേൽ - നിലമ്പൂർ - നിലമ്പൂർ ഫൊറോന

4. മരിയ ജോമോൻ വലിയവീട്ടിൽ - അടക്കാത്തോട് - ചുങ്കക്കുന്ന് ഫൊറോന

രൂപതാ പ്രതിഭാ സംഗമത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും, സംസ്ഥാനതല പ്രതിഭാ സംഗമത്തിലേക്ക് സെലക്ഷൻ ലഭിച്ചിരിക്കുന്ന നാല് പേർക്കും രൂപതാ മതബോധന കേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ. പ്രതിഭാ സംഗമത്തിന് നേതൃത്വം നൽകിയ ശ്രീ. ജോൺസൺ വടക്കേക്കര, സി അനിത CMC, സി. ലിഡിയ SABS, സി. ലിജിൻ SH എന്നിവർക്ക് നന്ദി. രൂപതാ പ്രതിഭാസംഗമത്തിനായി കുട്ടികളെ ഒരുക്കി പറഞ്ഞയച്ച എല്ലാ മേഖലാ ഡയറക്ടർമാർക്കും, മേഖലാ സെക്രട്ടറിമാർക്കും, നേതൃത്വം നല്കിയ മറ്റെല്ലാവർക്കും നന്ദിയർപ്പിക്കുന്നു.

## H M Conference

നമ്മുടെ അടുത്ത H M കോൺഫറൻസ് ഡിസംബർ 10 ന് രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. പ്രധാനാദ്ധ്യാപകർ അന്നേ ദിവസം വരുമ്പോൾ കുട്ടികളുടെ ഈ വർഷത്തെ ചോദ്യപേപ്പറിന്റെ തുക കൊണ്ടുവരേണ്ടതാണ്. അതോടൊപ്പം HCC ഹാൾടിക്കറ്റ് കൈപ്പറ്റുകയും വേണം.

**DCT കോൺടാക്ട് ക്ലാസ്സ്**

2019-21, 2020-22 ബാച്ചുകളുടെ അവസാനവർഷ പരീക്ഷ ഒക്ടോബർ 29 ന് ഞായറാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. Viva പരീക്ഷാതിയ്യതി അറിയിക്കുന്നതാണ്.

**മേഖല മതാധ്യാപക കൺവെൻഷൻ**

**ചുങ്കക്കുന്ന് മേഖല:** ചുങ്കക്കുന്ന് ഇടവകയിൽവച്ച് നടന്ന കൺവെൻഷൻ ഫൊറോനാ വികാരി ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ ഫാ. സജി പുഞ്ചയിൽ എല്ലാവരെയും സ്വാഗതം ചെയ്ത് സംസാരിച്ചു. തുടർന്ന് തലശ്ശേരി അതിരൂപതാംഗം ഫാ. ടോം ഓലിക്കരോട്ട് ക്ലാസുകൾ നയിച്ചു. സമാപന സമ്മേളനത്തിൽ ഫൊറോന വികാരി സന്ദേശം നല്കി. വിശ്വാസ പരിശീലന രംഗത്ത് 15 വർഷങ്ങൾ പൂർത്തിയാക്കിയ അദ്ധ്യാപകരെ ആദരിച്ചു. ഫൊറോനാ സെക്രട്ടറി ശ്രീ. ജോൺ മഞ്ചുവള്ളിൽ സാർ സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അർപ്പിച്ചു. രൂപതാ ഡയറക്ടർ തോമസ് കച്ചിറയിൽ അച്ചന്റെ കാർമികത്വത്തിൽ വി. കുർബാനയോടെ കൺവെൻഷൻ സമാപിച്ചു. കൺവെൻഷന്റെ വിജയത്തിനായി എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ച ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചനെയും, മേഖല ഡയറക്ടർ അച്ചനെയും, കൊച്ചച്ചൻ ബഹു. ജിജോ പല്ലാട്ടുകുന്നേലിനേയും മേഖല സെക്രട്ടറിയെയും, ഫൊറോനയിലെ എല്ലാ പ്രധാനാധ്യാപകരെയും, ചുങ്കക്കുന്ന് ഇടവകയിലെ കൈക്കാരന്മാരെയും, അധ്യാപകരെയും, പങ്കെടുത്ത എല്ലാ അധ്യാപകരെയും രൂപത മതബോധന കേന്ദ്രത്തിന്റെ നന്ദി അറിയിക്കുന്നു.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

'ഹൃദയങ്ങൾ ജ്വലിക്കട്ടെ പാദങ്ങൾ ചലിക്കട്ടെ' എന്ന ആഗോളസഭയുടെ ആപ്തവാക്യത്തിൽ ഊന്നിക്കൊണ്ട് ക്രിസ്തു സാക്ഷ്യത്തിൽ ജ്വലിച്ച പ്രേക്ഷിത തീക്ഷ്ണതയുടെ പദചലനങ്ങളാൽ ആവേശവും ആരവവുമായി മാറിയ മിഷൻ മസാചരണത്തിന് സമാപനം കുറിച്ചു. എല്ലാവരെയും അഭിനന്ദിക്കുന്നു. എല്ലാ മിഷൻ പ്രവർത്തനങ്ങളുടെയും ആത്യന്തിക ലക്ഷ്യം ഈശോ ലോകരക്ഷകനും ഏക രക്ഷകനും ആണ് എന്ന പ്രഘോഷണമാണ്.

നവംബർ മാസം ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിച്ചുകൊണ്ട് നാം നടത്തുന്നതും ഇതുതന്നെയാണ്. ഈ വലിയ ഒരു ഏറ്റുപറച്ചിൽ നടത്തി വിശ്വാസം നമുക്ക് പകർന്നു നൽകിയ പുണ്യപൂർവികരുടെ ഓർമ്മ മാസം കൂടിയാണിത്. പൂർവ്വികർക്കുവേണ്ടി ബലിയർപ്പിച്ചും അവരുടെ കബറിടങ്ങൾ സന്ദർശിച്ചും അവരോടുള്ള നമ്മുടെ കടപ്പാടും സ്നേഹവും നമുക്ക് പ്രകടമാക്കാം. 'മിശിഹായുടെ ശരീരരക്തങ്ങളോട് ഐക്യപ്പെടുന്ന ഞങ്ങൾ അവിടുത്തെ മഹത്വപൂർണ്ണമായ പ്രത്യാഗമനത്തിൽ സകല വിശുദ്ധരോടും കൂടെ ഐക്യപ്പെടുവാൻ ഇടയാകട്ടെ' (വി. കുർബാനക്രമം)

2022-2023 പ്രവർത്തന വർഷം ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത മികച്ച പ്രവർത്തനത്തിനുള്ള സംസ്ഥാന സമിതിയുടെ ഗോൾഡൻ സ്റ്റാർ പുരസ്ക്കാരത്തിനും, മികച്ച മേഖലയ്ക്കുള്ള ഗോൾഡൻസ്റ്റാർ പുരസ്ക്കാരത്തിന് ചുങ്കക്കുന്ന് മേഖലയും, മികച്ച ശാഖകൾക്കുള്ള സിൽവർസ്റ്റാർ പുരസ്ക്കാരത്തിന് നടവയൽ, മീനങ്ങാടി ശാഖകളും അർഹരായി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കരങ്ങൾക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**ഫാ. മനോജ് അമ്പലത്തിങ്കൽ**

**ക്രിസ്തുമസ് സ്റ്റാർ മിഷൻലീഗിലൂടെ**

ക്രിസ്തുമസിന് മാസങ്ങൾ മാത്രം ബാക്കി നില്ക്കേ നമ്മുടെ എല്ലാ കുടുംബങ്ങളിലും LED ക്രിസ്തുമസ് സ്റ്റാർ എത്തിക്കുക

എന്ന ലക്ഷ്യത്തോടെ CML മാനന്തവാടി രൂപതാ സമിതി ഈടുറ്റതും, വിലക്കുറവിലും സ്റ്റാർ നിങ്ങളിൽ എത്തിക്കുന്നു. ഇക്കാര്യം ശാഖകളിൽ അറിയിക്കുകയും, ഓർഡറുകൾ സ്വീകരിക്കുകയും ചെയ്യുന്നതോടൊപ്പം, ശാഖകൾക്ക് ആകർഷകമായ പ്രവർത്തന ഫണ്ട് ലഭിക്കുകയും ചെയ്യുന്നു. എല്ലാവരും സഹകരിക്കുമല്ലോ.

ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന വാർഷികാഘോഷം. 2023 Oct. 2 ന് തലശ്ശേരി അതിരൂപതയിലെ ചെമ്പേരിയിൽ വച്ച് നടത്തപ്പെടുകയുണ്ടായി. സംസ്ഥാന വാർഷി കാഘോഷത്തിൽ രൂപതാ ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ, രൂപതാ എക്സിക്യൂട്ടിവ്, ചുങ്കക്കുന്ന് മേഖലാ ഭാരവാഹികൾ, മിഷൻലീഗ് അംഗങ്ങൾ, മീനങ്ങാടി ശാഖാ ഡയറക്ടർ, ജോ. ഡയറക്ടർ മിഷൻലീഗ് അംഗങ്ങൾ എന്നിവർ പൊതുസമ്മേളന ത്തിലും, റാലിയിലും പങ്കെടുത്തു. സംസ്ഥാന ഗോൾഡൻ സ്റ്റാർ പുരസ്ക്കാരം മാർ ജോസഫ് പാംപ്ലാനി പിതാവിൽ നിന്ന് മാനന്തവാടി രൂപതാ മിഷൻലീഗ് സമിതി ഏറ്റുവാങ്ങി.

**രൂപതാ സാഹിത്യ മൽസര വിജയികൾ:**

സെപ്റ്റംബർ 3 ന് പതിമൂന്ന് മേഖലകളിലായി നടത്തപ്പെട്ട രൂപതാ സാഹിത്യമത്സരത്തിന് പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനം അറിയിക്കുന്നു.

**സംസ്ഥാന സാഹിത്യമത്സരത്തിന് അർഹരായവർ.**

**സബ്ജൂനിയർ വാട്ടർ കളർ**

I A എൽസീന പെരുമാട്ടിക്കുന്നേൽ (അടയ്ക്കാത്തോട്) II A അലേഖ എടശ്ശേരി (കളത്തുവയൽ) IIIrd അറിറ്റ ജോർജ് തെക്കേൽ (കുന്നലാടി)

**ജൂനിയർ ബോയ്സ് ഉപന്യാസം**

I A സിറിൽ കല്ലോലിക്കൽ (ചുങ്കക്കുന്ന്) II A ആഡിഷ് പെയ്ക്കൽ (പാലാങ്കര) III A ആൽബിൻ മേക്കാട്ട് (പാതിരിപ്പാടം)

**ജൂനിയർ ഗേൾസ് ഉപന്യാസം**

I A അലോണ മിറ്റതാനി (മുള്ളൻകൊല്ലി) II A നയന മുട്ടപ്പള്ളി (തരിയോട്) IIIA സ്നേഹ കുളങ്ങര (ചാരിറ്റി)

**ജൂനിയർ ബോയ്സ് കഥ**

I A തോമസ് ആനക്കല്ലിൽ (ചുങ്കക്കുന്ന്) II A നവിൽ തൊട്ടിയിൽ (കുറുമണി) III A ജോസൽ ജെയ്സൺ കൊട്ടുപറമ്പിൽ (ലക്കിടി)

**ജൂനിയർ ഗേൾസ് കഥ**

I A അമരിയ ഗ്രേസ് പനക്കൽ (ചെന്നലോട്) III A സിയാ പൂവക്കുന്നേൽ (മീനങ്ങാടി)

**ജൂനിയർ ചിത്രരചന**

I A ഫെബിൻ ആരിശേരിൽ (കണിയാരം) II A അമയ പൂഞ്ഞാട്ട് (കാട്ടിക്കുളം) III A ആൽബിൻ പൊറ്റനാനിക്കൽ (മീനങ്ങാടി)

**സീനിയർ ഗേൾസ് ഉപന്യാസം**

I A അലീന ചിറപുറം (പടമല) II A അലീന പാലമറ്റം (തലപ്പുഴ) III A ഡോണ നടുപറമ്പിൽ (താളിപ്പാടം)

**സീനിയർ ബോയ്സ് ഉപന്യാസം**

I A ജോയ്സ് ജോസ് പാലക്കൂട്ടത്തിൽ (കൊട്ടിയൂർ) II A ആദി ജേക്കബ് തുരുത്തിയിൽ (കൊട്ടിയൂർ) III A അഗസ്റ്റിൻ സാം വെള്ളിയാം കണ്ടത്തിൽ (കല്ലോടി)

**സീനിയർ ബോയ്സ് കഥ**

I A അബിൻ മത്തേക്കൽ (ചുള്ളിയാന) II A സച്ചു നെടുമ്പാറ (ചുള്ളിയോട്) III A ജെഫിൻ വാഴച്ചാലിൽ (നരിവാല മുണ്ട)

**സീനിയർ ഗേൾസ് കഥ**

I A ആൻസി വയലിൽ (ഒണ്ടയങ്ങാടി) II A ദിൽനാമരിയ കളപ്പുരക്കൽ (ചുള്ളിയോട്) III A അഭിന ഒറ്റത്തെങ്ങിൽ (നെടുമ്പാല) III A ജിത വടയപറമ്പിൽ (ബത്തേരി)

**സീനിയർ ഗേൾസ് കവിത**

IA ബിഷോണ മുകളേൽ (അടയ്ക്കാത്തോട്) II A സാൻമരിയ അറക്കക്കുന്നേൽ (പാടിച്ചിറ) III A എയ്ഞ്ചലീന മുഞ്ഞനാട്ട് (നടവയൽ)

**സീനിയർ ബോയ്സ് കവിത**

I B അജോ റോബർട്ട് മേക്കൽ (കണിയാരം) II B സാം മുണ്ടുനടക്കൽ (കാവുമന്ദം) II B ടെക്സ്ൻ വളവുംകണ്ടത്തിൽ (കല്ലോടി) III B എബിൻ കളരിക്കൽ (വിളമ്പുകണ്ടം)

**സീനിയർ ചിത്രരചന**

IA ഡോൺഫ്രാൻ ഞട്ടുകള (പോരൂർ) IIA അനഘ കൊട്ടേക്കുടി (മൂലങ്കാവ്) III A ദിലൂസ് പ്ലാശനാൽ (ചുണ്ടക്കര)

**സൂപ്പർ സീനിയർ ബോയ്സ് ഉപന്യാസം**

IA ജെയിംസ് കൊച്ചുവേലിക്കകത്ത് (കൊട്ടിയൂർ) II A ഷെബിൻ ജോർജ് തുമ്പശ്ശേരി (ദീപ്തിഗിരി) III A അരുൺ ചെറാടിയിൽ (പാലാങ്കര)

**സൂപ്പർ സീനിയർ ഗേൾസ് ഉപന്യാസം**

IA ഷീജ കാഞ്ഞിരക്കാട്ട് (കണിയാരം) IIA ആനീസ് പുന്നക്കാട്ടിൽ (കാവുമന്ദം) III A ജിഷ്മ കിഴക്കേൽ (നരിവാല മുണ്ട) **സൂപ്പർ സീനിയർ ബോയ്സ് കഥ**

I A സന്തോഷ് തെങ്ങുംപള്ളി (മണിമൂളി) I A ഷിബിൻ ജോർജ് തുമ്പശ്ശേരി (ദീപ്തിഗിരി) II A സിജോ ഇടമലയിൽ (പൂളപ്പാടം) III B മെബിൻ കാരക്കുന്നേൽ (പടമല)

**സൂപ്പർ സീനിയർ ഗേൾസ് കഥ**

I A ഇവിലിൻ പുത്തൻപുരയ്ക്കൽ (മരകാവ്) II A ജിൻഷ കൂട്ടുങ്കൽ (പട്ടാണിക്കൂപ്പ്) III A സിനി വാകയിൽ (നിലമ്പൂർ)

**സൂപ്പർ സീനിയർ ഗേൾസ് കവിത**

I A ക്രിസ്റ്റി വടക്കേക്കര (ഒറ്റപ്ലാവ്) II A അലാ പള്ളത്ത് (കല്ലോടി) III A ഷീജ കാഞ്ഞിരക്കാട്ട് (കണിയാരം)

**സൂപ്പർ സീനിയർ ബോയ്സ് കവിത**

I A ഷിനോജ് മാങ്കൂട്ടത്തിൽ (ബത്തേരി) II A അനീഷ് കുളത്തിങ്കൽ (ചെറുകാട്ടൂർ) III A മെബിൻ കാരക്കുന്നേൽ (പടമല)

**രൂപതാ സാഹിത്യമത്സത്തിൽ ഏറ്റവും കൂടുതൽ പോയന്റ് നേടിയ മേഖലകൾ.**

ചുങ്കക്കുന്ന്-181, ബത്തേരി -154, മാനന്തവാടി -128, മണിമൂളി - 128 രൂപതയുടെ അഭിനന്ദനങ്ങൾ

**ശാഖാ വാർത്തകൾ**

**കണിയാരം**

മിഷൻ മാസ ഉദ്ഘാടനവും അംഗത്വ നവീകരണവും രൂപതാ ഡയറക്ടർ ബഹു. മനോജ് അമ്പലത്തിങ്കൽ അച്ചൻ നിർവ്വഹിച്ചു. റ്റെസാ സ്കൂൾ സന്ദർശിക്കുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**പുതിയിടംകുന്ന്**

എട്ട് നോമ്പ് ആചരണത്തിൽ മിഷൻ ലീഗ് അംഗങ്ങൾ പങ്കെടുത്തു. എല്ലാ ദിവസവും പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനം നൽകി. വിശുദ്ധ മദർ തെരേസായുടെ തിരുനാൾ ദിനത്തോട് അനുബന്ധിച്ച് പ്രസംഗമത്സരം നടത്തി. മാതാവിന്റെ രൂപം അലങ്കരിക്കൽ മത്സരം നടത്തി. രോഗി സന്ദർശനം നടത്തി. കാരുണ്യ കിറ്റ് ശേഖരണം ക്ലാസ് അടിസ്ഥാനത്തിൽ നടത്തി.

**കരിമ്പ്**

എട്ട് നോമ്പിനോടനുബന്ധിച്ച് 1 മുതൽ 8 വരെ ഓരോ ദിവസവും പരിശുദ്ധ അമ്മയോടുള്ള സമർപ്പണ പ്രാർത്ഥന, പ്രത്യേക നിയോഗം, സുകൃതം എന്നിവ അടങ്ങിയ പോസ്റ്റർ തയ്യാറാക്കി ഗ്രൂപ്പിലിട്ടു. ബഹു. മാലിപ്പറമ്പിലച്ചന്റെ ഓർമ്മ ദിനത്തോടനുബന്ധിച്ച് പ്രത്യേകം പ്രാർത്ഥിച്ചു. ആശംസാ പോസ്റ്റർ തയ്യാറാക്കി. രൂപതയുടെ Fedar Foundation ന്റെ ഭാഗമായി 10,11,12 ക്ലാസുകളിലെ കുട്ടികൾക്ക് കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനോടനുബന്ധിച്ച് കുട്ടികളിൽ കുരിശിനോടുള്ള ആദരവ് വളർത്തുന്നതിന് കുരിശേ വന്ദനം CML അംഗങ്ങൾ വൈകുനേരത്തെ കുരിശുവരക്ക്ശേഷം ആദരവോടെ കുരിശു ചുംബിച്ചുകൊണ്ട് നടത്തി. മററുള്ളവർക്ക് പ്രചോദനം നൽ കാൻ ഫോട്ടോ എടുത്ത് ഗ്രൂപ്പിലിട്ടു. മിഷൻ മാസത്തോടനുബന്ധിച്ച് കുട്ടികളിൽ വചനത്തോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കാൻ, വചനം പഠിക്കാൻ CML അംഗങ്ങൾ ഒന്നു ചേർന്ന് ധാരാളം വചനം എഴുതുകയും എല്ലാ ദിവസവും വായിക്കുന്നതിന് സഹാ യിക്കുന്ന രീതിയിൽ അതുപയോഗിച്ച് വചനകൂടാരം നിർമ്മി ക്കുകയും പള്ളി പരിസരത്ത് സ്ഥാപിക്കുകയും ചെയ്തു. എല്ലാ ഞായറാഴ്ചയും സൺഡെ സ്റ്റാർ എടുത്ത് നിശ്ചിത കുട്ടിക്ക് എന്തെങ്കിലും ഒരു പ്രോഗ്രാം നടത്താൻ അവസരം നൽകുകയും സമ്മാനം നൽകി ആദരിക്കൂകയും ചെയ്തു.

**കയ്യുന്നി**

എട്ട്നോമ്പിൽ കുട്ടികൾ വിശുദ്ധബലിയിലും നൊവേനയിലും പങ്കുചേരുകയും എല്ലാ രോഗികളെയും സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. കുട്ടികളിലെ കലകളെ വളർത്തുന്നതിനുള്ള അവസരങ്ങൾ ഒരുക്കി കൊടുത്തു. അൾത്താര ശുശ്രൂഷികൾക്ക് പ്രാക്ടീസ് കൊടുത്തു.

**തോമാട്ടുച്ചാൽ**

ഗാന്ധി സദൻ സന്ദർശിച്ചു. ഇടവകയിലെ രോഗികളെ സന്ദർശിച്ചു. മാതാവിന്റെ ജനന തിരുനാൾ ആഘോഷിച്ചു.

**കൊട്ടിയൂർ**

കണിച്ചാർ ശിശുഭവൻ സന്ദർശനം, കണ്ടപ്പുനം പ്രൊവിഡൻസ് ഹോം സന്ദർശനം മിഷൻ ലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തി. ഗ്രൂപ്പ് ലീഡേഴ്സ് സംഗമവും, നേതൃത്വ പരിശീലന ക്ലാസും സംഘടിപ്പിച്ചു. ശ്രീ. ജോസ് ജോസഫ് വളവനാട്ട് ക്ലാസ് നയിച്ചു. മിഷൻമാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കുരിശടികളിൽ പതാക ഉയർത്തി. സേവന ദിനത്തിൽ കൊട്ടിയൂർ ഹോമിയോ ഡിസ്പെൻസറി പരിസരവും സെമിത്തേരിയും വൃത്തിയാക്കി.

**മൺവയൽ**

പരിശുദ്ധ അമ്മയുടെ ജനന തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാനയിലും ജപമാലയിലും നൊവേനയിലും അംഗങ്ങൾ പങ്കുചേർന്നു. സെപ്റ്റംബർ മാസം ലഹരി വിരുദ്ധ മാസമായി ആഘോഷിക്കുകയും ലഹരിക്ക് അടിമകളായ രണ്ടു വ്യക്തികളെ ഓരോരുത്തരും തെരഞ്ഞെടുത്ത് അവർക്ക് വേണ്ടി വ്യക്തിപരമായി പ്രാർത്ഥിച്ചു. ഗ്രൂപ്പുകളിൽ ലഹരിക്കെതിരെ മുദ്രാവാക്യങ്ങൾ, ഓൺലൈൻ ലഹരി വിരുദ്ധ സന്ദേശം, ലഹരി വിരുദ്ധ പോസ്റ്റർ എന്നിവ നടത്തി. ഗ്രൂപ്പ് അടിസ്ഥാനത്തിൽ കുട്ടികളെ ലഹരി ക്വിസ് മത്സരത്തിനായി ഒരുക്കി.

**റിപ്പൺ**

പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തി. മിഷൻ റാലിയും സ്നേഹവിരുന്നും നടത്തി. മണിപ്പൂർ സഹോദരങ്ങൾക്കായി പ്രാർത്ഥന കൂട്ടായ്മ നടത്തി. മണിപ്പൂർ ധനസഹായം ചെയ്തു. വിശുദ്ധ അന്നായുടെ തിരുനാൾ ദിനത്തിൽ അമ്മമാരെ ആദരിക്കുകയും സെമിനാർ സംഘടിപ്പിക്കുകയും ചെയ്തു. ഭവന സന്ദർശനവും രോഗി സന്ദർശനവും നടത്തി. 'ജീവൻ' എന്ന വിഷയത്തെപ്പറ്റി ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

**ചെറുകാട്ടൂർ**

നടവയൽമേഖല നടത്തിയ കൊച്ചുത്രേസ്യായുടെ രൂപ പ്രയാണത്തിന് ശാഖ ഭക്തിനിർഭരമായ സ്വീകരണം നല്കി. മിഷൻ മാസ ഉദ്ഘാടനം ചെറുകാട്ടൂർ ശാഖയുടെ മിഷൻ മാസ ഉദ്ഘാ

ടനം ഫാ. സജി നെടുങ്കല്ലേൽ നിർവ്വഹിച്ചു. Manipur my Mission ദിവ്യകാരുണ്യ ആരാധനയ്ക്ക് സി. അതുല്യ എം. എസ്. ജെ നേതൃത്വം നല്കി. 77-ാം സ്ഥാപക ദിനം ആഘോഷിച്ചു

**കല്ലോടി**

പരി. അമ്മയുടെ ജനനതിരുനാളിനൊരുക്കമായി മിഷൻ ലീഗ് അംഗങ്ങൾ ജപമാലയ്ക്ക് നേതൃത്വം നൽകുകയും, സമർപ്പണപ്രാർത്ഥന, നിയോഗം, സുകൃതം എന്നിവ അടങ്ങിയ പോസ്റ്റർ നിർമ്മിച്ച് ശാഖകളിൽ അയച്ചു. രോഗീസന്ദർശനം, കാരുണ്യ കിറ്റ് ശേഖരണം നടത്തി. സമരിറ്റൻ ഭവൻ സന്ദർശിച്ച് ഭക്ഷണകിറ്റ് വിതരണം, സാമ്പത്തിക സഹായം എന്നിവ ചെയ്തു. മിഷൻ വിളംബര ജാഥ ശാഖകളിൽ നടത്തി, ഭവനസന്ദർശനം നടത്തി. മിഷൻ മാസത്തിനൊരുക്കമായി കുട്ടികളിൽ വചനാഭിമുഖ്യം വളർത്തിയെടുക്കാൻ മിഷൻ ലീഗ് അംഗങ്ങൾ വചനം എഴുതുകയും എല്ലാ ദിവസവും വായിക്കുന്നതിന് സഹായിക്കുന്ന രീതിയിൽ അതുപയോഗിച്ച് വചനകൂടാരം നിർമ്മിച്ചു. മിഷൻ മാസ പ്രവർത്തനത്തിന് സഹായകമായി ചെറുപുഷ്പത്തിന്റെ പാതയിൽ നോട്ടീസ് തയ്യാറാക്കി.

ഈശോയിൽ പ്രിയരെ, ഒക്ടോബർ മാസപ്രവർത്തനങ്ങൾ ഭംഗിയായി നടന്നതിൽ സന്തോഷം. ഏറെ സ്നേഹത്തോടെ, ത്യാഗത്തോടെ, കൂട്ടായ പ്രവർത്തനങ്ങളിലൂടെ ശാഖ, മേഖല ഡയറക്ടേഴ്സിനോടു ചേർന്നു പ്രവർത്തിച്ച നിങ്ങളെ ഏവരെയും നന്ദിയോടെ ഓർക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. നവംബർ മാസം ദൈവസന്നിധിയിൽ വിലയം പ്രാപിച്ചവരെ കൂടുതലായി ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന മാസമാണല്ലോ. നമ്മുടെ സംഘടനയെ നയിച്ചവരെയും അംഗങ്ങളായിരുന്നവരെയും പ്രത്യേകം സ്മരിക്കാം.

**തങ്കച്ചൻ മാപ്പിളക്കുന്നൽ**

സി. എം. എൽ. രൂപത സെക്രട്ടറി.

## Department of Youth Ministry

**ലൈഫ് ട്രെയിനിങ്**

2023 സെപ്റ്റംബർ 26 ചൊവ്വാഴ്ച വൈകുന്നേരം 6 മണി മുതൽ 27-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് മൂന്നു മണിവരെ ദ്വാരക പാസ്റ്റർ സെന്ററിൽ വെച്ച് ലൈഫ് ട്രെയിനിങ് നടന്നു. 5 ബാച്ചുകളിലായി 50 വിദ്യാർത്ഥികൾ ട്രെയിനിങ്ങിൽ പങ്കുചേർന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ പരിശീലനത്തിന് നേതൃത്വം നൽകി. ബ്രെയിൻ മാപ്പിങ്ങ്, ഗോൾ സെറ്റിങ്, എന്നീ വിഷയങ്ങളിലാണ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയത്. വിദ്യാർത്ഥികൾ വ്യക്തിപരമായി ടൈംടേബിൾ തയ്യാറാക്കുകയും ജീവിത ക്രമീകരണം നടത്തുകയും ചെയ്തു. സി. ആൻസി തോമസ് സി.എം.സി, സി. ഡെൽഫി മരിയ സി.എം.സി എന്നിവരാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.

**ഒക്ടോബർ മാസ ലൈഫ് പരിശീലനം**

2023 ഒക്ടോബർ 13-ാം വെള്ളിയാഴ്ച വൈകുന്നേരം 6 മണി മുതൽ 14-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിവരെ ദ്വാരക പാസ്റ്റർ സെന്ററിൽ വെച്ച് ലൈഫ് ട്രെയിനിങ് നടന്നു. 41 പേർ പങ്കുചേർന്ന ഈ പരിശീലനത്തിൽ ഓരോ ബാച്ചിനും വിഷയാടിസ്ഥാനത്തിൽ പ്രത്യേക പരിശീലനം നൽകി. 2019 ലൈഫ് ബാച്ചുകാർക്ക് ഫിസിക്സ് വിഷയത്തിൽ അരുൺ കമ്മനയും, 2020 ബാച്ചിന് ഫിസിക്സ് വിഷയത്തിൽ നവ്യ കൂളിവയലും, 2021 ബാച്ചിന് ഫിസിക്സ് വിഷയത്തിൽ ഡൊണാൾഡ് കണിയാരവും ലൈഫ് 2022 ബാച്ചിന് മാത്സ് വിഷയത്തിൽ ജെസ്‌ലി ചെന്നലോടും ക്ലാസുകൾ നയിച്ചു. 2023 ബാച്ചിന് ലൈഫ് ട്രെയിനിങ് സീനിയർ ബാച്ച് വിദ്യാർഥിനി ഐറിൻ മേരി സജി പ്രസംഗ പരിശീലനവും നൽകി. വിദ്യാർത്ഥികൾ വളരെ നന്നായി ക്ലാസുകളോട് പ്രതികരിച്ചു. അധ്യാപകർക്ക് ഹൃദയം നിറഞ്ഞ നന്ദി. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി തോമസ് സി. എം. സി, സി. ഡെൽഫി മരിയ സി. എം.സി

എന്നിവർ പരിശീലനങ്ങൾക്ക് നേതൃത്വം നൽകി. ഇതിനോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ പിറന്നാളുകൾ മധുര പലഹാരങ്ങൾ നൽകി ആഘോഷിക്കുകയും ചെയ്തു.

**അഭിനന്ദനങ്ങൾ**

കേരള ലോ എൻട്രൻസ് പരീക്ഷയിൽ ലൈഫ് ട്രെയിനിങ് പൂർവ്വ വിദ്യാർത്ഥിനിയും ചിത്രഗിരി ഇടവകാംഗവുമായ മച്ചുകുഴി യിൽ അഥീന സണ്ണി ജനറൽ കാറ്റഗറിയിൽ സെക്കൻഡ് റാങ്കും ഓൾ കേരളയിൽ 56-ാം റാങ്കും നേടി ഉന്നത വിജയം കരസ്ഥമാക്കി. അഥീനയ്ക്ക് യൂത്ത് മിനിസ്ട്രിയുടെ ഹൃദയം നിറഞ്ഞ അനുമോദ നങ്ങൾ.

## SHORT WAY

വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ചുള്ള നൊവേന ദിനങ്ങളിൽ SHORT WAY എന്ന പേരിൽ സ്റ്റാറ്റസ് വീഡിയോസ് നിർമ്മിച്ച് എല്ലാവർക്കും നൽകി. യൂത്ത് മിനിസ്ട്രി ടീം അതിന് നേതൃത്വം വഹിച്ചു.

**ജപമാല റാണി**

ഒക്ടോബർ മാസത്തിൽ പരിശുദ്ധ അമ്മയെ പ്രകീർത്തിച്ചു കൊണ്ടുള്ള സ്റ്റാറ്റസ് വീഡിയോസ് 'ജപമാല റാണി' എന്ന പേരിൽ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ പുറത്തിറക്കി. ലൈഫ് 2020 ബാച്ചിലെ ആൻ മരിയ അജിൻ അതിന് നേതൃത്വം വഹിച്ചു. ആൻ മരിയയ്ക്ക് അഭിനന്ദനങ്ങൾ.

**സി. ആൻസി തോമസ് സി.എം.സി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**പേൾ 2023 കലാമത്സരം**

തിങ്കൾ ശോഭയിൽ ബത്തേരിയുടെ മണ്ണിൽ ആവേശത്തിന്റെയും ആരവത്തിന്റെയും ആസ്വാദനത്തിന്റെയും നിറക്കാഴ്ച്ചകൾ ഇടകലർന്നപ്പോൾ, അഭിമാനകരമായ വിജയ കൊടിപാറിച്ച് യുവ ഹൃദയങ്ങളിൽ അവിസ്മരണീയ ദിനം സമ്മാനിച്ച്, കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ പേൾ 2023 കലോത്സവം നടത്തപ്പെട്ടു. യുവത്വത്തിന്റെ കഴിവുകൾ ആറ്റികുറുക്കി, കലോത്സവ വേദിയിൽ മിന്നും പ്രകടനങ്ങൾ കാഴ്ചവെച്ച് കലാമാമാങ്കത്തിന്റെ ശക്തമായ മുന്നേറ്റത്തിൽ രാജാക്കന്മാരായി കിരീടം ചൂടി കെ.സി. വൈ. എം മുള്ളൻകൊല്ലി മേഖല. പോരാട്ടവീര്യം ഒട്ടും ചോരാതെ മികച്ച പ്രകടനം കാഴ്ചവെച്ചു കൊണ്ട് കെ.സി.വൈ.എം തരിയോട് മേഖല രണ്ടാം സ്ഥാനത്തിന് അർഹരായപ്പോൾ, മത്സരവസാനം വരെ ഇരു മേഖലകൾക്കും വെല്ലുവിളി ഉയർത്തിക്കൊണ്ട് മികച്ച പ്രകടനത്തിനൊടുവിൽ കെ. സി. വൈ. എം മാനന്തവാടി മേഖല മൂന്നാം സ്ഥാനത്തിന് അർഹരായി.

**നാമഹേതുക തിരുനാൾ ആശംസകൾ**

കെ. സി. വൈ. എം മാനന്തവാടി രൂപതയെ നയിക്കുന്ന ഡയറക്ടർ പ്രിയപ്പെട്ട സാന്റോ അമ്പലത്തറ അച്ചന് നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേർന്നു.

**ജന്മദിനാശംസകൾ**

കെ. സി. വൈ. എം മാനന്തവാടി രൂപത സിൻഡിക്കേറ്റ് മെമ്പറും രൂപത മുൻ ആനിമേറ്ററുമായ സി സാലി ആൻസ് സി. എം. സിക്കും. കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ ഉപാധ്യക്ഷ കുമാരി. മെലിൻ ആന്റണി പുളിക്കിയിലിനും ജന്മദിനാശംസകൾ.

**അഭിനന്ദനങ്ങൾ**

കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ ആഗസ്റ്റ് പ്രവർത്തന മാസാചരണത്തിൽ, മികച്ച മേഖലയായി തിരഞ്ഞെടുക്കപ്പെട്ട

നീലഗിരി മേഖലക്കും, വ്യത്യസ്തവും, മികവുറ്റതുമായ പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച എല്ലാ യൂണിറ്റുകൾക്കും അഭിനന്ദനങ്ങൾ. വിവിധ മേഖലകളിൽ നിന്നും മികച്ച യൂണിറ്റുകളായി തിരഞ്ഞെടുക്കപ്പെട്ട വള്ളിക്കെട്ട് (നിലമ്പൂർ), നരിവാലമുണ്ട (മണിമൂളി), വിളമ്പുകണ്ടം (ദ്വാരക), മൺവയൽ (നീലഗിരി), വലിയകൊല്ലി (മാനന്തവാടി), തരിയോട് (തരിയോട്), ശിശുമല (മുള്ളൻകൊല്ലി), തോമാട്ടുചാൽ (ബത്തേരി), കൊട്ടിയൂർ (ചുങ്കക്കുന്ന്), ചുണ്ടക്കര (നടവയൽ) എന്നീ യൂണിറ്റുകൾക്ക് അഭിനന്ദനങ്ങൾ.

**മേഖലാ വാർത്തകൾ**

**മാനന്തവാടി**

ഒക്ടോബർ 15 കണിയാരം പള്ളിയിൽ വച്ച് സെക്രട്ടറിയേറ്റ് മീറ്റിംഗ് കൂടുകയും കലാ മത്സരങ്ങളെ കുറിച്ച് ചർച്ചകൾ നടത്തുകയും ചെയ്തു. പാവങ്ങളുടെ അമ്മയായ വി. മദർ തെരേസയുടെ തിരുനാൾ ആശംസകൾ അറിയിച്ചു. മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ കലാമത്സരങ്ങൾ നടത്തി. മത്സരത്തിന് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കണിയാരം യൂണിറ്റ്, രണ്ടാം സ്ഥാനം കരസ്ഥമാക്കിയ തവിഞ്ഞാൽ യൂണിറ്റ് എന്നിവർക്ക് സെക്രട്ടറിയേറ്റ് മീറ്റിംഗിൽ വച്ച് മാനന്തവാടി മേഖല ഡയറക്ടർ നിതിൻ അച്ചൻ ട്രോഫികൾ കൈമാറി. ആഗസ്റ്റ് മാസത്തിൽ മികച്ച പ്രവർത്തനങ്ങൾ നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചതിൽ വലിയകൊല്ലി യുണിറ്റ് ഒന്നാം സ്ഥാനവും, കണിയാരം, തലപ്പുഴ യൂണിറ്റുകൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ആഗസ്റ്റ്മാസം വ്യത്യസ്തങ്ങളായ കർമ്മപരിപാടികളോടെ മനോഹരമാക്കുവാൻ അദ്ധ്വാനിച്ച കെ. സി. വൈ. എം മാനന്തവാടി മേഖലയിലെ എല്ലാ യൂണിറ്റുകൾക്കും അഭിനന്ദനങ്ങൾ അറിയിച്ചു. മേഖല ജോയിൻ സെക്രട്ടറിയായ എബിൻ ഷാജിക്ക് ജന്മദിനാശംസകൾ അറിയിച്ചു. കണിയാരം കത്തീഡ്രൽ പള്ളിയിൽ വച്ച് സെക്രട്ടറിയേറ്റ് മീറ്റിംഗ് കൂടി. കെ. സി. വൈ. എം മാനന്തവാടി രൂപതാ സാഹിത്യമത്സരത്തിൽ മാനന്തവാടി മേഖലയ്ക്ക് അഭിമാനമായി കാർട്ടൂൺ രചനയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അരുൺ കുറിയിടത്തിനും (തവിഞ്ഞാൽ), രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ജസ്റ്റിൻ കളപ്പുരക്കും (ആലാറ്റിൽ), അഭിനന്ദനങ്ങൾ അറിയിച്ചു. വി. കൊച്ചുത്രേസ്യയുടെ തിരുനാൾ ദിനത്തിൽ വിശുദ്ധയുടെ നാമധാരികളായ കെ. സി.

വൈ. എം ആലാറ്റിൽ യൂണിറ്റിലെ ആനിമേറ്റർ ആയ സി. റ്റിൽസിക്കും, വാളാട് യുണിറ്റിനെ നയിക്കുന്ന സി. തെരേസിനും നാമഹേതുക തിരുനാൾ മംഗളങ്ങൾ ആശംസിച്ചു. രൂപതാ കലാ മത്സരം 'പേൾ 2023'ൽ മാനന്തവാടി മേഖല മൂന്നാം സ്ഥാനം കരസ്ഥമാക്കി, വി. ഫ്രാൻസീസ് അസീസിയുടെ തിരുനാൾ ദിന ത്തിൽ നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന കെ. സി. വൈ. എം മാനന്തവാടി മേഖല മുൻ ഡയറക്ടർ ലിൻസൺ അച്ചന് ആശം സകൾ അറിയിച്ചു.

**മുള്ളൻകൊല്ലി**

കെ. സി. വൈ. എം മാനന്തവാടി രൂപത അണിയിച്ചൊരു ക്കിയ കലാമാമാങ്കം പേൾ 2023 കലാസാഹിത്യ മത്സരത്തിൽ 166 പോയിന്റോടെ ഓവറോൾ ചാമ്പ്യൻഷിപ്പ് മുള്ളൻകൊല്ലി മേഖല കരസ്ഥമാക്കി. കെ. സി. വൈ. എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ഓരോ രൂപതയിലും ജപമാല നടത്തുന്നതിന്റെ ഭാഗമായി മാനന്തവാടി രൂപതയിൽ നടത്തപ്പെട്ട ഓൺലൈൻ ജപ മാലയിൽ മേഖലയിൽ നിന്നും യുവജനങ്ങൾ പങ്കാളികളായി.

**യൂണിറ്റ് വാർത്തകൾ**

**തരിയോട്**

മേഖല രൂപത കലാ മത്സരങ്ങൾക്കായി എല്ലാ ദിവസവും ഇടവകയിൽ പ്രാക്ടീസ് നടത്തി. കൃത്യമായ പ്രാക്ടീസ് കൊണ്ടും സംഘടനാപരമായ ഐക്യം കൊണ്ടും മേഖല മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. രൂപതാ മത്സരത്തിൽ മേഖലയെ കേന്ദ്രി കരിച്ചു പങ്കെടുത്ത പരിപാടികളിൽ കുട്ടികൾക്ക് മികച്ച വിജയം കണ്ടെത്തുവാനും, രൂപതയിൽ മേഖല രണ്ടാം സ്ഥാനം കരസ്ഥ മാക്കുകയും ചെയ്തു. തരിയോട് ഇടവകയുടെ കപ്പേളയിലെ തിരു നാളിനോട് ഒരുക്കമായി രൂപങ്ങൾ വൃത്തിയാക്കുകയും, അലങ്കാ രങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

**മക്കിയാട്**

സെപ്റ്റംബർ 8 ന് ഒരുക്കമായുള്ള ജപമാലയിൽ സജീവ മായി എട്ടു ദിവസവും പങ്കെടുത്തു. ദിവ്യകാരുണ്യ ആരാധന നടത്തി പ്രാർത്ഥിച്ചു. സെപ്റ്റംബർ 8 ന് മാതാവിന്റെ രൂപം അലങ്കരിച്ചു. മദ്യവിരുദ്ധ ക്ലബ്ബ് രൂപീകരിച്ചു. വിശുദ്ധ വിൻസെന്റ് ഡി പോൾ

തിരുനാൾ ദിനത്തിൽ വിൻസെന്റ് ഡി പോൾ അംഗങ്ങൾക്ക് തിരുനാൾ ആശംസകൾ നേർന്നു. പേൾ 2023 കലാമത്സരത്തിൽ പങ്കെടുത്തു. മേഖലയിൽ മൂന്നാം സ്ഥാനം നേടി. രോഗീസന്ദർശനം നടത്തി അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

**പുതുശ്ശേരിക്കടവ്**

വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ, വിശുദ്ധ മത്തായി ശ്ലീഹയുടെ തിരുനാൾ, വ്യാകുല മാതാവിന്റെ തിരുനാൾ, കാവൽ മാലാഖയുടെ തിരുനാൾ, വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ, എന്നീ തിരുനാളുകൾ ആചരിക്കുകയും തിരുനാൾ ദിവസങ്ങളിൽ യുവജനങ്ങൾ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുകയും ചെയ്തു. ലോക അധ്യാപക ദിനത്തിന്റെ ആശംസകൾ എല്ലാ അധ്യാപകർക്കും നേർന്നു. പുഞ്ചിരി ദിനത്തിന്റെ ആശംസകൾ സോഷ്യൽ മീഡിയയിലൂടെ പങ്കുവെച്ചു. സ്റ്റാറ്റസ് മാർച്ച് നടത്തി ചിങ്ങം ഒന്ന് കർഷക ദിനത്തിൽ ഇടവകയിലെ കർഷകരെ ആദരിച്ചു. യുവ കർഷകർക്ക് ചീനി തൈ നൽകി. ദൈനംദിന ജീവിതത്തിൽ പാപത്തിന് അടിമപ്പെട്ടു കഴിയുന്ന യുവജനങ്ങളുടെ മാനസാന്തരത്തിന് വേണ്ടി ഒരു നേരം ഉപവസിക്കുകയും, വചനം വായിച്ച് ധ്യാനിക്കുകയും ചെയ്തു. പള്ളിയിലെ പൂന്തോട്ടം വൃത്തിയാക്കുകയും കിണർ തേവിവെള്ളം ശുദ്ധീകരിക്കുകയും ചെയ്തു. സിമിത്തേരി ക്ലീനിങ് നടത്തി. വിദേശത്ത് പഠനത്തിനും ജോലിക്കും ആയി പോയിരിക്കുന്ന എല്ലാ യുവജനങ്ങൾക്കും വേണ്ടി പ്രാർത്ഥനാദിനമായി ആചരിച്ചു. ഇടവകയിലെ കുട്ടികൾക്കുവേണ്ടി ഫാ. പോൾ ഇടയ്കൊണ്ടാട്ട് ജർമ്മൻ ഭാഷ ക്ലാസ്സ് സംഘടിപ്പിച്ചു.

**കയ്യൂന്നി**

ഓണാഘോഷത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി കെ.സി. വൈ. എം ന്റെ നേതൃത്വത്തിൽ വിവിധ ഭക്ത സംഘടനകളുടെയും മതാധ്യാപകരുടെയും മീറ്റിംഗ് ബഹു. ബിജു പൊൻപാറയ്ക്കൽ അച്ചന്റെ സാന്നിധ്യത്തിൽ നടത്തി. കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും വ്യത്യസ്ത മത്സരങ്ങളും വടംവലി, പൂക്കള മത്സരം എന്നിവയും നടത്തി. പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാൾ ആഘോഷത്തിൽ, നേർച്ച ഭക്ഷണ വിതരണത്തിനും മറ്റു കാര്യങ്ങൾക്കും യുവജനങ്ങൾ നേതൃത്വം നൽകി.

**പുതിയിടംകുന്ന്**

ഇടവകയുടെ ഏകദിന പ്രാർത്ഥന ദിനത്തോടനുബന്ധിച്ച് ഭക്ഷണം ഉണ്ടാക്കാനായി കെ. സി. വൈ. എം അംഗങ്ങൾ സഹായിച്ചു. സമരിറ്റൻ ഭവൻ സന്ദർശിച്ച് ആവശ്യമായ ഭക്ഷണ കിറ്റ് വിതരണം ചെയ്തു. അന്തേവാസികളോട് ചേർന്ന് വിവിധ പ്രോഗ്രാമുകൾ അവതരിപ്പിക്കുകയും ഏകദേശം രണ്ടുമണിക്കൂറോളം അവരോടൊപ്പം ചെലവഴിക്കുകയും ചെയ്തു. ഗ്രൂപ്പിൽ വചനം പങ്കിടുന്നു. അനുദിന വിശുദ്ധനെ കുറിച്ചുള്ള മെസ്സേജ് അയയ്ക്കുകയും ചെയ്യുന്നു. ഭാരവാഹികൾ മേഖല അടിസ്ഥാനത്തിലുള്ള കലാമത്സരങ്ങളിൽ സജീവമായി സഹകരിച്ചു.

**അഭിനന്ദ് ജോർജ്ജ് കൊച്ചുമലയിൽ**
ജനറൽ സെക്രട്ടറി

**വിവാഹ ഒരുക്ക കോഴ്സ്**

സെപ്റ്റംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 56 പേരും, ഒക്ടോബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 65 പേരും പങ്കെടുത്തു. നവംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 11, 12, 13, 14 തിയതികളിലും ഡിസംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 10,11,12,13 എന്നീ തിയതികളിലും മണിമൂളിയിൽ നവംബർ മാസം 25, 26, 27 എന്നീ തിയതികളിലും നടത്തപ്പെടുന്നു.

**Globel Meet 2023**

മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന അന്തർദേശീയ മാതൃവേദിയുടെ ജനറൽ ബോഡി യോഗത്തിൽ മാനന്തവാടി രൂപത മാതൃവേദി ടീം അംഗങ്ങൾ പങ്കെടുക്കുകയും ജനുവരി മുതൽ ജൂൺ വരെയുള്ള പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഗ്ലോബൽ മീറ്റിന് ആരംഭം കുറിച്ചുകൊണ്ട് അന്തർദേശീയ മാതൃവേദിയുടെ വൈസ് പ്രസിഡണ്ടും മാനന്തവാടി രൂപത മാതൃവേദിയുടെ സെനറ്റ് അംഗവുമായ ശ്രീമതി ഗ്രേസി ജേക്കബ് പതാക ഉയർത്തി. ഈ മീറ്റിന്റെ ഉദ്ഘാടനാ കർമ്മം നിർവഹിച്ചത് കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാനായ മാർ.ജോസ് പുളിക്കൽ പിതാവാണ്. പ്രാർത്ഥിക്കുക, പ്രവർത്തിക്കുക, പ്രതിനിധികരിക്കുക എന്നതായിരിക്കണം ഓരോ അമ്മയുടെയും ജീവിതലക്ഷ്യം എന്ന് പിതാവ് ഓർമിപ്പിച്ചു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി.10 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് നവംബർ 21

**മേഖലാ വാർത്തകൾ**

**ബത്തേരി**

മേഖല മാതൃവേദിയുടെ നേതൃത്വത്തിൽ മാനന്തവാടി മൈനർ സെമിനാരി സന്ദർശിക്കുകയും സെമിനാരി വിദ്യാർത്ഥികൾക്ക് വേണ്ടി ശേഖരിച്ച സെമിനാരി ഫണ്ട് നൽകുകയും

ചെയ്തു. റവ. ഫാ. ജെയ്സ് പൂതക്കുഴി (ഡയറക്ടർ ബത്തേരി മേഖല മാതൃവേദി) മേഖലാ ആനിമേറ്റർ സി. റോസ് ടോം, പ്രസിഡണ്ട് മോളി ബേബി മാമൂട്ടിൽ എന്നിവർ നേതൃത്വം നൽകി.

**മണിമൂളി**

എട്ടുനോമ്പ് ആചരണഭാഗവുമായി മേഖലയിൽനിന്ന് ശാഖ ആനിമേറ്റേഴ്സ് വീഡിയോ സന്ദേശം നൽകി. മേഖല എക്സിക്യൂട്ടീവ് കൂടി. അതിനുശേഷം മണിമൂളി ശാഖ മേഖല എക്സിക്യൂട്ടീവ് സന്ദർശിച്ചു. മാതൃദിന ആശംസകൾ നേർന്നു. എക്സിക്യൂട്ടീവ് അംഗമായ ഷിജയുടെ വിവാഹ വാർഷികത്തിൽ ആശംസകൾ നേർന്നു. നരിവാലമുണ്ട ശാഖ മേഖല എക്സിക്യൂട്ടീവ് സന്ദർശിക്കുകയും ശാഖ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. മേഖല തലത്തിലുള്ള മരിയൻ ക്വിസ് നടത്തി വിജയികളെ തെരഞ്ഞെടുത്തു.

**ദ്വാരക**

മേഖലയിലെ അമ്മമാർ നോമ്പെടുത്ത്, നിയോഗങ്ങൾ സമർപ്പിച്ച് ജപമാലയർപ്പിച്ച് ഭക്തിപൂർവ്വം എട്ടു നോമ്പാചരണം നടത്തി. കുർബ്ബാന മധ്യേ കാഴ്ചസമർപ്പണം നടത്തുകയും വായനകൾ ഏറ്റെടുത്തു ചെയ്യുകയും ചെയ്തു. അദ്ധ്യാപക ദിനത്തിൽ യൂണിറ്റുകളിൽ അധ്യാപകരെ ആദരിച്ചു. മേഖല എക്സിക്യൂട്ടീവ് പനമരം നവജ്യോതി വൃദ്ധമന്ദിരം സന്ദർശിച്ചു. മേഖലയിലെ യൂണിറ്റുകളിൽ ഈ ഒരു മാസം മുഴുവനും രൂപത വൈദികരെ സമർപ്പിച്ച് അമ്മമാർ പ്രാർത്ഥിച്ചു.

**ശാഖാ വാർത്തകൾ**

**സീതാമൗണ്ട്**

മാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് മരിയൻ ചിന്തകൾ വാട്സ്ആപ്പിലൂടെ ഇടവകാ ജനങ്ങളിലേക്ക് എത്തിച്ചു. യൂണിറ്റിലെ ഭവന നിർമ്മാണത്തിനായി 2000/- രൂപ സംഭാവന നൽകി. വി. മത്തായി ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ വികാരി അച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു.

**മരകാവ്**

മാതാവിന്റെ ജനന തിരുനാൾ സമുചിതമായി ആഘോഷിച്ചു. രോഗീസന്ദർശനം നടത്തി. മാനന്തവാടി ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിന് സഹായിക്കാൻ പോയി. വൈദികർ, സന്യസ്തർ എന്നിവരുടെ മാതാപിതാക്കളെ സന്ദർശിച്ചു. ശാഖാ

വാർഷിക റിപ്പോർട്ട് തയാറാക്കി. മരിയൻഗാന മത്സരത്തിൽ പങ്കെടുത്തു. ദേവാലയവും പരിസരവും വൃത്തിയാക്കി.

**അമരക്കുനി**

മാതാവിന്റെ ജനന തിരുനാൾ സമുചിതമായി ആഘോഷിച്ചു. കാഴ്ച സമർപ്പണം നടത്തി. രോഗീസന്ദർശനം നടത്തി.

**തേൾപാറ**

മാതാവിന്റെ ജനനതിരുനാൾ സമുചിതമായി ആഘോഷിച്ചു. എട്ടാം തീയതി എല്ലാ അമ്മമാരും കാഴ്ചവെപ്പ് നടത്തി. എല്ലാ വീടുകളിൽ നിന്നും നേർച്ച ഭക്ഷണം ഉണ്ടാക്കി കൊണ്ടുവന്നു.

**വൈത്തിരി**

മാതാവിന്റെ ജനന തിരുനാൾ, വി. മദർ തെരേസയുടെ തിരുനാൾ, മാതൃദിനം എന്നിവ സമുചിതമായി ആഘോഷിച്ചു. കൽപ്പറ്റയിലെ ക്ലാര ഭവൻ സന്ദർശിച്ചു.7000 രൂപയും ബേക്കറി സാധനങ്ങളും നൽകി. അർദ്ധ വാർഷിക റിപ്പോർട്ട് മേഖലയ്ക്ക് നൽകി. എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. വൈത്തിരി താലൂക്ക് ആശുപത്രിയിൽ ഭക്ഷണം നൽകി.

**പനംഞ്ചിറ**

മാതാവിന്റെ ജനന തിരുനാൾ, മാതൃദിനം എന്നിവ സമുചിതമായി ആഘോഷിച്ചു. അൾത്താര നവീകരണ പ്രവർത്തനങ്ങൾക്കായി മാതൃദിനത്തിന്റെ കാഴ്ചവയ്പ്പിന്റെ തുക നൽകി. മേഖലാ ക്വിസ് മത്സ രത്തിൽ ഇടവകയിൽ നിന്നും മൂന്നു പേർ പങ്കെടുത്തു. മേഖലാ സന്ദർശനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. രോഗീ സന്ദർശനം നടത്തി.

**പാലാങ്കര**

മാതാവിന്റെ ജനനതിരുനാൾ, മാതൃദിനം എന്നിവ സമുചിതമായി ആഘോഷിച്ചു. മാതൃവേദി അംഗത്തിന്റെ കിഡ്നി മാറ്റി വെക്കൽ ശസ്ത്രക്രിയക്കുള്ള ധന സമാഹരണം നടത്തി. രോഗീ സന്ദർശനം നടത്തി.

**പുതുശ്ശേരിക്കടവ്**

മാതാവിന്റെ ജനന തിരുനാൾ, മാതൃദിനം, അദ്ധ്യാപക ദിനം എന്നിവ ആചരിച്ചു. വിവാഹ തടസ്സം നേരിടുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ നടത്തി. കെ.സി വൈ.എം, സി.എം.എൽ സംഘടനകളോട് ചേർന്ന് ആക്രി പെറുക്കുന്നതിന് സഹകരിച്ചു. മരിയൻ ഗാനം ആലപിച്ചു. മേഖല ക്വിസ്സിനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടത്തി. പരിച മുട്ടിന് ആവശ്യമായുള്ള ഡ്രസ്സുകൾ തയ്ച്ചു

കൊടുത്തു. വൈദിക സന്യസ്തരുടെ ഭവനങ്ങൾ സന്ദർശിച്ചു സെമിനാർ നടത്തി.

**കോട്ടത്തറ**

എക്സിക്യൂട്ടീവ് മീറ്റിംഗ്, ജനറൽ ബോഡി മീറ്റിംഗ് എന്നിവ നടത്തി. അധ്യാപകദിനം, വി. മദർ തെരേസ തിരുനാൾ, മാതാവിന്റെ ജനന തിരുനാൾ, മാതൃദിനം എന്നിവ ആചരിച്ചു. രോഗി സന്ദർശനം നടത്തി. വീടുകളിൽ ശേഖരിക്കുന്ന പിടിയരി കളക്ട് ചെയ്യാൻ ആരംഭിച്ചു. സാന്ത മോനിക്ക പ്രാർത്ഥനയിൽ പങ്കെടുത്തു.

**കയ്യൂന്നി**

8 നോമ്പ് ആചരണം, ആദ്യ വെള്ളി ആചരണം, ചെയിൻ റോസറി എന്നിവ നടത്തി. അദ്ധ്യാപക ദിനം, മാതൃദിനം, ജനാധിപത്യദിനം, എന്നിവ ആചരിച്ചു. പരിശുദ്ധ അമ്മയുടെ പിറവി തിരുനാൾ. വി. കുരിശിന്റെ പുകഴ്ച തിരുനാൾ എന്നിവ അനുസ്മരിച്ചു.ലോഗോസ് പരീക്ഷയ്ക്ക് പരിശീലനം നൽകി. പള്ളിയും, പരിസരങ്ങളും വൃത്തിയാക്കി.

**ബത്തേരി**

8 നോമ്പ് ആചരിച്ചു. വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു. വി. മദർ തെരേസ, മാതൃ ദിനം, അധ്യാപക ദിനം എന്നിവ ആചരിച്ചു. വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു. ഇടവക യിൽ വെച്ച് നടത്തിയ ശാലോം ടി.വി.യുടെ സൗഖ്യാരാധനയിൽ പങ്കെടുത്തു. ഗർഭിണികൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു.

**പ്രശാന്തിഗിരി**

8 നോമ്പ് ആചരിച്ചു. ജപമാലയ്ക്ക് നേതൃത്വം നൽകി. എട്ടു ദിവസവും പള്ളിയിൽ വന്ന അമ്മമാരുടെ പേരുകൾ നറുക്കിട്ട് 'ലക്കി മേരി ' ആയ വ്യക്തിക്ക് സമ്മാനം നൽകി. എല്ലാ ദിവസവും രൂപതയിലെ രണ്ടു വൈദികർക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. അമ്മ മാസികയുടെ വിതരണം പുനർ ആരംഭിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**കബനിഗിരി**

മദർ തെരേസയുടെ തിരുനാൾ, കാവൽ മാലാഖയുടെ തിരുനാൾ, അദ്ധ്യാപകദിനം എന്നിവ ആചരിച്ചു. ജനറൽ ബോഡി മീറ്റിംഗ്, സെമിനാർ എന്നിവ നടത്തി. മേഖലാ മരിയൻ ഗാന മത്സരത്തിൽ പങ്കെടുത്തു. സാരിലേലം നടത്തി. മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

**ടൗൺ ചർച്ച് മാനന്തവാടി**

8 നോമ്പ് ആചരിച്ചു. കാഴ്ച സമർപ്പണം നടത്തി. 8850 രൂപ ലഭിച്ചു. മദർ തെരേസയുടെ തിരുനാൾ, അദ്ധ്യാപകദിനം എന്നിവ ആചരിച്ചു. സെമിനാരി പഠന സഹായമായി 5000 രൂപ നല്കി. പഠന സഹായമായി ഒരു കുട്ടിയ്ക്ക് 2000 രൂപ നൽകി. സാന്താ മോനിക്ക പ്രാർത്ഥനയിൽ പങ്കെടുത്തു.

**യവനാർകുളം**

8 നോമ്പ് ആചരിച്ചു. കാഴ്ച സമർപ്പണം നടത്തി. പ്രായമായ അമ്മമാരെയും രോഗികളെയും സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. ലോഗോസ് ക്വിസ് പരീക്ഷയിൽ പങ്കെടുത്തു.

**യവനാർകുളം**

8 നോമ്പ് ആചരിച്ചു. ജപമാലയ്ക്ക് നേതൃത്വം നൽകി. പ്രായമായ അമ്മമാരെയും രോഗികളെയും സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.ലോഗോസ് ക്വിസ് മത്സരം പരീക്ഷയിൽ പങ്കെടുത്തു.

**മഞ്ഞൂറ**

കൽപ്പറ്റ ഗവ. ഹോസ്പിറ്റലിൽ ഉച്ച ഭക്ഷണം തയ്യാറാക്കി കൊടുത്തു. രോഗി സഹായമായി 1000 രൂപ നൽകി. പള്ളിക്കുന്ന് പള്ളിയിൽ തീർത്ഥാടനം നടത്തി.

**പുതിയിടംകുന്ന്**

വാട്സ്ആപ്പ് ഗ്രൂപ്പിലേക്ക് വചനം, സാന്താമോനിക്ക പ്രാർത്ഥന എന്നിവ നല്കുന്നു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. സമരിറ്റൻ ഭവന സന്ദർശനം നടത്തി, ഭക്ഷണകിറ്റ് നൽകി. എല്ലാ ദിവസവും പള്ളിയിൽ വന്ന അമ്മമാരിൽ നിന്നും ലക്കി മേരിയെ തിരഞ്ഞെടുത്തു.

**തവിഞ്ഞാൽ**

8 നോമ്പ് ആചരിച്ചു. എക്സിക്യൂട്ടീവ് കൂടി. വി. മദർ തെരേസ തിരുനാൾ, മാതൃദിനം എന്നിവ ആചരിച്ചു. രോഗീ സന്ദർശനം നടത്തി. ദിവ്യകാരുണ്യ ആരാധന നടത്തി.

**പോരൂർ**

8 നോമ്പ് ആചരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടിവ് കൂടി. രോഗി സന്ദർശനം നടത്തി. മേഖല കൊളാഷ് നിർമ്മാണ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. ഉപന്യാസ മത്സരത്തിൽ മൂന്നാം സ്ഥാനം നേടി.

**മരക്കടവ്**

8 നോമ്പ് ആചരിച്ചു.പള്ളിയിലേക്കുള്ള റോഡിലെ കാടുകൾ വെട്ടി വൃത്തിയാക്കി. പൊതു ലൈബ്രറി, പോസ്റ്റ് ഓഫീസ് എന്നിവയുടെ പരിസരം വൃത്തിയാക്കി. അമ്മമാരും സംഘടനാ പ്രവർത്തനവും എന്ന വിഷയത്തെപ്പറ്റി വികാരിയച്ചൻ ക്ലാസ് എടുത്തു.

**ഇരുളം**

8 നോമ്പ് ആചരിച്ചു. 22 കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു. രോഗി സന്ദർശനം നടത്തി. മരിയൻ ഭക്തിഗാന മത്സരത്തിൽ പങ്കെടുത്തു.മേഖല മീറ്റിംഗിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പഠനസഹായം, രോഗീസഹായം എന്നിവയ്ക്കായി 20,000 രൂപ മൂന്നു കുടുംബങ്ങൾക്ക് നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**ചുള്ളിയാന**

8 നോമ്പ് ആചരിച്ചു. കാഴ്ച സമർപ്പണം നടത്തി. രൂപതയിലെ വൈദികർക്കു വേണ്ടി പ്രാർത്ഥിച്ചു.

**വാളേരി**

8 നോമ്പ് ആചരിച്ചു. കാഴ്ച സമർപ്പണം നടത്തി. ലക്കിമേരി തെരഞ്ഞെടുപ്പ് നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് യോഗം നടത്തി. ചെയിൻ റോസറി, സാന്താമോനിക്ക, രോഗി സന്ദർശനം എന്നിവ നടത്തി. അദ്ധ്യാപക ദിനം, മദർ തെരേസ അനുസ്മരണം എന്നിവ ആചരിച്ചു. മേഖല ക്വിസ് മത്സരത്തിൽ പങ്കെടുത്തു.

**നടവയൽ**

8 നോമ്പ് ആചരിച്ചു.  വി. മദർ തെരേസ തിരുനാൾ, അദ്ധ്യാപകദിനം എന്നിവ ആചരിച്ചു. ഭവന സന്ദർശനം നടത്തി. രോഗി സഹായ മായി 3000 രൂപ നൽകി. എക്സിക്യൂട്ടീവ് യോഗം കൂടി. മരിയൻഗാന മത്സരത്തിൽ മേഖലയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. അനുദിന വിശുദ്ധരെ വാട്സപ്പ് ഗ്രൂപ്പിൽ കൂടിയും, സ്റ്റാറ്റസ് വീഡിയോയിലൂടെയും പരിചയപ്പെടുത്തുന്നു. വിധവാ സഹായമായി ആയിരം രൂപ നൽകി.

**തരിയോട്**

അധ്യാപകരെ ആദരിച്ചു. സെമിനാർ നടത്തി. ലക്കി മേരിയെ തിരഞ്ഞെടുത്തു. മരിയൻ ക്വിസ് നടത്തി. സമ്മാനങ്ങൾ കൊടുത്തു. കാഴ്ച്ച വയ്പ് നടത്തി. ഉണ്ണിയപ്പം നേർച്ച നൽകി.

**തലഞ്ഞി**

8 നോമ്പാചരിച്ചു. ചികിത്സാ സഹായമായി 10,000 രൂപ നൽകി. ചാരിറ്റിക്കു വേണ്ടി ഭാഗ്യക്കുറി നടത്തുകയും 1 ലക്ഷം രൂപ സമാഹരിക്കുകയും ചെയ്തു. അമ്മമാർക്കു വേണ്ടി സെമിനാർ നടത്തി.

**വഞ്ഞോട്**

രോഗിസഹായം നൽകി. ശനിയാഴ്ചകളിൽ പള്ളിയും പരി സരവും വൃത്തിയാക്കി. എക്സിക്യുട്ടീവ് കൂടി.

**പുതിയിടം**

8 നോമ്പാചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖലാ ഉപന്യാസമത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. രോഗി സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**വടപുറം**

അധ്യാപക ദിനത്തിൽ മുതിർന്ന അധ്യാപക ദമ്പതികളെ സമ്മാനങ്ങൾ കൊടുത്ത് ആദരിച്ചു. മാതാവിന്റെ പിറവി തിരുന്നാ ളിന്റെ ഭാഗമായി എട്ട് ദിവസവും ജപമാലയർപ്പണം നടത്തി. വി. മദർ തെരേസാ, വി. മത്തായി, വി. പാദ്രേപിയോ എന്നിവരുടെ തിരുനാളുകൾ ആഘോ ഷിച്ചു.

**ദ്വാരക**

എട്ടു നോമ്പ് ആചരിച്ചു. അധ്യാപകരെ ആദരിച്ചു. മേഖല മത്സര ങ്ങളിൽ പങ്കെടുത്ത് സമ്മാനം നേടി. യൂണിറ്റ് മത്സരത്തിൽ മാതാവിനെക്കുറിച്ച് കവിത രചിച്ചു. മാതൃദിനത്തിൽ ഏറ്റവും പ്രായം കൂടിയ അമ്മമാരെ ആദരിച്ചു. ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. മക്കിമലയിൽ വാഹന അപകട ത്തിൽ മരിച്ചവരുടെയും, മരണാസന്നരായി കിടക്കുന്നവരുടെയും ഭവനങ്ങൾ സന്ദർശിച്ചു. ഭക്ഷണ കിറ്റുകൾ നൽകി. എക്സിക്യൂട്ടീവ് മീറ്റിഗ് കൂടി.

**മക്കിയാട്**

എക്സിക്യൂട്ടീവ് കൂടി. 8 നോമ്പാചരിച്ചു. കാഴ്ച സമർപ്പണം നടത്തി ലഭിച്ച 5350 രൂപ കൊണ്ട് ഓസ്സാനാ ഭവൻ സന്ദർശിച്ചു. കറി സാധനങ്ങളും ബേക്കറിയും വാങ്ങി നല്കി.

**ചുങ്കക്കുന്ന്**

എട്ടു നോമ്പ് ആചരിച്ചു. കാഴ്ച സമർപ്പണം നടത്തിയ വസ്തുക്കൾ വിവിധ അഗതിമന്ദിരങ്ങൾക്ക് നല്കി. വൈദിക വിദ്യാർത്ഥികളുടെ പഠനത്തിനായി 5000 രൂപ നല്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി മാർഗ്ഗരേഖ തയ്യാറാക്കി.

**കളത്തുവയൽ**

എട്ടു നോമ്പ് ആചരിച്ചു. അധ്യാപകരെ ആദരിച്ചു. എക്സിക്യൂട്ടീവ് കൂടി. പനമരം നവജ്യോതി അഗതി മന്ദിരം സന്ദർശിച്ചു. ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. 2000 രൂപ ചികിത്സാ സഹായമായി നല്കി.

**കേളകം**

2 നിർധന കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നല്കി. രോഗി സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് കൂടി. ഉപവാസത്തിലൂടെ ലഭിക്കുന്ന തുക പാവപ്പെട്ടവരെ സഹായിക്കാൻ ഉപയോഗിക്കുന്നു.

**താളിപ്പാടം**

എട്ടു നോമ്പ് ആചരിച്ചു. കാഴ്ച സമർപ്പണം നടത്തി. എക്സിക്യൂട്ടീവ് കൂടി. മേഖല മരിയൻ ക്വിസിൽ പങ്കെടുത്തു. രണ്ടാം സ്ഥാനം കരസ്ഥമാക്കി. പള്ളിയും പരിസരവും വൃത്തിയാക്കി. ഭവന സന്ദർശനം നടത്തി.

**കൊട്ടിയൂർ**

എട്ടു നോമ്പ് ആചരിച്ചു. കാഴ്ച സമർപ്പണം നടത്തി. അധ്യാപകരെ ആദരിച്ചു. വായനാശീലം വർദ്ധിപ്പിക്കുന്നതിനായി അമ്മ ലൈബ്രറി ആരംഭിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി. രോഗീ സഹായമായി 10000 രൂപ നല്കി.

**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. ബിനു വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ഒക്ടോബർ 6 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 45 ശുശ്രുഷകർ പങ്കെടുത്തു.

ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതുസമ്മേളനം നടന്നു.

ഒക്ടോബർ 07ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ച കഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബിജു പുളിക്കൽ, സി. അന്ന FCC, സി. അനറ്റ് SKD, എന്നിവർ ഗാന ശുശ്രുഷക്കും, ബ്രദർ ജോസഫ് സ്തുതി ആരാധനക്കും, ബഹു. സിസ്റ്റർ സ്മിത CMC, സിസ്റ്റർ ആൻസി, സിസ്റ്റർ നവ്യ SH എന്നിവർ മറ്റു ശുശ്രുഷകൾക്കും നേതൃത്വം നൽകി.

ഒക്ടോബർ 14ന് ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 01.00 മണിവരെ സ്പിരിചൽ ഷെയറിംഗ് നടത്തി.

ഒക്ടോബർ 19 മുതൽ 22 വരെ താമസിച്ചുള്ള ആന്തരീക സൗഖ്യ ധ്യാനം നടന്നു. ഒക്ടോബർ 10 മുതൽ 13 വരെ നാല് ദിവസം ബെക്കി ഇടവകയിൽ സിയോൻ ടീമിന്റെ നേതൃത്വത്തിൽ ഇടവക ധ്യാനം നടത്തി. ഒക്ടോബർ 27ന് വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ 01 മണി വരെ സിയോൻ ചാപ്പലിൽ ജാഗരണ പ്രാർത്ഥന നടത്തി. മീഡിയ കമ്മീഷൻ, സിയോൻ CRC എന്നീ യൂട്യൂബ് ചാനലുകളിലൂടെ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനം നടത്തി.

NB. *ക്രിസ്തുമസ് ഒരുക്ക ധ്യാനം*

നവംബർ മാസത്തെ താമസിച്ചുള്ള ധ്യാനം 16 വ്യാഴം 4 മണി മുതൽ 19 ഞായർ 1 മണി വരെ ആയിരിക്കും

For booking : 9544606936, 8281132195

**ഫാ. ജിന്റോ തട്ടുപറമ്പിൽ**

ഡയറക്ടർ, സിയോൻ സി.ആർ.സി

**നടവയൽ:** സെപ്റ്റംബർ 24 ഞായറാഴ്ച നടവയൽ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ദേവാലത്തിൽ ലഹരി വിരുദ്ധ ദൂത് സംഘടിപ്പിച്ചു. ആർച്ച് പ്രീസ്റ്റ് ഫാദർ ഗർവാസിസ് മറ്റം ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി. കുട്ടികളുടെ ലഹരി വിരുദ്ധ ക്ലബ്ബിന് രൂപം നൽകി. മതാധ്യാപകർക്ക് ക്ലാസ് നൽകി. നടവയൽ മദ്യവിരുദ്ധ സമിതി യൂണിറ്റ് സന്ദർശനം നടത്തി, നിർദ്ദേശങ്ങൾ നൽകി.

**ആറാട്ടുതറ:** ഒക്ടോബർ ഒന്നിന് ഞായറാഴ്ച ആറാട്ടുതറ ദേവാലയത്തിൽ രൂപത ഡയറക്ടർ വിശുദ്ധ കുർബാന അർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി. സെമിനാർ, ജ്വാല ലഹരിവിരുദ്ധ ക്ലബ് രൂപീകരണം എന്നിവ നടത്തി. ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പിള്ളി നേതൃത്വം നൽകി.

**വെള്ളമുണ്ട:** ഒക്ടോബർ 8 ഞായറാഴ്ച വെള്ളമുണ്ട ദേവാലയത്തിൽ ലഹരി വിരുദ്ധ ദൂത് സംഘടിപ്പിച്ചു. രൂപതാ ഡയറക്ടർ പ്രോഗ്രാമിന് നേതൃത്വം നൽകി. വിശുദ്ധ കുർബാന അർപ്പിക്കുകയും, ലഹരി വിരുദ്ധ സന്ദേശം നൽകുകയും ചെയ്തു. ബോധവൽക്കരണ ക്ലാസ്, ജ്വാല ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരണം, കെ. സി. ബി. സി മദ്യവിരുദ്ധ സമിതി യൂണിറ്റ് രൂപീകരണം, എന്നിവ സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. ജോസ് കളപ്പുര പരിപാടികൾക്ക് നേതൃത്വം നൽകി.

**കാവുംമന്ദം:** ഒക്ടോബർ 15 ഞായറാഴ്ച കാവുംമന്ദം ഇടവകയിൽ ലഹരി വിരുദ്ധ ദൂത് സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. ബാബു കക്കാട്ടികാലായിൽ പരിപാടികൾക്ക് നേതൃത്വം നൽകി. ഡയറക്ടർ വിശുദ്ധ കുർബാന അർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി. കുട്ടികളുടെ ലഹരി വിരുദ്ധ ക്ലബ്ബ് ജ്വാല ആരംഭിച്ചു. മദ്യ വിരുദ്ധ സമിതി രൂപീകരിച്ചു.

**നേതൃത്വ പരിശീലന ക്യാമ്പ്:** സെപ്റ്റംബർ 24 എഫ്. സി. സി സന്യാസിനികൾക്കായി എഫ്. സി. സി. പ്രൊവിൻഷ്യൽ ഹൗസിൽ വച്ചും സെപ്റ്റംബർ 28 ന് നടവയലിൽ CMC സിസ്റ്റേഴ്സിന്

അവരുടെ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. രൂപതാ ഡയറക്ടർ പരിശീലന പരിപാടികൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി.

**പാസ്റ്റർ കൗൺസിൽ:** ഒക്ടോബർ 14ന് ദ്വാരകയിൽ ചേർന്ന മാനന്തവാടി രൂപത പാസ്റ്റർ കൗൺസിൽ യോഗത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് രൂപതാ ഡയറക്ടർ വിഷയാവതരണം നടത്തി.

**ക്ലാസ്:** ഒക്ടോബർ 17ന് ദ്വാരയിൽ നടന്ന വിവാഹ ഒരുക്ക സെമിനാറിൽ രൂപത ഡയറക്ടർ ലഹരി വിമുക്ത കുടുംബം എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

**രൂപത എക്സിക്യൂട്ടീവ് യോഗം:** ഒക്ടോബർ 8 ഞായറാഴ്ച രൂപത എക്സിക്യൂട്ടീവ് യോഗം ദ്വാരക ഓഫീസിൽ ചേർന്നു. രൂപത പ്രസിഡൻറ് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗം ഡയറക്ടർ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞമാസ പ്രവർത്തനങ്ങൾ വിലയിരുത്തി.

**തീരുമാനങ്ങൾ:**

1. നവംബർ മാസം രൂപതയിലെ എല്ലാ ഇടവകയിലും ലഹരി വിരുദ്ധ മാസമായി ആചരിക്കുക. രൂപതാ മതബോധന കേന്ദ്രത്തിന്റെയും കെ. സി. ബി. സി മദ്യവിരുദ്ധ സമിതിയുടെയും ജ്വാല ലഹരി വിരുദ്ധ ക്ലബ്ബിന്റെയും നേതൃത്വത്തിൽ ഇടവകയിലെ മുഴുവൻ സംഘടനകളുടെയും സഹകരണത്തോടുകൂടിയാണ് ലഹരി വിരുദ്ധ മാസാചരണം സംഘടിപ്പിക്കുന്നത്.
2. വിദ്യാലയങ്ങളിൽ നടത്തിയ ലഹരി വിരുദ്ധ വാരാചരണത്തിന്റെ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യുക.
3. രൂപതയിലെ വിവിധ കേന്ദ്രങ്ങളിലൂടെ മൂന്നുദിവസങ്ങളിലായി ലഹരി വിരുദ്ധ ബോധവൽക്കരണ പ്രചാരണ വാഹനജാഥ സംഘടിപ്പിക്കുക.

**ലഹരിവിരുദ്ധ മാസാചരണം:**

**നിർദ്ദേശങ്ങൾ:** 1 ഒക്ടോബർ 29ന് ഞായറാഴ്ച ലഹരി വിരുദ്ധ മാസാചരണം ഉദ്ഘാടനം. 2 രൂപതയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഇടവകകൾക്ക് സമ്മാനം. ഒന്നാം സമ്മാനം 10000 രൂപയും ട്രോഫിയും. രണ്ടാം സമ്മാനം 5000 രൂപയും ട്രോഫിയും. മൂന്നാം സമ്മാനം 3000 രൂപയും ട്രോഫിയും. പ്രവർത്തന റിപ്പോർട്ട്

ഡിസംബർ 15ന് മുമ്പ് ഫൊറോനാ കേന്ദ്രങ്ങളിലോ രൂപത മദ്യ വിരുദ്ധ ഓഫീസിലോ എത്തിക്കുക.

**മത്സരങ്ങൾ:** ലഹരി വിരുദ്ധ മസാചരണത്തോട് അനുബന്ധിച്ച് ജലച്ചായം, കൊളാഷ്, പോസ്റ്റർ, കവിതാരചന എന്നിവയിൽ മത്സരം സംഘടിപ്പിക്കുന്നു. രൂപതയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം 1000 രൂപ 750 രൂപ 500 രൂപ എന്നിങ്ങനെ ക്യാഷ് അവാർഡ് നൽകുന്നു. ഗ്രൂപ്പുകളായി തിരിച്ചാണ് മത്സരം. പ്രായം 10 മുതൽ 15 വരെ ജൂനിയർ, 16 മുതൽ 21 വരെ സീനിയർ, 22 മുതൽ മുകളിലേക്ക് സൂപ്പർ സീനിയർ. ഒരു ഇടവകയിൽ നിന്ന് രണ്ട് എൻട്രികൾ രൂപതയ്ക്ക് നൽകാം.

**ജ്വാല ലഹരി വിരുദ്ധ ക്ലബ്ബ് കോർഡിനേറ്റർ:** എല്ലാ ഇടവകകളിൽ നിന്നും ഒരു മത അധ്യാപകനെ കോഡിനേറ്റർ ആയി തെരഞ്ഞെടുത്ത് പേരും ഫോൺ നമ്പറും രൂപതാ ഡയറക്ടർ അച്ചനെ അറിയിക്കുക.

**ജോൺസൺ തൊഴുത്തുങ്കൽ**
പ്രസിഡന്റ്, രൂപതാ മദ്യവിരുദ്ധ സമിതി

# സാമൂഹ്യ സേവനരംഗം (WSSS)

**പഠനോപകരണങ്ങൾ വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യ, കാരിത്താസ് ബെൽജിയം എന്നിവയുടെ സഹായത്തോടെ അതിഥി തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ദ്വാരക, കണിയാരം, കൊമ്മയാട്, തവിഞ്ഞാൽ എന്നിവിടങ്ങളിലെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് പഠനോപകരണങ്ങൾ വിതരണം ചെയ്തത്. കണിയാരം സെന്റ് ജോസഫ്സ് ടി.ടി.ഐ യിൽ നടന്ന ചടങ്ങിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വിതരണ ഉദ്ഘാടനം നടത്തി. സ്കൂൾ പ്രിൻസിപ്പാൾ മരിയ ചാന്ദിനി അദ്ധ്യക്ഷത വഹിച്ചു. ദ്വാരക സേക്രട്ട് ഹാർട്ട് സ്കൂളിൽ നടന്ന ചടങ്ങിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വിതരണ ഉദ്ഘാടനം നടത്തി. സ്കൂൾ പ്രിൻസിപ്പാൾ ഷോജി ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ബാഗ്, കുട, നോട്ട്ബുക്ക്, ഇൻസ്ട്രുമെന്റ് ബോക്സ്, ഡിക്ഷ്ണറി, അറ്റ്ലസ്, പെൻസിൽ, പേന, സ്കെച്ച് പെൻ, ടിഫിൻ ബോക്സ് എന്നിവ അടങ്ങിയ 2500 രൂപ വിലവരുന്ന പഠനോപകരണങ്ങൾ ആണ് വിതരണം ചെയ്തത്. വിതരണത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കോ-ഓർഡിനേറ്റർ ദീപു ജോസഫ്, ജുബിൻ അഗസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

**വിലയിരുത്തൽ പഠനം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ മട്ടിലയം നീർത്തട പ്രദേശത്ത് കഴിഞ്ഞ 05 വർഷക്കാലം നടപ്പിലാക്കിയ സമഗ്ര നീർത്തട വികസന പദ്ധതി 2023 ജൂലൈ മാസത്തിൽ അവസാനിക്കുകയുണ്ടായി.

ഈ പദ്ധതിയുടെ നടത്തിപ്പ് എപ്രകാരം ആയിരുന്നു എന്ന് വില യിരുത്തുന്നതിനും പദ്ധതികൊണ്ട് ഉണ്ടായ മാറ്റങ്ങൾ പഠിക്കുന്ന തിനുമായി നബാർഡ് തിരുവനന്തപുരം റീജിയണൽ ഓഫീസിലെ ശ്രീ. പ്രകാശ് നായർ സർ 02 ദിവസങ്ങളിൽ മട്ടിലയം നീർത്തട ത്തിൽ സന്ദർശനം നടത്തി. ഈ പദ്ധതിയുടെ ഭാഗമായി വികസി പ്പിച്ചെടുത്ത വിവിധ പദ്ധതികൾ സന്ദർശിക്കുകയും പദ്ധതി കൊണ്ടുണ്ടായ മെച്ചങ്ങളെ കുറിച്ച് കർഷകരുമായി സംവദിക്കു കയും ചെയ്തു. കൂടാതെ ഈ പദ്ധതികളുമായി ബന്ധപ്പെട്ട് തയ്യാ റാക്കിയ മുഴുവൻ രേഖകളും പരിശോധിക്കുകയും വില്ലേജ് നീർ ത്തട കമ്മറ്റിയുമായി ചർച്ച നടത്തുകയും ചെയ്തു. മട്ടിലയം നീർ ത്തട പദ്ധതി മാതൃകപരമായി പൂർത്തിയാക്കുവാൻ വയനാട് സോ ഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് സാധിച്ചു എന്ന് അദ്ദേഹം അഭി പ്രായപ്പെട്ടു.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പൊർലോം നീർത്തട പ്രദേശത്ത് കഴിഞ്ഞ 05 വർഷക്കാലം നടപ്പിലാക്കിയ സമഗ്ര നീർത്തട വിക സന പദ്ധതി 2023 ജൂലൈ മാസത്തിൽ അവസാനിക്കുകയുണ്ടായി. ഈ പദ്ധതിയുടെ നടത്തിപ്പ് എപ്രകാരം ആയിരുന്നു എന്ന് വില യിരിത്തുന്നതിനും പദ്ധതികൊണ്ട് ഉണ്ടായ മാറ്റങ്ങൾ പഠിക്കുന്ന തിനുമായി നബാർഡ് ജില്ലാ മാനേജർ ജിഷ വി 02 ദിവസങ്ങളിൽ പൊർലോം നീർത്തടത്തിൽ സന്ദർശനം നടത്തി. ഈ പദ്ധതി യുടെ ഭാഗമായി വികസിപ്പിച്ചെടുത്ത വിവിധ പദ്ധതികൾ സന്ദർ ശിക്കുകയും പദ്ധതികൊണ്ടുണ്ടായ മെച്ചങ്ങളെകുറിച്ച് കർഷകരു മായി സംവദിക്കുകയും ചെയ്തു. കൂടാതെ ഈ പദ്ധതികളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ മുഴുവൻ രേഖകളും പരിശോധിക്കുകയും വില്ലേജ് നീർത്തട കമ്മിറ്റിയുമായി ചർച്ച നടത്തുകയും ചെയ്തു. മട്ടിലയം നീർത്തട പദ്ധതി മാതൃകാപരമായി പൂർത്തിയാക്കുവാൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് സാധിച്ചു എന്ന് നബാർഡ് ജില്ലാ മാനേജർ അഭിപ്രായപ്പെട്ടു.

## ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2023-2025 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ തുടരുന്നു. ഒക്ടോബർ 30 വരെയാണ് അഡ്മിഷൻ ഉള്ളത്. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി. എസ്. സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 9482674486, 9048229177 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)

സോഷ്യൽ സർവ്വീസ് സൊസൈറ്റികളിൽ മീറ്റിംഗ് നടത്തി. പാറത്തോട്ടം, തവിഞ്ഞാൽ, കല്ലോടി, ആലാറ്റിൽ, വലിയകൊല്ലി, യവനാർകുളം, ജൂഡ്സ്മൗണ്ട്, പട്ടാണികൂപ്പ്, ശശിമല, സീതാമൗണ്ട്, മരകാവ്, ഒഴുക്കന്മൂല, കോട്ടത്തറ, കുറുമണി, കാരക്കാമല, ദ്വാരക, കമ്മന, നടവയൽ, ഒണ്ടയങ്ങാടി, ആറാട്ടുത്തറ, തൃശ്ശിലേരി, പയ്യംപള്ളി, ചെറുകാട്ടൂർ എന്നിവിടങ്ങളിൽ മീറ്റിംഗുകൾ നടത്തി. SWS കോഡിനേറ്റർമാരായ ഷീന ആന്റണി, ആലീസ് സിസിൽ, റ്റുബിൻ ജിപ്സൺ, ജിനി ഷിനു, സി. ലിറ്റിൽ ഫ്ളവർ FCC എന്നിവർ നേതൃത്വം നൽകി.

## സോപ്പ് & ഡിറ്റർജെന്റ് ട്രെയിനിംങ്

എടത്തന, വേങ്ങന, ആനപ്പാറ, കാഞ്ഞിരങ്ങാട്, ക്ലബ്കുന്ന് എന്നീ സ്ഥലങ്ങളിൽ SWS കോഡിനേറ്റർമാരുടെ നേതൃത്വത്തിൽ പരിശീലനം നൽകി.

## SHG രൂപീകരണം

ഒണ്ടയങ്ങാടി, മാനന്തവാടി, ആനപ്പാറ, തലപ്പുഴ, കാഞ്ഞിരങ്ങാട്, കുപ്പാടിത്തറ, ചേര്യംകൊല്ലി, പടിഞ്ഞാറത്തറ, തെങ്ങുമുണ്ട എന്നിവിടങ്ങളിൽ സംഘങ്ങൾ രൂപീകരിച്ചു.

## സജീവം

ലഹരി വിമുക്ത സമൂഹത്തെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി ഒഴുക്കന്മൂല, കുറുമണി, കമ്മന, ദ്വാരക, നടവയൽ, വാളാട്, ശശിമല എന്നീ സ്ഥലങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

**സുരക്ഷ സ്കീം**

പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമായോജന, പ്രധാനമന്ത്രി സുരക്ഷ ഭീമായോജന എന്നീ പദ്ധതികളിൽ കുറുമണി, കുപ്പാടിത്തറ, തലപ്പുഴ, ചുങ്കം, വാളാട്, തവിഞ്ഞാൽ, എടത്തന എന്നീ സ്ഥലങ്ങളിൽ നിന്നുമായി 500 അംഗങ്ങളെ പങ്കാളികളാക്കി.

**റവ. ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**സമ്പൂർണ്ണ സുരക്ഷിത കുടുംബം, ഇടവക**

എല്ലാവർക്കും പെൻഷൻ, എല്ലാവർക്കും ഇൻഷൂറൻസ് എന്ന ലക്ഷ്യത്തോടെ എല്ലാ ഇടവകയിലും ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. എല്ലാ കുടുംബനാഥൻ/നാഥ എന്നിവരെ ഏതെങ്കിലും ക്ഷേമനിധിയിലും പോസ്റ്റൽ ആക്സിഡന്റൽ ഇൻഷൂറൻസ്, പ്രധാനമന്ത്രി ഭീമായോജന എന്നീ ഇൻഷൂറൻസിലും ചേർത്തുകൊണ്ടാണ് ഈ ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കുന്നത്. ഇതിനായി ഇടവകയിലെ മുഴുവൻ കുടുംബങ്ങളേയും പ്രസ്തുത സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ സുരക്ഷിത ഇടവക ആയി മാറാൻ സഹായിക്കുന്നതിനാണ് ക്യാമ്പുകൾ നടത്തുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇടവകയിൽ വന്ന് ആവശ്യമായ കാര്യങ്ങൾ ചെയ്തു തരുന്നതാണ്.

**ഇടവകതല ബോധവത്കരണം**

മുള്ളൻകൊല്ലി സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ 15-10-2023 ന് സാമൂഹ്യ സുരക്ഷാ പദ്ധതികളെക്കുറിച്ച് സെമിനാർ നടത്തി. കെ. എൽ. എം രൂപതാ ഡയറക്ടർ ക്ലാസ്സ് നയിച്ചു. വികാരി ഫാ. ജസ്റ്റിൻ മൂന്നാനാൽ ഉദ്ഘാടനം ചെയ്തു.

**സുരക്ഷാ അംഗങ്ങളുടെ സംഗമം**

നിലവിൽ സുരക്ഷയിൽ അംഗങ്ങളായവർ ആനുകൂല്യത്തിന് അപേക്ഷിക്കുമ്പോൾ രേഖകളിൽ പല പ്രശ്നങ്ങളും നേരിടുന്നു. ഇവ മുൻകൂട്ടി പരിഹരിച്ച് വെയ്ക്കുന്നതിനായി മേഖല തലത്തിൽ സംഗമങ്ങൾ സംഘടിപ്പിക്കുന്നു. പുൽപ്പള്ളി മേഖല സംഗമം 15-10-23 ഞായറാഴ്ച്ച മുള്ളൻകൊല്ലി ഫൊറോന ദേവാലയത്തിൽ വെച്ച് നടന്നു. ഫൊറോന വികാരി ഫാ. ജസ്റ്റിൻ മൂന്നാനാൽ ആമുഖ പ്രഭാഷണം നടത്തി. ജീവസ് & കെ. എൽ. എം രൂപതാ ഡയറക്ടർ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, കെ. എൽ. എം രൂപതാ കോഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ എന്നിവർ നേതൃത്വം നൽകി.

**വൈദിക സമ്മേളനങ്ങൾ**

തരിയോട്, ദ്വാരക, മാനന്തവാടി ഫൊറോനകളിലെ വൈദികരുടെ പ്രതിമാസ സമ്മേളനങ്ങളിൽ കെ. എൽ. എം പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ഫൊറോന വികാരിമാർ നേതൃത്വം നൽകി. കൂടാതെ മാനന്തവാടിയിൽ WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, ദ്വാരകയിൽ റേഡിയോ മാറ്റൊലി ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, തരിയോട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ വിശദീകരണങ്ങൾ നൽകി. എല്ലാ ഇടവകകളിൽ നിന്നും പാരീഷ് കോഡിനേറ്റർമാരെ നിയമിക്കാൻ തീരുമാനമെടുത്തു. കുടുംബ കൂട്ടായ്മ ലീഡർമാർക്ക് ഇക്കാര്യത്തിൽ അറിവ് നൽകണമെന്ന നിർദ്ദേശവും ഉണ്ടായി.

**സ്വാവലംബൻ (സുരക്ഷ)**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ പെൻഷൻ പദ്ധതിയിൽ അംഗത്വമെടുത്ത, ഓരോ മാസവും 60 വയസ്സ് തികയുന്നവർക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടരുന്നു. ഒക്ടോബർ മാസത്തിൽ 11 പേർക്ക് ആനുകൂല്യം ലഭിച്ചു.

11-10-2023ന് കൽപ്പറ്റ കർഷക തൊഴിലാളി ക്ഷേമനിധി ഓഫീസിൽ നടന്ന ട്രേഡ് യൂണിയൻ മീറ്റിംഗിലും 13-10-2023 ന് മാനന്തവാടി പ്ലാന്റേഷൻ ഓഫീസിൽ നടന്ന ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി ട്രേഡ് യൂണിയൻ മീറ്റിംഗിലും KLM രൂപതാ ഡയറക്ടർ പങ്കെടുത്തു. ബയോവിൻ കർഷക കൂട്ടായ്മയെ പ്രതിനിധീകരിച്ച് ശ്രീ. ഷാജി ജോസഫ് കുടക്കച്ചിറ സംസാരിച്ചു. പ്ലാന്റേഷൻ ഓഫീസിൽ നടന്ന കുടിശ്ശിക നിവാരണ ക്യാമ്പിൽ അംഗത്വം മുടങ്ങിയവരുടെ അംശാദായം അടച്ചു.

**രജിസ്ട്രേഷൻ**

30-10-2023 ന് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയുടെ രജിസ്ട്രേഷൻ കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ നടക്കും. താത്പര്യം ഉള്ളവർ എത്രയും പെട്ടെന്ന് അനുബന്ധ രേഖകളുമായി WSSS ഓഫീസിൽ ബന്ധപ്പെടുക (ഫോൺ നമ്പർ- 9544559030)

**പ്രവാസി ക്ഷേമനിധി**

വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരും ജോലി ചെയ്ത് തിരിച്ചു വന്നവരും മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരു

മായ 18 നും 60 നും ഇടയിൽ പ്രായമുള്ളവർക്ക് ഈ ക്ഷേമനിധിയിൽ ചേരാം. പ്രതിമാസം 3000 മുതൽ 7000 വരെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കും. പ്രവാസികാര്യ ഡിപ്പാർട്ട്മെന്റ് രൂപതാ ഡയറക്ടർ റവ. ഫാ. മനോജ് അമ്പലത്തിങ്കലുമായി സഹകരിച്ച് ഇതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**

ഡയറക്ടർ, കെ. എൽ. എം

ജൈവ കൃഷി വ്യാപനം , പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങൾ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19045 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവ-സുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (FCH) ബന്ധപ്പെടാവുന്നതാണ്.

**2023ലെ മികച്ച ഫെയർട്രേഡ് സംഘടനയ്ക്കുള്ള അംഗീകാരം കഫേ നേടി.**

ഫെയർട്രേഡ് കർഷക കൂട്ടായ്മയായ കഫെ 2022 – 23 വർഷങ്ങളിലെ മികവുറ്റ പ്രവർത്തനങ്ങളിലൂടെയും, പദ്ധതികളുടെ നടത്തിപ്പിലൂടെയും വർഷത്തെ മികച്ച ഫെയർട്രേഡ് സംഘടനയ്ക്കുള്ള അവാർഡ് നേടി. ഡൽഹിയിൽ വച്ച് നടന്ന നാഷണൽ ഫെയർട്രേഡ് കോൺഫറൻസിൽ വച്ച് കഫെ ചെയർമാൻ ഫാ. ബിനു പൈനുങ്കൽ, ബയോവിൻ പർച്ചേസ് മാനേജർ ശ്രീ. ഷാജി ജോസ് എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി.

**നാഷണൽ ഫെയർട്രേഡ് കോൺഫെറൻസിൽ പങ്കെടുത്തു.**

ഒക്ടോബർ 5, 6 തീയ്യതികളിലായി ഡൽഹിയിൽ വച്ച് നടന്ന

നാഷണൽ ഫെയർട്രേഡ് കോൺഫറൻസിൽ ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ, പർച്ചേസ് മാനേജർ ശ്രീ. ഷാജി ജോസ് എന്നിവർ പങ്കെടുത്തു. കോൺഫറൻസിൽ അംഗീകാരം, സുസ്ഥിരത, വിപണനം, തുടങ്ങിയ വിഷയങ്ങളിൽ പരിശീലനങ്ങളും ചർച്ചകളും നടന്നു.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർട്രേഡ് സംവിധാനം, റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷകഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു.**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര - ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റേർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്. ഇതുവരെ 14000ത്തോളം കൃഷിയിടങ്ങളിൽ ഇന്റേർണൽ ഇൻസ്പെക്ഷൻ പൂർത്തീകരിച്ചു.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

05 ICSകളിൽ സർട്ടിഫിക്കേഷൻ ജൈവ സാക്ഷ്യപത്രം പുതുക്കുന്നതിനായുള്ള ഓഡിറ്റ് പൂർത്തീകരിച്ചു. സർട്ടിഫിക്കേഷൻ ഏജൻസിയായ ISCOP നിന്നുള്ള ഓഡിറ്റർമാരായ ശ്രീ. ധനേഷ് സി. എ., ശ്രീ. കിഷോർ, ശ്രീ. കൃഷ്ണ കുമാർ, ശ്രീ. കൽക്കി രാജ് എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകി. ISCOP ക്വാളിറ്റി മാനേജർ ശ്രീ. ചക്രവർത്തി മോഹൻ, സെക്രട്ടറി ശ്രീ. മുത്തുവേൽ എന്നിവർ ഓഡിറ്റ് വിലയിരുത്തുന്നതിനായി സന്ദർശിക്കുകയും, ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോ ലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്ന ങ്ങൾ ബയോവിൻ വഴി വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യു കയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

**കേരള പത്രപ്രവർത്തക അസോസിയേഷൻ ആദരം**

കേരള പത്രപ്രവർത്തക അസോസിയേഷൻ ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ റേഡിയോ മാറ്റൊലിയെ ആദരിച്ചു. സാധാരണക്കാരായ ജനങ്ങളുടെ മാനസികോല്ലാസത്തിന് റേഡിയോ മാറ്റൊലി നൽകുന്ന സംഭാവനകൾ പരിഗണിച്ചാണ് ആദരം. ഒക്ടോബർ 10 ലോക മാനസികാരോഗ്യദിനത്തിൽ റേഡിയോ മാറ്റൊലിയിൽ നടന്ന പരിപാടി ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജുനൈദ് കൈപ്പാണി ഉദ്ഘാടനം ചെയ്തു. കേരള പത്രപ്രവർത്തക അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് അരുൺ വിൻസെന്റ് അധ്യക്ഷത വഹിച്ചു. വയനാട് എക്സൈസ് കമ്മീഷണർ കെ. എസ് ഷാജി അവാർഡ് വിതരണം നിർവ്വഹിച്ചു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി മുഖ്യപ്രഭാഷണം നടത്തി. മംഗലശ്ശേരി മാധവൻ മാസ്റ്റർ, ജസ്റ്റിൻ ചെഞ്ചട്ടയിൽ, ശ്രുതി കെ. ഷാജി, എന്നിവർ പ്രസംഗിച്ചു. സി. എച്ച്. അൻവർ ചാരിറ്റബിൾ ട്രസ്റ്റ് അവാർഡ് ലഭിച്ച വയനാട് വിഷൻ ന്യൂസ് ഏഡിറ്റർ വി. കെ രഘുനാഥ് മികച്ച ക്യാമറാമാനുള്ള അവാർഡ് ലഭിച്ച അനീഷ് നിള, മികച്ച പ്രോഗ്രാം പ്രൊഡ്യൂസർ ശ്രുതി കെ ഷാജി, വീഡിയോ എഡിറ്റർ സഞ്ജു ശങ്കരൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

**വിമുക്തി- ലഹരി വിമുക്ത ബോധവത്കരണ ക്യാമ്പയിൻ**

എക്സൈസ് വകുപ്പിന്റെ വിമുക്തി പ്രൊജക്ടും റേഡിയോ മാറ്റൊലിയും സംയുക്തമായി ലഹരി വിമുക്ത ബോധവത്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. ഒക്ടോബർ 17, 18 തിയ്യതികളിൽ ആയിരുന്നു ക്യാമ്പയിൻ സംഘടിപ്പിച്ചത്. 17 ന് മാനന്തവാടി ഗാന്ധി പാർക്കിൽ നിന്നാരംഭിച്ച പരിപാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി ഉദ്ഘാടനം ചെയ്തു. കാട്ടിക്കുളം ഹയർസെക്കണ്ടറി സ്കൂളിലെ എൻ.എസ്.എസ് വിദ്യാർത്ഥികൾ ഫ്ളാഷ് മോബ് അവതരിപ്പിച്ചു. മാനന്തവാടി ജി.വി.എച്ച്.എസ്.എസ്, മാനന്തവാടി ബി.എഡ് സെന്റർ, ഹയർസെക്കണ്ടറി സ്കൂൾ

തരുവണ, ഹയർസെക്കണ്ടറി സ്കൂൾ കാട്ടിക്കുളം എന്നീ സ്ഥലങ്ങളിലും പരിപാടി അവതരിപ്പിച്ചു. പരിപാടിയുടെ ഭാഗമായി റേഡിയോമാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ തോമസ് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ കെ. എസ് ഷാജി, വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ വൈസ് പ്രസിഡന്റ് കെ. ഉസ്മാൻ, റേഡിയോ മാറ്റൊലി പ്രവർത്തകർ, കാട്ടിക്കുളം സ്കൂളിലെ അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു. 18 ന് മാനന്തവാടി മേരി മാതാ ആർട്സ് ആന്റ് സയൻസ് കോളേജിൽ നിന്നു പരിപാടി ആരംഭിച്ചു. ആറാട്ടുതറ, പനമരം, നീർവ്വാരം, പയ്യമ്പള്ളി, കാട്ടിക്കുളം എന്നീ സ്കൂളുകളിലും കൂളിവയൽ ഡബ്ള്യൂ. എം. ഓ. കോളേജിലും ബോധവത്കരണ പരിപാടിയും ഫ്ളാഷ് മോബും സംഘടിപ്പിച്ചു.

**സുരക്ഷ 2023**

ജില്ലാ ഭരണകൂടത്തിന്റെയും ഭാരതീയ റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ ലീഡ് ബാങ്ക് നടപ്പിലാക്കുന്ന സുരക്ഷ 2023 ക്യാമ്പെയിനിൽ മാനന്തവാടി മേരി മാതാ കോളേജും പങ്കാളിയാകും. വെള്ളമുണ്ട പഞ്ചായത്തിലും മാനന്തവാടി മുൻസിപ്പാലിറ്റിയിലും നടപ്പിലാക്കുന്ന സമ്പൂർണ്ണ സുരക്ഷാ പദ്ധതി കോളേജ് വിദ്യാർത്ഥികളിലൂടെ നടപ്പിലാക്കുന്നതിനാവശ്യമായ ബോധവത്കരണ പരിപാടിക്ക് ഒക്ടോബർ 18ന് മേരി മാതാ കോളേജിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി നേതൃത്വം നൽകി.

**തത്സമയ ഫോൺ ഇൻ പരിപാടി**

സെപ്റ്റംബർ 30 ന് വ്യവസായ വകുപ്പ് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളേക്കുറിച്ച് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ലിസിയാമ്മ സാമുവൽ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**സ്വീകരണം**

കേരള ചലച്ചിത്ര അക്കാദമിയുടെ വിഷ്വൽ എഫക്ടിനുള്ള അവാർഡ് രണ്ടാം പ്രാവശ്യവും കരസ്ഥമാക്കിയ വെള്ളമുണ്ട സ്വദേശി സുമേഷ് ഗോപാലിന് സെപ്റ്റംബർ 23 ന് മാറ്റൊലിയിൽ സ്വീകരണം നൽകി. പ്രതിഭയും അതിഥിയും എന്ന പ്രോഗാമിൽ പങ്കെടുത്ത് സിനിമാ വിശേഷങ്ങളും പങ്കുവെച്ചു.

**പഠനസന്ദർശനം**

സെപ്റ്റംബർ 26 ന് ഹെൽത്ത്കെയർ ഫൗണ്ടേഷനു കീഴിൽ

പൂനൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന കെയർ എഫ്. എം. 89.6 റേഡിയോയുടെ പ്രവർത്തകർ കമ്മ്യൂണിറ്റി റേഡിയോയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിന് മാറ്റൊലിയിൽ വന്നു.

ഒക്ടോബർ 05 ന് മലപ്പുറം മജ്‌ലിസ് ആർട്സ് & സയൻസ് കോളേജിലെ 46 വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**മീഡിയ സിനഡ്**

സെപ്റ്റംബർ 20 ന് മീഡിയ സിനഡ് ഓൺലൈൻ സെമിനാറിൽ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**പുതിയ പരിപാടികൾ**

**സമൃദ്ധി**

സമൃദ്ധി എന്ന പേരിൽ സെപ്റ്റംബർ 26 ന് പുതിയ പ്രോഗ്രാം ആരംഭിച്ചു. നബാർഡിന്റെ വനിതാസ്വയം സഹായ സംഘവികസന ഫണ്ട് ഉപയോഗിച്ച് റേഡിയോ മാറ്റൊലി തയ്യാറാക്കി അവതരിപ്പിക്കുന്ന സാമ്പത്തികസാക്ഷരതാ പരിപാടിയാണ് സമൃദ്ധി. പരിപാടിക്ക് സാങ്കേതിക സഹായം നൽകുന്നത് ലീഡ് ബാങ്കാണ്.

**കടൽ കടന്ന് മാറ്റൊലി**

സെപ്റ്റംബർ 24 ന് പ്രവാസികളുടെ ഹൃദയസ്പന്ദനങ്ങൾ തൊട്ടറിയുന്ന പരിപാടി ആരംഭിച്ചു.

**ഏഷ്യൻ ഗെയിംസിൽ ഇന്നലെ, ഫുൾ ടോസ് വേൾഡ് കപ്പ്**

കാഞ്ഞിരപ്പള്ളി റേഡിയോ 90 യുമായി സഹകരിച്ച് ഏഷ്യൻ ഗെയിംസ്, ലോകകപ്പ് വിശേഷങ്ങൾ എന്നിവ റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ 2023 സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട്**

സാമൂഹികവും, സാംസ്കാരികവും, സാമ്പത്തികവുമായ അന്ധകാരത്തിൽനിന്നും ആളുകളുടെ ജീവിതത്തെ പ്രകാശത്തിലേക്ക് നയിക്കുവാനുതകുന്ന തരത്തിൽ സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

## 1. NABARD Joint Liability Group Formation (JLG)

**ക്ലാസ്സ്:**

നീലഗിരി ഡെവലപ്മെൻറ് സൊസൈറ്റി കയ്യൂന്നി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 02.10.2023 ന് നബാർഡിന്റെ സഹായത്തോടുകൂടി NDS നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളുടെ (JLG) രൂപീകരണത്തെകുറിച്ചുള്ള ബോധവത്ക്കരണ ക്ലാസും, NDS അംഗങ്ങൾക്കു നല്കിവരുന്ന വിവിധ പരിശീലനങ്ങളുടെ ഭാഗമായി സോപ്പ് പൗഡർ, ഡിഷ് വാഷ്, ബാത്റൂം ക്ലീനർ, ഹാൻവാഷ്, ഷാംപൂ എന്നിവയുടെ നിർമ്മാണ പരിശീലനവും കയ്യൂന്നി യൂണിറ്റിൽവെച്ച് നടത്തപ്പെടുകയുണ്ടായി. യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ യൂണിറ്റിന്റെ പ്രതിനിധികളും അംഗ ങ്ങളും ഈ പരിശീലന പരിപാടികളിൽ പങ്കെടുത്തു. പരിശീലനങ്ങൾക്ക് NDS ന്റെ മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ, പ്രോജക്ട് കോഡിനേറ്റർ ജോഷി, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സ്റ്റാഫ് അംഗം ശ്രീമതി ഷീന എന്നിവർ നേതൃത്വം നൽകി. യൂണിറ്റ് ഭാരവാഹികളായ ഷാജി കളത്തുമാക്കൽ, സാലി കുര്യൻ എന്നിവർ സംസാരിച്ചു. യൂണിറ്റിലെ വിവിധ സംഘങ്ങൾ കഴിഞ്ഞ ഒരു മാസത്തെ തങ്ങളുടെ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും അത് വിലയിരുത്തി പാസാക്കു

കയും ചെയ്തു. ദേശീയ ഗാനത്തോടെ പരിപാടികൾ അവസാനിപ്പിച്ചു.

മൺവയൽ, ബോസ്പാറ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ 08.10.2023 ന് മൺവയൽ യൂണിറ്റിൽവെച്ച് ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളുടെ (JLG's) രൂപീകരണത്തെകുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സ് നടത്തപ്പെടുകയുണ്ടായി. യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ യൂണിറ്റിന്റെ പ്രതിനിധികളും അംഗങ്ങളും ഈ പരിശീലന പരിപാടികളിൽ പങ്കെടുത്തു. പരിശീലനങ്ങൾക്ക് NDS ന്റെ മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ നേതൃത്വം നൽകി. യൂണിറ്റ് ഭാരവാഹികളായ മാത്യു, അഗസ്റ്റ്യൻ എന്നിവർ സംസാരിച്ചു. രണ്ട് യൂണിറ്റുകളിൽനിന്നുമായി 32 അംഗങ്ങൾ ക്ലാസ്സിൽ പങ്കെടുത്തു. ദേശീയഗാനത്തോടെ പരിപാടികൾ അവസാനിപ്പിച്ചു.

കുന്നലാടി, കൽപ്ര യൂണിറ്റുകളുടെ നേതൃത്വത്തിൽ 09.10.2023 നും 15.10.2023 നും ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളുടെ (JLG's) രൂപീകരണത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സ് നടത്തപ്പെടുകയുണ്ടായി. യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ യൂണിറ്റിന്റെ പ്രതിനിധികളും അംഗങ്ങളും ഈ പരിശീലന പരിപാടികളിൽ പങ്കെടുത്തു. പരിശീലനങ്ങൾക്ക് NDS ന്റെ മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ നേതൃത്വം നൽകി. രണ്ട് യൂണിറ്റുകളിൽ നിന്നുമായി 40 ഓളം അംഗങ്ങൾ ക്ലാസുകളിൽ പങ്കെടുത്തു.

## 2. NABARD LEDP Programme

നബാർഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കികൊണ്ടിരിക്കുന്ന LEDP പ്രോഗ്രാമിന്റെ ഭാഗമായി ആടുവളർത്തൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്കുവേണ്ടി സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്തു.

### Refreshment Programme on NABARD LEDP Goat Rearing

നബാർഡ് LEDP പദ്ധതിയുടെ ഗുണഭോക്താക്കൾക്കുവേണ്ടിയുള്ള റിഫ്രഷ്മെന്റ് പ്രോഗ്രാമുകൾ 13.10.2023 ന് NDS ഓഫീസിലും, 15.10.2023 ന് കൽപ്ര യൂണിറ്റിലും വെച്ച് നടത്തപ്പെട്ടു. ഊട്ടി DIC ഓഫീസിൽനിന്നും ശ്രീമതി മഞ്ജുളയും, വിവിധ ബാങ്ക് മാനേജർമാരും, മൃഗസംരക്ഷണ വകുപ്പിൽനിന്നും വെറ്ററിനറി ഡോക്ടർ ശ്രീമതി നന്ദിനിയും ക്ലാസുകൾക്ക് നേതൃത്വം നല്കി.

മഴക്കാലത്തെ മൃഗസംരക്ഷണത്തെക്കുറിച്ചും, മൃഗങ്ങളിൽ വരാൻ സാധ്യതയുള്ള രോഗങ്ങളെകുറിച്ചും അത് തടയുന്നതിനുള്ള പ്രതി വിധികളെകുറിച്ചും ഡോക്ടർമാർ വ്യക്തമായി ക്ലാസ്സുകളെടു ക്കുകയും ആളുകളുടെ സംശയങ്ങൾക്ക് കൃത്യമായ മറുപടി നല്കു കയും ചെയ്തു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റി യിൽ, അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, സ്റ്റാഫംഗ ങ്ങളായ ജൂഡ് മാർട്ടിൻ, ജോഷി, സി. സിജി എന്നിവർ പരിപാടി കൾക്ക് നേതൃത്വം നല്കി.

**ആടുകൾക്കുള്ള ഇൻഷൂറൻസ്**

നബാർഡിന്റെ LEDP ട്രെയിനിംഗിൽ പങ്കെടുത്ത് ആടുകളെ മേടിച്ച് അതിലൂടെ ഒരു വരുമാന മാർഗ്ഗത്തിനായി പരിശ്രമിച്ചു കൊണ്ടിരിക്കുന്ന ഭാരതിനഗർ യൂണിറ്റിലെ 2 ഗുണഭോക്താക്ക ളുടെ 4 ആടുകളെ ഇൻഷൂറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തു ന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ 12.10.2023 ന് NDS സ്റ്റാഫ് ജൂഡ് മാർട്ടിന്റെയും, വെറ്റിനറി ഡോക്ടർ ശ്രീമതി നന്ദിനിയുടെയും നേതൃത്വത്തിൽ നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി പദ്ധതി യിൽ ഉൾപ്പെട്ടിട്ടുള്ള ആളുകളുടെ വീടുകൾ സന്ദർശിക്കുകയും അപേക്ഷ ഫോറം പൂരിപ്പിക്കുകയും, ആടിന്റെ ചെവിയിൽ ഇൻഷൂ റൻസ് ടാഗ് അടിക്കുകയും, പ്രസ്തുത പ്രവർത്തനങ്ങളുടെ പൂരി പ്പിച്ച ഫോറം ഫോട്ടോ സഹിതം ഗൂഡല്ലൂർ യൂണിയൻ ബാങ്കിൽ ഏല്പ്പിക്കുകയും ചെയ്തു.

**PMEGP ലോൺ തിരിച്ചടവ്**

നബാർഡിന്റെ LEDP ട്രെയിനിംഗിൽ പങ്കെടുത്ത് ആടുകളെ മേടിച്ച് അതിലൂടെ ഒരു വരുമാന മാർഗ്ഗത്തിനായി പരിശ്രമിച്ചുകൊ ണ്ടിരിക്കുന്നവർ വിവിധ ബാങ്കുകളിൽനിന്നുമായി PMEGP സ്കീ മിലൂടെ എടുത്ത 97 ലോണുകളുടെ തിരിച്ചടവ് കൃത്യമായി നടത്തി വരുന്നു. തിരിച്ചടവ് ഇനത്തിൽ 1950133.00 (പത്തൊൻപതു ലക്ഷത്തി അമ്പതിനായിരത്തി ഒരുനൂറ്റി മുപ്പത്തിമൂന്ന്) രൂപ ഇതുവരെ ബാങ്കു കളിൽ ചെലുത്തി.

## 3. NABARD Watershed Development Programme

നബാർഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന Watershed Development Programme ന്റെ ഭാഗമായി ഊട്ടിയിലുള്ള അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിൽ പോയി Non Objection Certificate (NOC) അപേക്ഷിക്കുകയും

അത് മേടിക്കുകയും ചെയ്തു. കൂടാതെ Tamilnadu Water and Drainage Board സന്ദർശിക്കുകയും NOC ക്കുവേണ്ടി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ഇതു കൂടാതെ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മൂന്നനാട് വില്ലേജ് ഓഫീസിൽ പോവുകയും പദ്ധതിയുടെ നിർവഹണത്തിനാവശ്യമായ അടിസ്ഥാന വിവര ശേഖരണം നടത്തുകയും ചെയ്തു.

**4. SAVE A FAMILY PROGRAMME - FIELD VISIT AND DATA COLLECTION**

NDS ന്റെ ഭാഗമായി നടപ്പിലാക്കുവാനിരിക്കുന്ന SAFP പ്രോഗ്രാമിന്റെ ഭാഗമായി 10.10.2023 ന് NDS സ്റ്റാഫ് അംഗങ്ങളായ ജൂഡ് മാർട്ടിനും, സിസ്റ്റർ സിജിയും, ജോഷിയും മസിനഗുടിയിൽ പോവുകയും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വേണ്ടി പദ്ധതിയെക്കുറിച്ച് ഒരു ക്ലാസ് എടുക്കുകയും, യോഗ്യരായവരെ കണ്ടെത്തി അവരുടെ വിവരശേഖരണവും, ആധാർ കാർഡ് ബാങ്ക് പാസ്ബുക്ക് എന്നിവ ശേഖരിക്കുകയും ചെയ്തു. 11.10.2023 ന് നടുഗൂഡല്ലൂർ, ചൂണ്ടി പ്രദേശങ്ങളിലും, 12.10.2023 ന് നാടുകാണിയിലും, 17.10.2023 ന് ദേവാലയിലും, കയ്യൂന്നിയിലും പോയി പദ്ധതിയെക്കുറിച്ച് വിവരിക്കുകയും, യോഗ്യരായവരെ കണ്ടെത്തി അവരുടെ വിവരശേഖരണം നടത്തുകയും ചെയ്തു.

**5. സ്റ്റാഫ് മീറ്റിംഗ്**

03.10.2023 ന് രാവിലെ 10:30ന് NDS ഡയറക്ടർ ബിനോയ് അച്ചന്റെ നേതൃത്വത്തിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി. NDS അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ്, സ്റ്റാഫ് അംഗങ്ങളായ ജൂഡ് മാർട്ടിൻ, ജോഷി, സി. സിജി CMC എന്നിവരും മീറ്റിംഗിൽ പങ്കെടുത്തു. സാമൂഹ്യ സേവന രംഗത്തെ പരിശീലനത്തിനുവേണ്ടി കടന്നു വന്ന സിസ്റ്റർ സിജിയെ പൂക്കൾ നൽകി സ്വാഗതം ചെയ്തു. തുടർന്ന് NDS നടപ്പിലാക്കികൊണ്ടിരിക്കുന്ന NABARD LEDP പ്രോജക്ടിനെകുറിച്ചും അതിന്റെ പുരോഗമനത്തെകുറിച്ചും വിലയിരുത്തി. അതോടൊപ്പം NDS ന്റെ നേതൃത്വത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് ചർച്ചചെയ്യുകയും കർമ്മ പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു.

## 6. MSW Students Training

ഭാരതീയാർ യൂണിവേഴ്സിറ്റി ആർട്സ് & സയൻസ് കോളേജിൽ MSW മൂന്നാംവർഷ ബിരുദാനന്തര ബിരുദത്തിന് പഠിച്ചുകൊണ്ടിരിക്കുന്ന 25 ഓളം കുട്ടികൾക്ക് 06.10.2023 ന് NDSൽ വെച്ച് ഒരു പരിശീലന പരിപാടി നടത്തപ്പെട്ടു. നീലഗിരി ഡെവലപ്പ് മെന്റ് സൊസൈറ്റിയെക്കുറിച്ചും അതിന്റെ വിവിധ തലങ്ങളിലുള്ള സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും NDS ന്റെ മുഖ്യപരി ശീലകൻ ജൂഡ് മാർട്ടിൻ ക്ലാസ് എടുത്തു.

### 7. മേഖല ഇവാലുവേഷൻ മീറ്റിംഗ്

ഒക്ടോബർ മാസം 14-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ഈ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് മേഖല ഓഫീ സിൽ വച്ച് നടത്തപ്പെടുകയുണ്ടായി. മീറ്റിങ്ങിന് NDS ചീഫ് ട്രെയി നർ ജൂഡ് മാർട്ടിൻ, സി. സിജി എന്നിവർ നേതൃത്വം നല്കി. ധർമ്മ ഗിരി, വിമലഗിരി, ബോസ്പാറ, പെരിയശോല യൂണിറ്റുകളിൽ നിന്നും കടന്നുവന്ന പ്രതിനിധികൾ യൂണിറ്റിന്റെ കഴിഞ്ഞ രണ്ടുമാസത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. NDS പ്രോജക്ട് കോഡിനേറ്റർ ജോഷി, മേഖലയുടെ കഴിഞ്ഞ രണ്ട് മാസങ്ങളിലെ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് പൊതു വായ ചർച്ച നടത്തി. നന്ദിയോട് കൂടി മീറ്റിംഗ് അവസാനിപ്പിച്ചു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**September - October 2023**

- Fifth Semester UG Examination commenced on 10th October 2023.
- Ms. Aleena Mary Joseph of 2nd B.A. English Secured first price in Malayalam essay writing competition conducted by Kerala Forest Departmen in connection with State Wildlife Celebration 2023
- Ms. Rahasyamol M of 1st year Zoology secured 2nd place in individual Indian Arrow Round in the Kannur
- University Intercollegiate Archery Competition held at KMMW College Kannur.
- List of Students from Manipur admitted in the college for various Programmes:

| Sl. No. | Name | Address | Department |
|---|---|---|---|
| 1 | Mr. Justine Nehlalsom Haukip | S Haijang Village, Churachadpur Dist, Manipur | B A Functional English |
| 2 | Ms. Chinngainem Hadkip | Mongpijang Village, Kangpokpi Dist, Manipur | B A Functional English |
| 3 | Mr. Seigoulen Mate | New Molbem Village, Chandel Dist, Manipur | B A Functional English |
| 4 | Mr. Lamminlen | Songkong Village, Churachandpur North Sub-Div., Manipur - 795128 | B.COM |

| | | | |
|---|---|---|---|
| 5 | Mr. Lhunkholam Kipgen | L.Gamnomjang Village, Tuibong, Churachandpur, Manipur -795128 | B.Sc. Computer Science |
| 6 | Mr. Jangminthang Khjongsai | Pashong Village, Ukhrul Dist. Manipur -795145 | B.Sc. Physics |
| 7 | Mr. Stanis Khamsiankhual | Singtom Village, Chandel District, Manipur -795101 | B.Sc. Zoology |
| 8 | Ms. Annie Niangsianhuai | Singtom Village, Sugnu, Singtom, Chandel, Manipur -7795101 | B.Sc. Zoology |
| 9 | Mr. Janglenlal Haokip | S.MOLCHAM, Churachandpur, Manipur -795128 | B.Sc. Zoology |
| 10 | Mr. Kailalsang Kipgen | Saikotjang Vill, Kangpokpi DIST. Manipur -795122 | B A Functional English |

- **Dept. of Hindi:** Celebrated Hindi Day and organized an Exhibition on 25th September 2023. Conducted a lecture on 'Jaago Phir Ek Baar ' as a part of collaboration with Govt. College Mananthavady on 12 th October 2023. Dr. Manoj N, Professor, Dept. of Hindi, Govt. College Mananthavady was the resource person.
- **Dept. of Mathematics:** Observed World Postal Day on 9th October 2023 by sending greeting cards to Postmasters. Observed National Girl Child day on 11 th October 2023 and organized poster making competition and essay writing competition.
- **Dept. of Chemistry:** Celebrated World Ozone Day on 19th September 2023 and organized inter-department poster making competition.
- **Dept. of Zoology:** Celebrated World Rhino Day on 22nd September 2023.

- **Dept. of English:** Organized Orientation Programme for First Year Degree Students on 23rd September 2023. Mr. George Thomas, Vice Principal, Jayasree Arts and Science College, Pulpally, was the resource person.

- NCC: Celebrated World Students day on 15th October 2023.

  Organized 'Plastic Free Wildlife Sanctuary Initiative' in connection with wildlife week celebration and one hour of sramdaan for swachhata on 2nd October 2023.

- **NSS:** Celebrated NSS day on 24th September 2023 and organized Plant in Plenty programme. Organized one hour Shramadaan programme on 2nd October 2023.

- **Women Cell:** Women cell in association with IQAC and Women and Child Development Mananthavady organized awareness programme on the topic 'Empowering Women and Children: Eradicating Gender Discrimination ' and debate on the topic ' Benevolent Sexism' on 19th September 2023.

- **Mr Sabu O.J:** Appointed as the Chairman of the Kannur University Examination Inspection Squad (XIII)

- Attended ANO conference at Kolagappara, Sulthan Bathery

- **Dr Ramya Krishnan M:** Submitted a project proposal to ICSSR under Research Projects (Major & Minor) Scheme 2023-24

- **Dr. Eldho K J:** Attended two days CIPAMS' National Workshop on & quot; 'Intellectual Property Rights' organized by the IPR Cell and DBT Star Scheme, New Delhi at RVS College of Arts and Science Coimbatore on 4th and 5th September 2023. Published a Scoups Indexed Paper " A Novel Back- Propagation Neural Network for Intelligent Cyber-Physical Systems for Wireless Communications" in the Scopus Indexed **Taylor and Francis Q1 Journal IETE Journal of Research.**

**Dr Maria Martin Joseph**
Principal

## വിദ്യാലയ വാർത്തകൾ

### എൽ. പി വിഭാഗം

**1. ദേവമാതാ എ. എൽ. പി സ്കൂൾ ആടിക്കൊല്ലി**

നല്ലപാഠം, സീഡ് പദ്ധതികളുടെ ഭാഗമായി ഇലക്കറി മഹോത്സവം സംഘടിപ്പിച്ചു. ഗാന്ധിജയന്തിദിനാചരണത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. പ്രീ പ്രൈമറി വിദ്യാർത്ഥികൾക്കായി കലോത്സവം നടത്തപ്പെട്ടു.

**2. സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല**

വിദ്യാലയത്തിലെ കബ്ബ് ബുൾബുൾ വിദ്യാർത്ഥികൾക്കായി രണ്ടുദിവസത്തെ സഹവാസക്യാമ്പ് സംഘടിപ്പിച്ചു. നാളെയുടെ കായിക താരങ്ങളെ കണ്ടെത്തുന്നതിനായി കായികമേളയും കലാപ്രതിഭകളെ കണ്ടെത്തുന്നതിനായി കലാമേളയും സംഘടിപ്പിച്ചു. വിവിധയിനങ്ങളിൽ ഉപജില്ലാതലത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള പരിശീലനങ്ങൾ നൽകിവരുന്നു. ഗാന്ധിജയന്തി ദിനത്തിന്റെ ഭാഗമായി വൃത്തിയുള്ള വീടും വിദ്യാലയവും എന്ന പരിപാടി സംഘടിപ്പിച്ചു .

**3. എ. എൽ. പി സ്കൂൾ കണിയാരം**

വിദ്യാലയതലത്തിൽ വിവിധ മേളകൾ സംഘടിപ്പിച്ചു. പരിസ്ഥിതി ക്ലബ്ബ്, നല്ലപാഠം, സീഡ് എന്നിവയുടെ ആഭിമുഖ്യത്തിൽ ശീതകാല പച്ചക്കറി കൃഷിക്ക് തുടക്കമായി.

**4. സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ**

വിവിധ ദിനാചരണങ്ങൾ സംഘടിപ്പിച്ചു. വിദ്യാലയതല മേളകൾ നടത്തി. വിവിധ ഉപജില്ലാതലമത്സരങ്ങളിൽ നേട്ടങ്ങൾ കരസ്ഥമാക്കി. നല്ലപാഠം പ്രവർത്തകർ നെൽകൃഷി പരിപാലനത്തിന്റെ ഭാഗമായി നെല്ലിലെ കളകൾ നീക്കം ചെയ്ത് ജൈവവളം നൽകി.

**5. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ പോരൂർ**

2022-23 അധ്യയനവർഷത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള മാതൃഭൂമിയുടെ സീഡ് പുരസ്കാരം ഏറ്റുവാങ്ങി. വിദ്യാലയതല കലാമേള നടത്തി.

**6. സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ**

വിവിധ വിദ്യാലയമേളകൾ സംഘടിപ്പിച്ചു. ശുചിത്വമിഷന്റെ ഭാഗമായി പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തെക്കുറിച്ച് ബോധവത്കരണ ക്ലാസ്സ്നടത്തി. ഗാന്ധിജയന്തിദിനത്തിൽ വിദ്യാലയവും പരിസരവും വൃത്തിയാക്കി.

**7. സെന്റ് മാർട്ടിൻസ് എൽ. പി സ്കൂൾ ഒണ്ടയങ്ങാടി**

വിദ്യാർത്ഥികളുടെ കലാപരവും കായികപരവുമായ കഴിവുകൾ മാറ്റുരയ്ക്കുന്നതിനായി വിവിധ മേളകൾ സംഘടിപ്പിച്ച. ഗാന്ധിജയന്തി വാരാചരണം വ്യത്യസ്തങ്ങളായ പരിപാടികളോടെ നടത്തപ്പെട്ടു.

**8. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ വാഴവറ്റ**

വിദ്യാർത്ഥികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട് കണ്ണ് പരിശോധന നടത്തി. സ്പോൺസർഷിപ്പിലൂടെ ലഭിച്ച ദിനപത്രത്തിന്റെ വിതരണോദ്ഘാടനം നിർവഹിച്ചു. ഗാന്ധിജയന്തിദിനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും പൂന്തോട്ടം നിർമ്മിക്കുകയും ചെയ്തു.

**9. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ ഏലപ്പീടിക**

അധ്യാപകദിനം സമുചിതമായി ആചരിച്ചു. പി.ടി.എ യുടെ സഹകരണത്തോടെ വിദ്യാലയത്തിൽ പച്ചക്കറി കൃഷിയും പൂന്തോട്ട നിർമാണവും ആരംഭിച്ചു.

**10. പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി**

ഓസോൺദിനത്തിന്റെ ഭാഗമായി പോസ്റ്റർ നിർമാണ മത്സരം നടത്തുകയും ബോധവത്കരണക്ലാസ്സ് നൽകുകയും ചെയ്തു. വിദ്യാലയ പരിസരത്ത് പൂച്ചെടികൾ നട്ടുപിടിപ്പിച്ചു. വിവിധ ദിനാചരണങ്ങൾ സംഘടിപ്പിച്ചു. വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ വിജയം കരസ്ഥമാക്കി. ഉപജില്ലാതലമേളകൾക്കായി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു.

**യു. പി വിഭാഗം**

**1. സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ**

ജില്ലാതല സംസ്കൃത സ്കോളർഷിപ്പ്പരീക്ഷയിൽ വിദ്യാർത്ഥികൾ റാങ്കുകൾ കരസ്ഥമാക്കി. സ്കൂൾ കായികമേള, ശുചിത്വ മിഷൻ ബോധവത്കരണ ക്ലാസ് എന്നിവ സംഘടിപ്പിച്ചു. ഗാന്ധിജയന്തിദിനം അഴകോടെ തവിഞ്ഞാൽ എന്ന പേരിൽ സേവനദിനമായി ആചരിച്ചു.

**2. സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ**

വിദ്യാർത്ഥികൾക്കായി വിവിധ മേളകൾ സംഘടിപ്പിച്ചു. സാമൂഹ്യശാസ്ത്രമേളയിലെ പുരാവസ്തുശേഖരണം മാടക്കുന്ന് പ്രദേശത്തിന്റെ സാംസ്കാരിക പൈതൃകം വിളിച്ചോതുന്നതായിരുന്നു.

**3. സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ**

വിദ്യാലയതലത്തിൽ വിവിധ മേളകൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികളെ ഉപജില്ലകായികമേളയിൽ പങ്കെടുപ്പിച്ചു. മലയാള മനോരമയുടെ വായനക്കളരിക്ക് തുടക്കമായി.

**4. സെന്റ് മേരീസ് എ. യു. പി സ്കൂൾ കബനിഗിരി**

വിവിധ ദിനാചരണങ്ങൾ സംഘടിപ്പിച്ചു. ശുചിത്വ കേരള മിഷന്റെ നേതൃത്വത്തിൽ ബോധവത്കരണക്ലാസ്സ് നടത്തി. പഞ്ചായത്തുതലത്തിൽ നടത്തിയ മത്സരത്തിൽ വിജയം നേടി. ഗാന്ധി ജയന്തി ദിനഘോഷത്തിന്റെ ഭാഗമായി കബനിഗിരി ടൗണും പരിസരവും വൃത്തിയാക്കി. വിവിധമേളകൾ സംഘടിപ്പിച്ചു .

**5. അസംപ്ഷൻ എ. യു. പി സ്കൂൾ ബത്തേരി**

നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി കോളനികൾ സന്ദർശിച്ചു. നിപ ബോധവത്കരണക്ലാസ്സ് നൽകി. ജില്ലാതല സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയിൽ അഭിമാനാർഹമായ നേട്ടം കൈവരിച്ചു. വിവിധ ദിനാചരണങ്ങൾ സമുചിതമായി നടത്തപ്പെട്ടു. വായനയുടെ ലഹരി പൊതുജനങ്ങളിലേക്ക് പകരുകയെന്ന ലക്ഷ്യവുമായി ബസ്സ്റ്റാന്റിൽ ലൈബ്രറിയൊരുക്കി. എന്റെ ജീവിതം എന്റെ നാട്ടിലെന്ന സ്റ്റുഡന്റ്സ് കൗൺസിൽ പ്രോജക്ടിന്റെ ഭാഗമായി വിവിധ തൊഴിൽ മേഖലകളെ പരിചയപ്പെടുത്തി. ഇതിന്റെ ഭാഗമായി സെമിനാറുകൾ, സിംമ്പോസിയങ്ങൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കപ്പെട്ടു.

**6. സെന്റ് തോമസ് എ. യു. പി സ്കൂൾ മുള്ളൻകൊല്ലി**

വിവിധ ദിനാചരണങ്ങൾ സംഘടിപ്പിച്ചു. വിദ്യാലയതല മേളകൾ നടത്തപ്പെട്ടു. വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ അഭിമാനകരമായ വിജയം നേടി. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി നിർദ്ധന വിദ്യാർത്ഥികൾക്ക് വസ്ത്രങ്ങൾ വിതരണം ചെയ്തു.

**7. അമ്പായത്തോട് യു. പി സ്കൂൾ**

വിദ്യാലയത്തിൽ പുതിയതായി ആരംഭിച്ച സ്കൗട്ട് യൂണിറ്റിന്റെ ഉദ്ഘാടനവും വിദ്യാർത്ഥികളുടെ ചിഹ്നദാന ചടങ്ങും

സംഘടിപ്പിച്ചു. വിദ്യാലയത്തിൽ ജൈവ പച്ചക്കറിത്തോട്ടം നിർമ്മിച്ചു.

**8. സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ**

ഓസോൺദിനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി മത്സരങ്ങൾ സംഘടിപ്പിച്ചു. വാഹനയാത്രികർക്ക് ലഘുലേഖകൾ നൽകി ബോധവത്കരണം നടത്തി. സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയിൽ ഉപജില്ലാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി പാഴ്ത്തുണികൾ ഉപയോഗിച്ച് ചവിട്ടി, ഡസ്റ്റർ എന്നിവ നിർമിക്കാൻ പരിശീലനം നൽകി. ശുചിത്വമിഷന്റെ ഭാഗമായി ഏകദിന സെമിനാർ നടത്തി. വിവിധ മേളകൾ സംഘടിപ്പിച്ചു. ഗാന്ധിജയന്തിദിനം സമുചിതമായി ആചരിച്ചു. വിവിധതലങ്ങളിൽ നടത്തിയ മത്സരങ്ങളിൽ വിദ്യാർത്ഥികൾ മികച്ച വിജയം നേടി. സീഡിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ക്രീയേറ്റീവ് ഫെസ്റ്റ് സംഘടിപ്പിച്ചു.

**9. സെന്റ് ജോസഫ്സ് യു. പി സ്കൾ കല്ലോടി**

വിദ്യാലയതല കായികമേളയും കലാമേളയും സംഘടിപ്പിച്ചു. ഗാന്ധിജയന്തിദിനം വിവിധ പരിപാടികളോടെ ആചരിച്ചു. വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ അഭിമാനകരമായ വിജയങ്ങൾ കരസ്ഥമാക്കി. പ്രീ പ്രൈമറി കലോത്സവം നടത്തി. സുഗമ ഹിന്ദി പരീക്ഷയിൽ വിദ്യാലയം 100 ശതമാനം വിജയം കരസ്ഥമാക്കി.

**10. സെന്റ് മേരീസ് എ. യു. പി സ്കൂൾ തരിയോട്**

വിദ്യാലയതല കലാമേളയും കായികമേളയും സംഘടിപ്പിച്ചു. വൈത്തിരി ഉപജില്ലാതല കായികമേളയിൽ എൽ. പി വിഭാഗം ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. വിവിധതലങ്ങളിൽ നടത്തിയ മത്സരങ്ങളിൽ വിദ്യാർത്ഥികൾ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു.

**11. സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ പാടിച്ചിറ**

വിവിധ ദിനങ്ങൾ സമുചിതമായി ആചരിച്ചു. സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കി. വിദ്യാലയതലത്തിൽ കായികമേളയും കലാമേളയും സംഘടിപ്പിച്ചു. ജില്ലാതല ബാസ്ക്കറ്റ് ബോൾ ടീമിൽ അംഗമാകാൻ അർഹത നേടിയ വിദ്യാർത്ഥിയെ ആദരിച്ചു . ഗാന്ധിജയന്തിദിനത്തിൽ വിദ്യാലയവും പരിസരവും വൃത്തിയാക്കി.

**12. എ. യു. പി സ്കൂൾ ദ്വാരക**

ഗാന്ധിജയന്തിദിനം സമുചിതമായി ആചരിച്ചു. വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ദേശീയതല ജൂജിത്സു മത്സരത്തിൽ പങ്കെടുക്കാൻ വിദ്യാർത്ഥി അർഹതനേടി. ഉപജില്ലാ ജില്ലാതല കായികമേളയിൽ അഭിമാനാർഹമായ നേട്ടം കൈവരിച്ചു. മാനന്തവാടി ഉപജില്ലാതല വിദ്യാരംഗം സർഗോത്സവത്തിൽ വിദ്യാലയം ഓവറോൾ കിരീടം നേടി.

**13. ടി. ടി. ഐ മാനന്തവാടി**

സംസ്ഥാനാധ്യാപക കലോത്സവത്തിൽ സംഘഗാനത്തിന് എ ഗ്രേഡ് കരസ്ഥമാക്കി. കലാമേളയുടെയും തനത് പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം നടത്തപ്പെട്ടു. ഉപജില്ലാതലത്തിൽ വിവിധ മത്സരങ്ങളിൽ അഭിമാനകരമായ വിജയങ്ങൾ നേടി. വിദ്യാലയങ്കണം സൗന്ദര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി പൂച്ചെടികൾ നട്ടുപിടിപ്പിച്ചു. DELED പുതിയ ബാച്ചിന് തുടക്കമായി. പ്രീപ്രൈമറി വിദ്യാർത്ഥികൾക്കായി വരയുത്സവം സംഘടിപ്പിച്ചു.

**14. സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ കൊമ്മയാട്**

വിദ്യാർത്ഥികൾക്കായി കലാമേളയും കായികമേളയും സംഘടിപ്പിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**1. ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം**

അധ്യാപകദിനത്തോടനുബന്ധിച്ചു പൂർവ അധ്യാപക സംഗമം നടത്തി. സംസ്ഥാന അവാർഡ് നേടിയ ഹരികുമാർ സാറിനെ ആദരിച്ചു. വിവിധ വിദ്യാലയതലമേളകൾ സംഘടിപ്പിച്ചു. വിവിധ ഉപജില്ലാതല മേളകളിൽ നേട്ടങ്ങൾ കൈവരിച്ചു. പത്താം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി വിനോദയാത്ര സംഘടിപ്പിച്ചു.

**2. സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

വിവിധ ഉപജില്ലാ ജില്ലാതല മേളകളിൽ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ അഭിമാനകരമായ നിരവധി നേട്ടങ്ങൾ കരസ്ഥമാക്കി.

**3. സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

വിവിധ ദിനാചരണങ്ങൾ സമുചിതമായി സംഘടിപ്പിച്ചു. മാനന്തവാടി ഉപജില്ലാ കായികമേളയിലും വിദ്യാരംഗം സർഗോത്സവത്തിലും മികവാർന്ന നേട്ടങ്ങൾ കരസ്ഥമാക്കി. ഗാന്ധിജയന്തി ദിനത്തിൽ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് പൊതുവിടങ്ങൾ വൃത്തിയാക്കി. വയനാട് ജില്ലാതല സംസ്കൃത ദിനാചരണം

വിദ്യാലയത്തിൽവെച്ചു നടത്തപ്പെട്ടു.

**4. ഐ. ജെ. എം ഹൈസ്കൂൾ കൊട്ടിയൂർ**

വിവിധ ദിനാചരണങ്ങൾ സമുചിതമായി നടത്തപ്പെട്ടു. വിദ്യാലയതല കലാമേള, കായികമേള എന്നിവ സംഘടിപ്പിച്ചു. വിവിധ ഉപജില്ലാ മേളകളിൽ വിദ്യാർത്ഥികൾ പങ്കെടുക്കുകയും നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു. സ്കൗട്ട് ഗൈഡ് പ്രസ്ഥാന ത്തിൽ പുതിയ തായി ചേർന്ന വിദ്യാർത്ഥികളുടെ ഇൻവെസ്റ്റിച്ചർ സെറിമണി നടത്തി. ഗാന്ധിജയന്തിദിനത്തിൽ വിദ്യാർത്ഥികൾ ക്കായി വിവിധ മത്സരങ്ങൾ നടത്തി.

**5. നിർമല ഹൈസ്കൂൾ കബനിഗിരി**

ഒൻപതാം ക്ലാസ്സിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കായി യൂണിറ്റ് ക്യാമ്പ് സംഘടിപ്പിച്ചു. പോയന്റ് സ്റ്റാർ പരിപാടിയുടെ ഭാഗമായി മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാർത്ഥികളെ ആദരിച്ചു. ഉപജില്ലാതലത്തിൽ വിവിധ മത്സരങ്ങളിൽ അഭിമാനാർ ഹമായ നേട്ടങ്ങൾ സ്വന്തമാക്കി. വിദ്യാലയ കായികോത്സവം നടത്തി.

**6. സി. കെ. എച്ച്. എസ് മണിമൂളി**

വിദ്യാർഥികളിൽനിന്നും കാരുണ്യ ഫണ്ടിലേക്ക് ലഭിച്ച തുക രോഗികളെ സഹായിക്കുന്നതിനായി നൽകി. വിവിധ ക്ലബ്ബ്കളുടെ ആഭിമുഖ്യത്തിൽ വിദ്യാലയത്തിൽ പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഔഷധ സസ്യത്തോട്ടം എന്നിവ നിർമിച്ചു. മണിമൂളി ടൗൺ പ്ലാസ്റ്റിക് വിമുക്തമെന്ന ലക്ഷ്യത്തോടെ സ്കൗട്ട് ഗൈഡ് ജെ. ആർ. സി വിദ്യാർത്ഥികൾ ശുചീകരണപ്രവർത്തനങ്ങൾ നടത്തി. സയൻസ് ക്ലബ്ബ് വിദ്യാർത്ഥികൾക്കായി LED ബൾബ് നിർമാണ ശില്പശാല നടത്തി. ശാസ്ത്ര ഗവേഷണങ്ങൾ നേട്ടങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ശില്പശാല നടത്തി.

**7. അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

പി. ടി. എ യുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ അധ്യാപകദിനം സമുചിതമായി ആചരിച്ചു. വിവിധ ദിനാചരണ ങ്ങൾ സംഘടിപ്പിച്ചു. വിദ്യാലയതല കായികമേള നടത്തപ്പെട്ടു.

**8. സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

വിവിധ ഉപജില്ലാതല മത്സരങ്ങളിൽ വിദ്യാർത്ഥികൾ വിജയി കളായി. വിദ്യാലയത്തിലെ ലാപ്ടോപ് വിതരണത്തിന്റെ ഉദ്ഘാ ടനം നിർവഹിക്കപ്പെട്ടു.

**ഹയർ സെക്കണ്ടറി വിഭാഗം**

**1. സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

വിദ്യാലയതല കായികമേള സംഘടിപ്പിച്ചു. വിദ്യാർത്ഥികളെ ഉപജില്ലാതലമത്സരത്തിൽ പങ്കെടുപ്പിക്കുകയും മൂന്ന് വിദ്യാർത്ഥികൾ ജില്ലാതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു ഗാന്ധിജയന്തിദിനത്തിൽ സ്കൗട്ട് ഗൈഡ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിദ്യാലയവും പരിസരവും ശുചീകരിച്ചു. രക്തദാന ദിനസന്ദേശവുമായി NSS വോളണ്ടിയേഴ്സ് റാലി നടത്തി. ഇമ്പ്രൂമെന്റ് പരീക്ഷയ്ക്കായി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി. ഡിസാസ്റ്റർ മാനേജ് മെന്റ് ക്ലബ്ബിലെ വിദ്യാർത്ഥികൾക്കായി ട്രെയിനിങ് നൽകി.

**2. സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

NSS യൂണിറ്റിന്റെ നേതൃത്വത്തിൽ ഹരിതകാമ്പസ് പ്രവർത്തനങ്ങളുടെ ഭാഗമായി പച്ചക്കറിത്തോട്ടം നിർമിച്ചു. സ്കൗട്ട് ഗൈഡ് യൂണിറ്റുകൾ ക്ളീൻ ക്യാമ്പസ് പ്രോഗ്രാം നടത്തി. പ്ലസ് ടൂ വിദ്യാർത്ഥികൾക്ക് ഇമ്പ്രൂവ്മെന്റ് പരീക്ഷയ്ക്കായി പ്രത്യേക പരിശീലനം നൽകി.

**3. സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

വിദ്യാലയത്തിലെ പ്രകൃതിദുരന്തനിവാരണ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പരിശീലന ക്ലാസ്സ് നടത്തി. ലഹരിവിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു. NSS പ്രവർത്തനങ്ങളുടെ ഭാഗമായി വീൽചെയർ സമ്മാനിച്ചു. മാറുന്ന തൊഴിൽ സാധ്യതകളെക്കുറിച്ചു സെമിനാർ നടത്തി. കൽപ്പറ്റ എം. എൽ. എ വിദ്യാലയത്തിന് പത്ത് ലക്ഷം രൂപ കമ്പ്യൂട്ടർ വാങ്ങുന്നതിനായി നൽകി.

**4. ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

സംസ്ഥാനതല സംസ്കൃത അധ്യാപക അവാർഡ് നേടിയ അധ്യാപകനെ ആദരിച്ചു. മാനന്തവാടി ഉപജില്ലാ കായികമേളയിലും ജില്ലാതല കായികമേളയിലും നേട്ടങ്ങൾ കൈവരിച്ചു. ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. സേവനദിനത്തിൽ പൊതുവിടങ്ങൾ വൃത്തിയാക്കി. വിദ്യാലയത്തിൽ പച്ചക്കറി കൃഷി ആരംഭിച്ചു.

**5. ഐ. ജെ. എം ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

വിദ്യാലയതല കായികമേള സംഘടിപ്പിക്കുകയും ഉപജില്ലാതലത്തിൽ മികച്ച വിജയം കൈവരിക്കുകയും ചെയ്തു. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുകയെന്ന

ലക്ഷ്യത്തോടെ മക്കളെ അറിയാൻ എന്ന പേരിൽ ക്ലാസ് സംഘടിപ്പിച്ചു. കുട്ടികളുടെ മാനസിക ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി KNOW MY SELF ക്ലാസ് നടത്തി.

ഈ അധ്യയനവർഷം അതിന്റെ രണ്ടാം ഘട്ടത്തിലേക്ക് കടന്നിരിക്കുമ്പോൾ വിദ്യാർത്ഥികളുടെ കായികവും കലാപരവുമായ കഴിവുകളെ പ്രകടിപ്പിക്കുവാനുള്ള മത്സരവേദികൾ അവർക്കായി കാത്തിരിക്കുകയാണ്. എല്ലാതലങ്ങളിലും എല്ലായിടങ്ങളിലും നന്നായി പ്രശോഭിക്കാൻ അംഗീകാരങ്ങൾ നേടിയെടുക്കാൻ മത്സരാർത്ഥികൾക്ക് കഴിയട്ടെ. ആശംസകൾ.

സ്നേഹപൂർവ്വം,
**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ




# Bishop's Programme

**November 2023**

1 Wednesday:..........Manimooly: Ordination
Deacon Akhil Ondukattil OFm Cap.
4 Sat - 7 Tue:..........Gorakhpur: Episcopal Ordination of
Bishop-elect Msgr. Mathew
Nellikkunnel CST
12 Sunday:..............Kengeri
13 Monday:............Bishop's House: Reception to Priests
Celebrating Jubilee of Priestly Ordination
14 Tuesday:.............Kayyunny:
Sacred Heart School Anniversary
16 Thursday:...........Kallody: FCC Vestition
18 Saturday:............Mullenkolly: Couples ' Meet
20 Monday:.............Mullenkolly: Blessing of school
21 Tuesday:............Priests' Conference
22 Wednesday:.......Morning: Deacons' Parents Meet
Afternoon: MMC Home Day
25 Saturday:............Malome: Ordination of Deacon Nikhil
George Joseph Paruvananickal SJ
26 Sunday:..............Blessing of SABS Provincial House Annexe
28 Tuesday:.............Kenichira: Infant Jesus School Anniversary

## *Auxiliary Bishop's Programme*




**November 2023**

2 Tuesday:................ Pathenpara: Holy Mass

4 Saturday:............... Town Church: Charitable Trust Meeting

5 Sunday:..................Barnassery: Holy Mass

6 Monday:................. Kuppayakode: Ordination
Dn Tijo Moolayil OFM Cap.

11 Saturday:..............Thalipadam: Mathruvedi Meeting

12 Sunday:................ Benefactors' Day

13 Monday:............. Reception to Priests Celebrating Jubilee of Priestly Ordination

18 Sat-20 Mon:........Chennai

21 Tuesday:............. Priests' Conference

22 Wednesday:......... Morning: Deacons' Parents' meet
: Afternoon: MMC Home Day

23 Thursday:............ Thoduvetty: Special School Jubilee

25 Saturday:............. Morning: Kalpeta: Baptism
: Afternoon: Theneri:
Blessing of Renovated Madhbhaha